പുസ്തകം 9 ലക്കം 7
ജൂൺ 2019
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

*Eka Thathwa*

മാസിക



# ശ്രീ. മുക്കം ഭാസിയുടെ പുതിയ പുസ്തകം
# എന്റെ അഭിനയ സ്മരണകൾ
## ഡോ. എം. എൻ കാരശ്ശേരി പ്രകാശനം ചെയ്തു

മുക്കം: സിനിമാപ്രവർത്തകനും എഴുത്തുകാരനു മായ മുക്കം ഭാസിയുടെ പുതിയ പുസ്തകം 'എന്റെ അഭിനയ സ്മരണകൾ' പ്രകാശനം ചെയ്തു. ഗൃഹാങ്കണത്തിലൊരുക്കിയ വേദിയിൽ നൂറുകണക്കിനാസ്വാധകരുടെ സാന്നിദ്ധ്യത്തിൽ ഡോ. എം. എൻ കാരശ്ശേരി പ്രകാശനം നിർവ്വഹിച്ചു. നാടകകൃത്തും സംവിധായകനുമായ ശ്രീ. വിശ്വം കെ. അഴകത്തിന്റെ മകനും സിനിമാസംവിധായകനുമായ ശ്രീ. രാഹുൽ ആദ്യപ്രതി ഏറ്റുവാങ്ങി. എഴുത്തുകാരൻ ശ്രീ. സുരേഷ് തെക്കീട്ടിൽ പുസ്തകം പരിചയപ്പെടുത്തി. മുക്കം ഭാസി എന്ന നാടകനടനേക്കാൾ കലാസാംസ്കാരിക പ്രവർത്തകനേക്കാൾ ഉന്നതിയിൽ അദ്ദേഹത്തിലെ എഴുത്തുകാരൻ സ്ഥാനമുറപ്പിക്കുന്നു എന്ന സത്യം പറയാതെ പറയുന്ന ഈ കൃതി അക്ഷരങ്ങളുടെ ശക്തി എത്രയാണെന്ന് ബോദ്ധ്യപ്പെടുത്തുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഏക തത്ത്വ പത്രാധിപർ ശ്രീ. ഇ. ടി. മുരളീധരൻ അദ്ധ്യക്ഷനായി. ശ്രീമതി. കാഞ്ചനാ കൊറ്റങ്ങൽ, ശ്രീ. രജീഷ് കാളികാവ്, ശ്രീ. എൻ. കെ. അബ്ദുറഹിമാൻ, ശ്രീ. സുന്ദരൻ മാസ്റ്റർ, ശ്രീ. കൂമ്പാറ ബേബി, ഡോ. മനോജ്, ശ്രീ. മാവൂർ വിജയൻ, ഡോ. ബിന്ദു ജയകുമാർ, ശ്രീ. മുക്കം ബാലകൃഷ്ണൻ, ശ്രീ. കൊല്ലാർകണ്ടി ഗോപാലൻ, സിന്നി ദേവരാജ്, ശ്രീമതി. ഭാനുമതി, ശ്രീ. കെ. പി. വിജയൻ, ശ്രീ. മുക്കം സലീം, ശ്രീ. ശേഖരൻ ചാത്തോത്തിന്റെ സഹോദരൻ ശ്രീ. അനിൽ ചാത്തോത്ത്, ശ്രീ. മുക്കം വിജയൻ, ശ്രീ. സുധാകരൻ മാസ്റ്റർ, ശ്രീ. എം. ഗോവിന്ദൻ കുട്ടി, ശ്രീ. ജയൻ പുതുമന, ശ്രീ. ഇ. എൻ. നാരായണൻ തുടങ്ങി നിരവധിപേർ ആശംസയറിയിച്ചു. മൗനപ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിന് ശ്രീ. ടി. വി. നാരായണൻകുട്ടി സ്വാഗതവും ശ്രീ. മുക്കം ഭാസി മറുമൊഴിയും ശ്രീ. ഉണ്ണി വിശ്വനാഥ് നന്ദിയും പ്രകാശിപ്പിച്ചു. ശ്രീ. കൂമ്പാറ ബേബിയും ശ്രീ. ഇ. എൻ. നാരായണനും കവിതകൾ ആലപിച്ചു. ശ്രീ. വി. കെ. എം. നായർ, ശ്രീ. ടി. കെ. ഉണ്ണികൃഷ്ണൻ, ശ്രീമതി. ഇന്ദു മാരാത്ത്, ഏക തത്ത്വ മാനേജിംഗ് എഡിറ്റർ ശ്രീമതി. ബിന്ദു. കെ തുടങ്ങി ഏക തത്ത്വ കുടുംബാംഗങ്ങളേയും മുക്കത്തെ സഹൃദയരേയും ബന്ധുമിത്രാദികളേയും കൊണ്ട് സമ്പുഷ്ടമായ സദസ്സും കൂടിയായപ്പോൾ ചടങ്ങ് പ്രൗഢഗംഭീരമായി.

**ഏക തത്ത്വ പുസ്തകപ്രകാശനം 2019 മെയ് 11**
**സമയം 3.30 മുതൽ 6 വരെ മുക്കം വേദിയിൽ...**




*ഫോട്ടോയിൽ ഇടത്തുനിന്ന്: ശ്രീ. ഇ. ടി. മുരളീധരൻ, ശ്രീ. ജയൻ പുതുമന, ശ്രീമതി. കാഞ്ചനാ കൊറ്റങ്ങൽ, ഡോ. എം. എൻ. കാരശ്ശേരി, ശ്രീ. മുക്കം ഭാസി, ശ്രീ. രാഹുൽ, ശ്രീ. സുരേഷ് തെക്കീട്ടിൽ, ഡോ. ബിന്ദു ജയകുമാർ*

₹ 15

# ഏക തത്ത്വ

## മാസിക

പുസ്തകം 9 ലക്കം 7
ജൂൺ 2019

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**

**വരിസംഖ്യ പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**



# ഉള്ളടക്കം

**ലേഖനം**
7 – വേണ്ട മക്കളേ കൊലപാതക രാഷ്ട്രീയം – അശോപ്പി ചേർത്തല
8 – ഭൗതിക ആത്മീയ സിദ്ധാന്തങ്ങൾക്കൊരാമുഖം – വി. കെ. എം. നായർ
11 – ഗൃഹവൈദ്യം – അഥിനി ഗോപിനാഥ്
12 – അരങ്ങത്ത് നിന്നും അടുക്കളയിലേക്ക് – ഇ. എൻ. നാരായണൻ
22 – എന്തുകൊണ്ട് ഇന്ത്യ ഒരു വികസിത രാഷ്ട്രം ആകുന്നില്ല – ഡോ. സുനീത് മാത്യു
32 – വീണ്ടും വിനീതമായ ഒരഭ്യർത്ഥന – എം. എം. മേനോൻ

**കഥ**
13 – മൊതല് – വിനോദ് ചെത്തല്ലൂർ
17 – കുഞ്ഞുവും പൊന്നുവും – നന്ദന . കെ
19 – വേഷം കെട്ടൽ – ഇ. ടി. മുരളീധരൻ
21 – തെക്കീട്ടിൽ കഥകൾ – സുരേഷ് തെക്കീട്ടിൽ
27 – ആപ്പ് – ജനാർദ്ദനൻ പി. വണ്ടാഴി
28 – ലീലാതിലകം – എം. ഡി. രാജേന്ദ്രൻ
30 – ദാനം – പരുത്തിപ്പുള്ളി രാധാകൃഷ്ണൻ
31 – നീ ചെയ്യേണ്ടത് – ടി. കെ. ഉണ്ണികൃഷ്ണൻ
36 – ഒരു അച്ഛന്റെ മരണം – അർച്ചന മേനോൻ സച്ചിൻ
37 – കുറുപ്പിന്റെ മരണം – രാജേഷ് ജി. കരിങ്കപ്പാറ
37 – അഞ്ച് ഒറ്റവരിക്കഥകൾ – രാജു പാമ്പാടി
38 – കൊഴിഞ്ഞ ഇതളുകൾ – പ്രേം മധുസൂദനൻ
39 – തഥാസ്തു – അജയ് ബാലചന്ദ്രൻ
40 – അമ്മ – ടി. വി. ഹരികുമാർ
40 – നാൽക്കവല, ഇരുട്ട് – ഉല്ലല ബാബു
41 – എങ്കിലും കുഞ്ഞാടേ – സൈനുദീൻ മുണ്ടക്കയം

**കവിത**
16 – ദൈവത്തിന്റെ തടവറ – അബ്ദുറബ്ബ് പറളി
23 – പത്തുവിരലുകളുള്ള പാദങ്ങൾ – മലയാമ്പള്ളം ശങ്കരൻകുട്ടി
25 – നിഴൽപ്പാടുകൾ – രജീഷ് കാളികാവ്
29 – മുൾക്കിരീടം – ശ്രീലേഖ
30 – ചെറുകവിതകൾ – പ്രമോദ് പുനലൂർ
36 – വജ്രം – ജലജാപ്രസാദ്
39 – പകർന്നാട്ടം – മാമ്പുള്ളി രാജീവ് ബാലകൃഷ്ണൻ
42 – മടക്കയാത്ര – ജിനു .പി

**ഗായകരത്നങ്ങൾ**
14 – മലയാള സിനിമാപിന്നണിഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ – ടി. വി. നാരായണൻകുട്ടി

**ആരോഗ്യം**
16 – നവജാതശിശുക്കൾക്കും കുട്ടികൾക്കും ഉണ്ടാകാവുന്ന ചില പ്രധാന രോഗങ്ങൾ – ഡോ. സി. രാമകൃഷ്ണൻ

**വിജ്ഞാനച്ചെപ്പ്**
18 – കടമ്പ അല്ലാത്ത പത്താം തരം – ഡോ. ഒ. സി. പ്രമോദ്

**പാചകം**
19 – ഇടിച്ചക്ക പൊടിത്തൂവൽ, ചക്കദോശ – ജയ ചന്ദ്രൻ

**കാഴ്ച്ചപ്പുറങ്ങൾക്ക(ഇ)പ്പുറം**
20 – തിരക്കിനിടയിലും – രാജേന്ദ്രൻ വയല

**ഓർമ്മച്ചിത്രങ്ങൾ**
24 – മുക്കത്തിന്റെ മുഴക്കം – മുക്കം ഭാസി

**പൊതുവിജ്ഞാനം**
25 – പൊതുവിജ്ഞാനം – നൗഷാദ് ഖാൻ

**സ്മരണ**
26 – കുഞ്ഞായിട്ടുരമിയ്ക്കാൻ തോന്നിയ കവിയോ എൻ ഗുരുനാഥൻ – മുരളീധർ കൊല്ലത്ത്

**അനുഭവം**
38 – നേരിൽ – രത്നകുമാരി എൻ

**ദൈവനാമത്തിൽ**
42 – നാം ഒന്നാണ് – മുഹമ്മദ് കനി



# വീണ്ടും വന്നു...

## ഇ. ടി. മുരളീധരൻ

പരീക്ഷ കഴിഞ്ഞു, റിസൽട്ടും വന്നു. പരീക്ഷയിൽ പാസ്സായവർ പുതിയ ക്ലാസ്സുകളിലെത്തി. തോറ്റവർ പുതിയ പാഠങ്ങൾ ഉൾക്കൊണ്ടു. തലേന്നാൾ പഠിച്ചാൽ പോരെന്ന് ചിലർ മനസ്സിലാക്കി, കോപ്പിയടിച്ചാലും (കള്ള് വോട്ട് ചെയ്താലും) ജയിക്കില്ലെന്ന് മറ്റുചിലർ മനസ്സിലാക്കി, പഠിച്ചാലും (നന്നായി ഭരിച്ചാലും) ജയിക്കണമെന്നില്ലെന്ന് വേറെ ചിലർ മനസ്സിലാക്കി. പണം കൊടുത്ത് വിജയം വിലയ്ക്കു വാങ്ങാമെന്ന് മനസ്സിലാക്കിയവരുമുണ്ട്. ഇതിനെല്ലാം കാരണഭൂതനായ ദൈവത്തെ മനസ്സിലാക്കാതെ എങ്ങിനെയോ ജയിച്ചവരിൽ ചിലർ അട്ടഹസിച്ചു, തോറ്റവർ വാവിട്ടുകരഞ്ഞു, ദുഃഖം ഉള്ളിലൊതുക്കി വിതുമ്പി. ദൈവത്തോട് ചേർന്നുനിൽക്കുന്നവർ കാര്യങ്ങൾ രസകരമായി കണ്ടുമനസ്സിലാക്കി. എന്തിനാ, എങ്ങിനെയാ ജയിച്ചതെന്ന് ജയിച്ചവനും എന്തിനാ ജയിപ്പിച്ചതെന്ന് ജയിപ്പിച്ചവനും എങ്ങിനെയാ തോറ്റതെന്ന് തോറ്റവനും നിശ്ചയമില്ല. ഇതെല്ലാം നിശ്ചയമുള്ള ഒരുവനുണ്ടെന്ന് ആർക്കും ബോധ്യവുമില്ല. എല്ലാവരും അവസരവാദികളും തന്നിഷ്ടക്കാരുമായി ജീവിക്കുന്ന ഈ കാലത്ത് ആദർശാധിഷ്ഠിത ജീവിതവും രാഷ്ട്രീയവും ആർക്കുവേണം ? സ്വന്തം കാര്യം സിന്ദാബാദ്.

ക്യാൻസർ രോഗം വന്ന് ലേസർ ട്രീറ്റ്മെന്റ് നടത്തുന്നതിനിടെ മെഷീനിൽ നിന്നും ഷോക്കടിച്ചതുപോലെയായി ജനത്തിന് ഇലക്ഷൻ ഫലപ്രഖ്യാപനം. ഒന്നുറക്കെ പറയാനാവതില്ലാതെ ഉള്ളിലൊതുക്കുകയാണ് പലതും. കുറച്ചുനാൾ കഴിയും പ്രതികരണശേഷി വീണ്ടുകിട്ടാൻ. ഇപ്പോഴത്തെ സ്ഥിതി വെച്ച് വീണ്ടുകിട്ടിയാൽ കിട്ടി എന്നേ പറയാനാകൂ. പഠിപ്പിക്കാൻ അറിയില്ലെങ്കിലും ഉറക്കെ ശകാരിക്കുന്ന അദ്ധ്യാപകന്റെ കൈയിൽ ചൂരൽ ഉണ്ട്. എന്തുചെയ്യും ? സഹിക്കുക അത്ര തന്നെ. ഈ ക്ലാസ്സിൽ പെട്ടുപോയില്ലേ. ഈ കാലഘട്ടത്തിൽ ജീവിക്കാൻ ഇവിടെവന്ന് പിറന്നുപോയില്ലേ? ഈയവസ്ഥ വരുവാനും എന്തെങ്കിലും കാരണം കാണും എന്നുകരുതി ആശ്വസിക്കാം.

മഴക്കാലം വീണ്ടും വരുന്നു. മഴ നല്ലതാണ്, ആവശ്യമുള്ളതും. എന്നാൽ ഒരു പ്രളയം വീണ്ടും വന്നാലോ ? കഴിഞ്ഞ കൊല്ലത്തെ പ്രളയകാല ഓർമ്മകൾ പലരേയും ഭീതിപ്പെടുത്തുന്നുണ്ട്. എന്നാൽ ആ പ്രളയം മൂലം രക്ഷപ്പെട്ടവരുണ്ട്. പ്രളയത്തിന്റെ പേരിൽ പണപ്പിരിവും നടത്തി രക്ഷപ്പെട്ടവർ. പിരിച്ചെടുത്ത പണം എവിടെപ്പോയി, എന്തിനെല്ലാം വിനിയോഗിച്ചു ? സുതാര്യമായ കണക്ക് ജനങ്ങളിലെത്തിക്കാൻ ഭരണാധികാരികൾക്ക് ആയില്ല. അവാർഡിനുവേണ്ടി മാത്രം ചിത്രീകരിക്കുന്ന പടത്തിന്റെ സംവിധായകൻ കരുതുന്നപോലെ... ജനം കണ്ട് മനസ്സിലാക്കിക്കൊള്ളും നമ്മുടെ പ്രവർത്തനങ്ങൾ എന്ന് കരുതിയ ഭരണത്തലവൻമാർക്ക് തെറ്റി. അതാണ് തോൽവിക്കുണ്ടായ ഒരു കാരണം.

ദൈവവിശ്വാസത്തെ പതിവുപോലെ ചോദ്യം ചെയ്തു പുരോഗമനവാദികൾ പക്ഷെ ആ രാഷ്ട്രീയ പാർട്ടിയിലുള്ള വിശ്വാസം വേണ്ടെന്നുവെച്ച് ദൈവവിശ്വാസത്തോടൊപ്പം ചേർന്നുനിന്നു അണികൾ. ഒരു വിശ്വാസത്തെ അന്ധവിശ്വാസമാണെന്ന് തെളിയിക്കാൻ കാലങ്ങൾ വേണ്ടിവരും. ചിന്തിക്കുന്ന ജനത എണ്ണത്തിൽ കുറവാണല്ലോ. കൗരവരേയും പാണ്ഡവരേയും പോലെ എതിർപക്ഷമാണല്ലോ എപ്പോഴും എണ്ണം കൊണ്ട് വലുത്. പാണ്ഡവരുടെ കൂടെ ദൈവം വന്നപ്പോൾ മറുഭാഗം നിഷ്പ്രഭരായതുപോലെ നന്മയെ ജയിക്കൂ. യുദ്ധം ഒഴിവാക്കാൻ വനവാസം വേണ്ടിവന്നേക്കാം. എന്നാലും സാരമില്ല. സാവധാനം മനസ്സിലാക്കട്ടെ ജനം. ഒരാളെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കാം പക്ഷെ ഒരു കൂട്ടം ജനത്തെ മനസ്സിലാക്കിക്കുക ബുദ്ധിമുട്ടാണ്. ഇപ്പോൾ തന്നെ മനസ്സിലാക്കിക്കൊടുക്കണം എന്നുപറഞ്ഞ് വാളെടുത്ത് നിന്നാൽ ഫലത്തേക്കാൾ ഏറെ അത് ദോഷം ചെയ്യും എന്ന് നാം കണ്ടുകൊണ്ടേയിരിക്കുന്നു, എന്നിട്ടും പഠിക്കേണ്ടവർ മാത്രം പഠിക്കുന്നില്ല. എന്തിനാണ് ധൃതി ? ക്ഷമിക്കൂ ചിലതിനെല്ലാം സമയം കൊടുക്കണം. മനസ്സിലാക്കിവരുന്നവർ സാധിക്കുന്ന നന്മകൾ ചെയ്യട്ടെ. തിന്മകളെക്കുറിച്ച് മറ്റുള്ളവരെ ബോധവാന്മാരാക്കാൻ അവർക്കേ കഴിയൂ.

ജനം ഇന്നും കുട്ടികളെപ്പോലെയാണ്, പറഞ്ഞുകൊടുത്തുകൊണ്ടേ ഇരിക്കണം. അവരായിട്ട് മനസ്സിലാക്കിയെടുക്കാൻ ശ്രമിക്കില്ല. എല്ലാമൊരു കളിതമാശയാണവർക്ക്. അതുമല്ലെങ്കിൽ ജനം വൃദ്ധൻമാരെപ്പോലെയാണ്. ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നില്ലെങ്കിൽ എല്ലാം അവർക്ക് മറന്നുപോകും. അവസാനം കേട്ടവ മാത്രമേ ഓർമ്മയിലുണ്ടാവുകയുള്ളു. അതുകൊണ്ട് ഇലക്ഷന് മുന്നിലെ പ്രകടനം ഗംഭീരമാക്കിയവർ ജയിക്കും. അവർ എന്തുചെയ്തു ഈ നാട്ടിന് എന്ന് ചിന്തിക്കില്ല. എല്ലാം കളർഫുൾ ആകണം. പഴയതെല്ലാം മറന്ന് വോട്ട് ചെയ്തോളും. പലതരം കേസുകളും കൊലപാതകങ്ങളും തിരഞ്ഞെടുപ്പ് ദിനം വരെ നാം ഉച്ചഭാഷിണിയിലൂടെ കേട്ടു, ചാനലിലെ അന്തിച്ചർച്ചകളിൽ കേട്ടു. പിന്നെ ഒരു ചായപ്പൊടിയുടെ പരസ്യവാചകം പോലെ കലക്കിയതിനുശേഷം പൊടിപോലുമില്ല കണ്ടുപിടിക്കാൻ എന്നതുപോലെയായി. എല്ലാ വിഷയവും പത്തി താഴ്ത്തി മാളത്തിലേയ്ക്ക് മടങ്ങി. ഇനി അടുത്ത ഇലക്ഷന് കേൾക്കാം. ഇതെല്ലാം ഇങ്ങിനെത്തന്നെയാണെന്ന് മനസ്സിലാക്കിയിട്ടും ജനം പതിവുപോലെ തലേന്നാളത്തെ പ്രകടനം കണ്ട് വോട്ട് രേഖപ്പെടുത്തി അവരുടെ കടമ നിർവ്വഹിച്ചു. വിശന്നുവലഞ്ഞ് ഹോട്ടലിൽ ചെന്നപ്പോൾ നമുക്ക് വേണ്ടത് ഇല്ലെങ്കിലും കിട്ടിയത് കഴിക്കുംപോലെ വോട്ടിങ്ങ് മെഷീനിലെ സ്ഥാനാർത്ഥികളുടെ പേരുകളിലൊന്നിൽ കണ്ണടച്ചു കുത്തി വേറെ ചിലർ നിവൃത്തിയില്ലാതെ. നല്ലൊരുവൻ കേന്ദ്രത്തിലെത്തിയാൽ അവിടെ ഭരണം കിട്ടില്ല. ഭരണം കിട്ടാൻ സാധ്യതയുള്ളവന് കൊടുക്കാം വോട്ട് എന്ന് കരുതുന്നവരുമുണ്ട്. എപ്പോഴും ജയിക്കുന്നവരുടെ ഒപ്പമാണ് ആളുകൾ ഉണ്ടാവുക. കാശും പണവും ഇല്ലാത്ത എത്രയോ നല്ലവരുണ്ടിവിടെ പക്ഷെ നമു

ക്കിഷ്ടം കാശുള്ളവരേയല്ലേ എന്നു ചോദിച്ചാൽ അല്ല എന്നുപറയും പക്ഷെ കാര്യങ്ങൾക്ക് അവരെ സമീപിക്കും. വടക്കഞ്ചേരിയിൽ ഒരു നാട്ടുപ്രമാണിയുണ്ട്. അദ്ദേഹത്തെ ഒന്ന് പൊക്കിവെച്ചാൽ നാട്ടുകാരുടെ വീടുകളിൽ ചെന്ന് പിരിക്കാതെ തന്നെ ഉത്സവത്തിന് പണം കിട്ടും. സംഘാടകർ അവിടെച്ചെന്ന് പണം വാങ്ങി ഉത്സവം നടത്തുക പതിവാക്കി. ഉത്സവം ഗംഭീരമാകാറുണ്ടെങ്കിലും നാടിനു മാത്രം പുരോഗതിയില്ല. ആരും അതേക്കുറിച്ച് ചിന്തിക്കുന്നില്ല. എല്ലാവരുടേയും ആത്മാർത്ഥമായ പ്രവർത്തിയിലൂടെ മാത്രമേ നല്ല മുന്നേറ്റങ്ങളും മാറ്റങ്ങളും ഉണ്ടാകുകയുള്ളു. ഭരണം മാറി മാറി വന്നിട്ടും നാട് പുരോഗമിക്കാത്തത് ജനങ്ങളായ നമ്മുടെ പങ്കാളിത്തം ഇല്ലാത്തതിനാലല്ലേ. ഭരണത്തിൽ മാറി മാറി കയറിയവർ കള്ളത്തരത്തിലൂടെ സമ്പാദിച്ചുകൂട്ടുന്നു. ജനം ഇതിനെതിരെ അല്പനേരം പ്രതികരിക്കുന്നു. എന്നിട്ട് ഇലക്ഷനാകുമ്പോൾ അവരുടെ കൈയിൽ നിന്ന് പാരിതോഷികങ്ങൾ സ്വീകരിച്ച് അതുമല്ലെങ്കിൽ കറ പുരണ്ട ആ പണം കൈപ്പറ്റി, ഭംഗിവാക്കുകളും പൊള്ളയായ ഭാവിവാഗ്ദാനങ്ങളും കേട്ട് അയാൾക്ക് വോട്ട് ചെയ്യുന്നു. പിന്നെങ്ങിനെ നമ്മുടെ നാട് നന്നാകും?

ഗാന്ധിജിയെയാണോ ഗോഡ്സെയെയാണോ ചെകുവരെയെയാണോ, അതുപോലെ ആരെയെങ്കിലും ഒരാളെ റോൾമോഡലാക്കിയിട്ട് ഓരോരുത്തരും രാഷ്ട്രീയത്തിൽ സജീവമാകണം. നാട് പുരോഗമിക്കുന്നത് കാണാം. ഇത് അങ്ങിനെയൊരു റോൾമോഡലില്ല, ലക്ഷ്യമില്ല, ആദർശമില്ല എല്ലാം താത്കാലികം. എന്റെ റിലേറ്റിവ് അതുമല്ലെങ്കിൽ വേണ്ടപ്പെട്ടവൻ എന്തുപറഞ്ഞാലും അത് പിൻതാങ്ങി അവനെ വിജയിപ്പിക്കുക, സ്വന്തം കാര്യങ്ങൾ നേടിയെടുക്കുക. പാരമ്പര്യങ്ങൾ മറന്ന് ജീവിക്കുക. ഇത് ശരിയോ ? നാമും നമ്മുടെ നാടും എങ്ങുമെത്താത്തതിനുകാരണവും ഇതുതന്നെ. ഒരു വലിയ രാഷ്ട്രീയപാർട്ടി ചെറിയ പാർട്ടിയാവുകയും പിന്നീട് ഈ ചെറിയ പാർട്ടി വലിയ പാർട്ടിയാകാനും കാരണമെന്താണ് ? സ്വാർത്ഥത നിറഞ്ഞ നേതാക്കൻമാരുടെ കൂറുമാറ്റമാണ്. ആദർശത്തിൽ ഉറച്ചുനിൽക്കുന്ന വോട്ടർമാരും കുറവാണ്. ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും ലക്ഷ്യബോധമില്ലാതെ മാറി മാറി വോട്ടുചെയ്യുന്നു. ഉറക്കെ സംസാരിക്കുന്നവന്റെ കൂടെ ആളുകൾ കൂടും. അവൻ പറയുന്നത് പൊട്ടത്തരമാണോ എന്നുപോലും ചിന്തിക്കാതെ.

നമ്മുടെ രാജ്യത്തെക്കുറിച്ച് പുകഴ്ത്തിപ്പറഞ്ഞ വിവിധ രാജ്യങ്ങളിലെ വനിതകളോട് ചോദിച്ചു നിങ്ങൾക്ക് എന്തുകൊണ്ട് ഞങ്ങളുടെ രാജ്യത്തുനിന്ന് ഒരു വിവാഹം കഴിച്ചുക്കൂടാ? അവർ പറഞ്ഞ മറുപടി - ഓ സോറി. അതെന്താ നിങ്ങളല്ലെ പറഞ്ഞത് നല്ല രാജ്യമാണെന്ന്. പിന്നെന്താ ? അത്, അതുപിന്നെ നമ്മൾ മൃഗശാലയിൽ പോകാറുണ്ട്, കുരങ്ങൻമാരെ കാണാറുണ്ട്. നല്ല രസമാണ് നോക്കിയിരിക്കാൻ എന്നുകരുതി ഏതെങ്കിലും ഒരു കുരങ്ങനെ വീട്ടിലേയ്ക്ക് വാങ്ങിക്കൊണ്ടുവരുമോ ? എല്ലാ കുരങ്ങൻമാരും ഒത്തുകൂടി കളിക്കുന്നത് കാണാൻ നല്ല കൗതുകമാണ്. അതിൽ ഒരു കുരങ്ങിനെ മാത്രം കൂടെ കൂട്ടിയിട്ടും കാര്യമില്ല. എങ്ങിനെയുണ്ട് മറുപടി ? നിയമങ്ങൾ ഉണ്ടാക്കുകയും ഉണ്ടാക്കുന്നവർ തന്നെ ലംഘിക്കുകയും ചെയ്യുന്ന നാടാണ് നമ്മുടേത്. തെറ്റുകൾ ചെയ്തശേഷം നമുക്ക് ആരാധനാലയങ്ങളിൽ ചെന്ന് പ്രായശ്ചിത്തം ചെയ്യാനൊരു വകുപ്പുള്ളതുപോലെ ചിലരെ പറ്റിക്കാൻ മാത്രമാണ് നിയമം. പണമുള്ളവനും അധികാരമുള്ളവനും എന്തുമാകാം. പണം ഉള്ളവരുടെ അട്ടഹാസങ്ങൾ കൂടുന്നു. തീരെ ഇല്ലാത്തവർ ഒന്നുമാലോചിക്കാതെ അടിമകളെ മാതിരി ജീവിക്കും. ആലോചനയുള്ള മധ്യവർഗ്ഗം നശിക്കും. അതിന് അധികം താമസമില്ലതാനും. ഇനി സ്വന്തം ബുദ്ധിയും സംതൃപ്തിയും ഒന്നും ആവശ്യമില്ല. അതുകൊണ്ട് വലിയ കാര്യവുമില്ല. ആദർശവാനെ ആവശ്യമില്ല ഏതെങ്കിലും മൾട്ടിനാഷണൽ കമ്പനിയിൽ കയറി ക്രിയാത്മക ചിന്തകൾ വെടിഞ്ഞ് അവർ പറയുന്ന പണികൾ ചെയ്യുക. അത്രയേ നിവൃത്തിയുള്ളു. അവശേഷിക്കുന്ന ചെറിയ സ്ഥാപനങ്ങളെല്ലാം അധികം വൈകാതെ പൂട്ടും, ഉടമകളെല്ലാം ഇനി ജീവിക്കാൻ വേണ്ടി വമ്പൻമാരുടെ കടകളിൽ എടുത്തുകൊടുക്കാൻ നിൽക്കേണ്ടിവരും. അതുകൊണ്ടുതന്നെ ബുദ്ധിയുടെ ആവശ്യം കുറയും. നാട് അധഃപതിക്കും വരെ ഈ മാറ്റത്തെ കൈയ്യടിച്ച് പ്രോത്സാഹിപ്പിക്കും ജനത്തിന് ഇതെല്ലാം അനിവാര്യം.

വായനക്കമടിക്കുന്ന നിങ്ങൾ എന്തെങ്കിലും ഒരു സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നുണ്ടോ ? വളരെ അപൂർവ്വം പേരെ അങ്ങിനെ സ്ഥാനമാനങ്ങൾ ആഗ്രഹിക്കാറുള്ളു. ഭൂരിപക്ഷം ആളുകളും ചുമതലകൾ എടുക്കാൻ തയ്യാറല്ലാത്തവരാണ്. കാരണം ഇതാണ് സുഖം. എന്തെങ്കിലുമൊന്ന് ആളാകാൻ പറഞ്ഞാൽ മതി, ഉത്തരവാദിത്വമില്ല. നന്നാക്കാൻ ശ്രമിക്കുകയും വേണ്ട കാരണം നേതാവല്ലല്ലോ. എല്ലാം നേതാവിന്റെ തലയ്ക്ക് വെച്ച് സുഖമായി നടക്കുക. ഉദാഹരണങ്ങൾ നോക്കുക. നമ്മൾ പലപ്പോഴും നമ്മൾ താമസിക്കുന്ന കോളനിയിലെ പ്രസിഡണ്ടിനെ, സെക്രട്ടറിയെ, ഭാരവാഹികളെ കുറ്റപ്പെടുത്താറുണ്ട്. പക്ഷെ അവർ ഒഴിയാമെന്ന് പറഞ്ഞാലും നിങ്ങൾ ആ പദവി ഏറ്റെടുക്കുമോ ? ഇല്ല കാരണം നിങ്ങൾക്കറിയാം സത്യങ്ങൾ പക്ഷെ ആളാവാനും മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റാനുമുള്ള പ്രതികരണങ്ങളാണ് നിങ്ങൾ നടത്തുന്നത്. അല്ലാത്തപക്ഷം സ്ഥാനം ഏറ്റെടുത്തോ അല്ലാതെയോ അവരെ സപ്പോർട്ട് ചെയ്യുകയല്ലേ വേണ്ടത്. ഇതുപോലെയാണ് നമ്മൾ രാജ്യഭരണ കാര്യങ്ങളിലും. മാറിനിന്ന് നിലവിളിക്കും, കുളം കലക്കിക്കൊണ്ടേയിരിക്കും. നിവൃത്തിയില്ലാതെ നേതാവായവന് എങ്ങോട്ട് തിരിഞ്ഞാലും കുറ്റം. അലകളൊഴിഞ്ഞ് കപ്പൽ ഓടിക്കാൻ പറ്റില്ലല്ലോ. ഒടുവിൽ അദ്ദേഹവും തോന്നിയതുമാതിരി ഭരണം കൊണ്ടുപോകും അത്രമാത്രം. ഞാൻ പറഞ്ഞുവരുന്നത് ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുക, നല്ലതിനെ പ്രോത്സാഹിപ്പിക്കുക, തിന്മയെ ശക്തമായി എതിർക്കുക. ഇതിന് രണ്ടിനുമാകില്ലെങ്കിൽ പ്രതികരിക്കാതെ ജീവിക്കുക. ഇടയ്ക്കും തലയ്ക്കും പ്രതികരിക്കാതിരിക്കുക. ലക്ഷ്യപ്രാപ്തിവരെ പ്രതികരിക്കാനാവില്ലെങ്കിൽ വെറുതെ പ്രതികരിച്ചിട്ട് സമയം കളയണോ ?

ഈയിടെ ഉണ്ടായ ഒരു സംഭവം പറയാം. മുക്കം ഭാസിമാഷിനെ കണ്ട് മടങ്ങുമ്പോൾ കോഴിക്കോടുനിന്ന് പതിവായി ബസ്സിലാണ് പാലക്കാട്ടേയ്ക്ക് മടങ്ങാറ്. എന്നാൽ ഈയടുത്ത ഒരുദിവസം പതിവുപോലെ ഭാസിമാഷിനെ കണ്ട് മടങ്ങുമ്പോൾ കിട്ടിയത് ഒരു എക്സ്പ്രസ് ട്രെയിനാണ്. ജനറൽ കംപാർട്ടുമെന്റിൽ കയറി. നിന്നുതിരിയാൻ സ്ഥലമില്ല. ടോയ്‌ലറ്റിന്റെ അടുത്ത് ദുർഗന്ധവും സഹിച്ച് നിന്നു. ഇരുവശത്തും കയറാനും ഇറങ്ങാനുമുള്ള വാതിലിലൂടെ ആളുകളുടെ ഉന്തും തള്ളും. മൂന്നുപേർ നിലത്ത് ഇരിപ്പുണ്ട്. എല്ലാം സഹിച്ച് ഇരിപ്പാണ്. കുറച്ചുദൂരം ചെന്നപ്പോൾ ഒരാൾ എഴുന്നേ

റ്റ് ടോയ്‌ലറ്റിൽ കയറി. കുറച്ചുകഴിഞ്ഞപ്പോൾ അടുത്ത ആളും എഴുന്നേറ്റ് അതേ ടോയ്‌ലറ്റിൽ കയറി. അല്പസമയം കഴിഞ്ഞപ്പോൾ വാതിലിന്റെ വിടവിലൂടെ സിഗരറ്റിന്റെ പുക അസഹ്യമായപ്പോൾ ഡോർ മുട്ടി തുറപ്പിച്ച് ഒരുവൻ പറഞ്ഞു സിഗരറ്റ് വലിക്കരുത്. ഇല്ല വലിക്കില്ല എന്നുപറഞ്ഞ് ഡോർ അല്പം തുറന്നുവെച്ചു. ബാക്കി പുകകൂടി പുറത്തേയ്ക്ക് വന്നു. താഴെ ഇരുന്ന മറ്റൊരു വിദ്വാനും എഴുന്നേറ്റ് അടുത്ത ടോയ്‌ലറ്റിൽ കയറി വാതിലടച്ചു. ആദ്യത്തെ ടോയ്‌ലറ്റിന്റെ അല്പം തുറന്നിരുന്ന വാതിലിലൂടെ ഞാൻ അകത്തേയ്ക്ക് നോക്കി. നല്ല വൃത്തിയായി ക്രമീകരിച്ചിട്ടുള്ള ഇന്ത്യൻ റെയിൽവേയുടെ ടോയ്‌ലറ്റ് പക്ഷെ അതിനകത്ത് നല്ല പുകയുടെ മണം. ഇവൻമാരെ സമ്മതിക്കണം ഈ പുകയുടെ മണവും സഹിച്ച് നില്ക്കുന്നുണ്ടല്ലോ. പെട്ടെന്ന് അതിലെ ഒരാൾ വാഷ്ബേസിനിൽ കയറി പൈപ്പിനെ വളച്ച് ഇരിപ്പിടമുണ്ടാക്കി. മറ്റേയാളും അതിനോട് ചേർന്ന സ്റ്റീൽ കൊണ്ട് നിർമ്മിച്ച പ്രതലത്തിൽ കയറി ഇരുന്നു. അധികം താമസിയാതെ തന്നെ വാഷ്ബേസിൻ താഴേയ്ക്ക് വളഞ്ഞു. അവർ വാതിലടച്ചു. പിന്നെ ഒന്നും അറിഞ്ഞില്ല. വായുസഞ്ചാരമില്ലാത്ത മുറിയിൽ എങ്ങനെയാണവർ ഈ ചൂടും സഹിച്ച് ഇരിക്കുന്നത് എന്ന് ചിന്തിച്ചു. എന്തായാലും അവർക്ക് ഉന്തും തള്ളും സഹിക്കേണ്ടല്ലോ. ഞാൻ ഈ ഉന്തും തള്ളും കൊണ്ട് നില്ക്കാൻ വയ്യാതെ ഷൊർണ്ണൂരിൽ ഇറങ്ങാൻ ഒരു ശ്രമം നടത്തി. അതും സാധിക്കാതെ വന്നപ്പോൾ ചിന്ത കാടുകയറി. പാലക്കാടും ഇതുപോലെ ഇറങ്ങാൻ കഴിയാതെ വന്നാൽ പിന്നെ കോയമ്പത്തൂർ പോയി വേണം ഇറങ്ങാൻ. ഇറങ്ങിയ ഉടൻ അധികൃതർ ടിക്കറ്റ് ചെക്ക് ചെയ്താൽ കാര്യങ്ങൾ കുഴപ്പത്തിലാകും. പാലക്കാടുവരെയല്ലേ ടിക്കറ്റ് എടുത്തിട്ടുള്ളു. എങ്കിലും വേറെ നിവൃത്തിയില്ല. അവിടെ നിറയെ ആളുകൾ ഇറങ്ങുന്നുണ്ടെന്ന് സംസാരത്തിനിടയിൽ മനസ്സിലായി. എന്തായാലും പാലക്കാടിറങ്ങാൻ ഒന്ന് ശ്രമിച്ചുനോക്കണം എന്ന് ചിന്തിച്ചുനിൽക്കുമ്പോൾ എന്റെ മുന്നിലുള്ള പയ്യന്റെ മുഖത്തെ ക്ഷീണവും പേടിയും ഞാൻ വായിച്ചെടുത്തു. അവനോട് ഞാൻ ചോദിച്ചു - എവിടേയ്ക്കാണ് ? അവനും കോയമ്പത്തൂരിലേയ്ക്കാണ്. പക്ഷെ അവൻ പറഞ്ഞു പാലക്കാട് ഇറങ്ങാനായാൽ ഞാൻ ഇറങ്ങും. ഇങ്ങിനെ യാത്ര ചെയ്താൽ ഈ ഉന്തിലും തള്ളിലും ചിലപ്പോൾ മരിച്ചുപോകും. ഏറ്റവും ചുരുങ്ങിയത് വാരിയെല്ല് പൊട്ടാം. എനിക്ക് പാലക്കാടിറങ്ങാൻ ഒരു കൂട്ടായി. ഞാൻ അവനോട് പറഞ്ഞു പാലക്കാടിറങ്ങാൻ കഴിയുകയാണെങ്കിൽ ഞാൻ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽ വിടാം. അതുകേട്ടപ്പോൾ അവനും സന്തോഷമായി. ഞങ്ങൾ രണ്ടുപേരും പരിശ്രമിച്ചുപുറത്തിറങ്ങി തിരിഞ്ഞുനോക്കി അത്ഭുതപ്പെട്ടു. ടോയ്‌ലറ്റിന്റെ ഗ്ലാസ് പൂർണ്ണമായും തകർത്തിരിക്കുന്നു. ഇതിനകത്തുണ്ടായിരുന്ന രണ്ടുപേരെവിടെപ്പോയി. കൗതുകം കൊണ്ട് എത്തിനോക്കി. രണ്ടുപേരും ക്ലോസറ്റിനുമുകളിൽ സുഖമായി ബോധം കെട്ട് ഉറങ്ങുന്നു, തൊട്ടടുത്ത് മദ്യക്കുപ്പിയും. രണ്ടുപേർക്ക് മാത്രമായി ഒരു ക്യാബിൻ. ഉന്തും തള്ളുമില്ലാതെ സുഖമായി മദ്യപിച്ച് അവർ ഉറങ്ങുന്നു. റെയിൽവേയുടെ ഗ്ലാസ്സും പോയി വാഷ് ബേസിനും പോയി. എന്നിലെ പ്രതികരണശേഷി ഉണർന്നു. വേഗം ചെന്ന് അടുത്തുള്ള എഞ്ചിൻ ഡ്രൈവറെ കാര്യമറിയിച്ചു. ഡ്യൂട്ടി മാറിപ്പോകുന്നവനും പുതിയതായി ഡ്യൂട്ടിയ്ക്ക് കയറിയവനും ഒന്നും ചെവിക്കൊണ്ടില്ല. അവർ പറഞ്ഞു സി.ആർ.പി.എഫിനെ അറിയിക്കാൻ. വണ്ടി നീങ്ങുമ്പോഴേയ്ക്കും ഞാൻ ഓടിച്ചെന്ന് ഒരു സി.ആർ.പി.എഫുകാരനോട് കാര്യം പറഞ്ഞു. അവരും അത് കാര്യമാക്കിയില്ല. ട്രെയിനവിടെ എത്തുമ്പോഴേയ്ക്കും ആരെങ്കിലും അവരെ പിടിച്ചോളും എന്ന് മറുപടി ലഭിച്ചു. ആകെ ഒരു നിരാശ. എന്തുചെയ്യണം എന്നറിയാതെ ഞങ്ങൾ സ്റ്റേഷനിൽ നിന്നും പുറത്തേയ്ക്കുള്ള പടവുകൾ കയറി. ഫ്ളൈഓവറിലൂടെ നടക്കുമ്പോൾ ഒരു ടി.ടി.ആറിനെ കണ്ടു. ഞാൻ ചോദിച്ചു - ഈ ട്രെയിനിലാണോ വന്നത് ? അദ്ദേഹം പറഞ്ഞു - അതെ, ഡ്യൂട്ടി കഴിഞ്ഞുപോവുകയാണ്. അദ്ദേഹത്തോട് ഈ കാര്യം പറഞ്ഞു. അദ്ദേഹത്തിന്റെ മറുപടിയും തൃപ്തികരമല്ലായിരുന്നു. ഞാൻ കൂടെയുണ്ടായിരുന്നവനോട് പറഞ്ഞു ഇതാണ് നമ്മുടെ ഇന്ത്യയും ഇന്ത്യയിലെ സാധാരണ മുതൽ ഉന്നതങ്ങളിലുള്ളവരുടെ ഉത്തരവാദിത്വങ്ങളും ദേശ സ്നേഹവും. വണ്ടിയ്ക്ക് ചക്രമുണ്ടോ എന്ന് നോക്കാൻ സമയമില്ലാത്ത ഡ്രൈവറുമാരുള്ള കാലം. സ്റ്റേഷനിൽ പാർക്കുചെയ്ത ടൂവീലറിൽ ഞാൻ അവനേയും കൊണ്ട് കെ. എസ്. ആർ. ടി. സി ബസ് സ്റ്റാന്റിലേക്ക് യാത്ര തിരിച്ചു. വഴിമദ്ധ്യേ വിജനമായ സ്ഥലത്തുവെച്ച് ആ അപരിചിതൻ എന്നോട് ചോദിച്ചു - സാറ് എന്ത് ധൈര്യത്തിലാണ് ഒരു പരിചയവുമില്ലാത്ത എന്നെ ഈ വണ്ടിയിൽ കയറ്റി കെ. എസ്. ആർ. ടി. സിവരെ കൊണ്ടുപോകുന്നത്. ഞാൻ നിങ്ങളെ അപായപ്പെടുത്തി കടന്നുകളഞ്ഞാലോ ? എന്താവും സ്ഥിതി ? റെയിൽവേ സ്റ്റേഷൻ സംരക്ഷകർ പോലും പ്രതിയേ നേരിട്ടുകാണിച്ചുകൊടുത്തിട്ടും നടപടിയെടുക്കാത്ത ഈ കാലത്ത് ഈ വിജനമായ സ്ഥലത്ത് നിങ്ങളെ ഞാനപായപ്പെടുത്തിയാൽ എന്നെ ആര് പിടിക്കാനാ ? അതിനു മറുപടിയായി ഞാൻ പറഞ്ഞു - ആളുകളെ കാണുമ്പോൾ തന്നെ അവരെക്കുറിച്ച് മനസ്സിലാക്കാൻ ദൈവമെനിക്ക് കഴിവ് തന്നിട്ടുണ്ട്. സത്യത്തിന്റെ കൂടെ സഞ്ചരിക്കുന്നവർക്ക് ഒന്നിനേയും പേടിക്കേണ്ടതില്ല. അവനെ ബസ് സ്റ്റാന്റിൽ ഇറക്കിവിട്ട് ഞാൻ വീട്ടിൽ എത്തി. ഈ സംഭവം വീട്ടിൽ പറഞ്ഞപ്പോൾ വീട്ടിലുള്ളവർ എന്നോട് കയർത്തുകയറി. നീ എന്തിനിതിനെല്ലാം കയറി പ്രതികരിക്കുന്നു ? ആ കുടിയൻമാരോ ആ അപരിചിതനോ വല്ലതും ചെയ്താലോ ? വാദിയേ പ്രതിയാക്കുന്ന കാലമാണ്, കലികാലമാണ്. കഴിഞ്ഞ ദിവസം കഞ്ചാവ് കടത്തുന്നു എന്ന് വിവരം കൊടുത്തവനെ വെട്ടിക്കൊന്ന വാർത്ത നീ വായിച്ചില്ലേ ? കാലം വളരെ മോശമാണ്, നാടും. നീ എന്തിന്... ആ നീ എന്തിന് എന്നതിൽ ഒരുപാട് കാര്യങ്ങൾ പറയാതെ പറയുന്നുണ്ട്. നീയെന്തിന്, നീമാത്രമെന്തിന് എന്ന് കേട്ട് നിർജ്ജീവമായവരാണ് ഇന്ന് ഇവിടെ കൂടുതൽ. ഉത്തരവാദിത്വവും ആദർശവും വെടിഞ്ഞ് ആണും പെണ്ണുമല്ലാതെ ജീവിച്ച് മണ്ണടിയാൻ പോകുന്നവർ. മരണം ഒരു പ്രാവശ്യമല്ലേ സംഭവിക്കു. സഹജീവിയെ, പൊതുമുതലിനെ, നന്മയേ സംരക്ഷിക്കാനെങ്കിലും ഒന്ന് പ്രതികരിക്കേണ്ടേ നാം ?

പുതിയ അദ്ധ്യയന വർഷത്തിൽ വീണ്ടും വന്നു അദ്ധ്യാപകരും കുട്ടികളും. അതുപോലെ നിയമസിരാകേന്ദ്രങ്ങളിൽ വന്നു ആ ഭരണാധികാരി വീണ്ടും. പാഠങ്ങൾ പുതിയതായിരിക്കും പക്ഷെ പഠിക്കണം. അതിനാണല്ലോ ഇരുകൂട്ടരും വന്നത്. സഹിക്കണം, ഈ ക്ലാസ്സു കഴിയാതെ അടുത്ത ക്ലാസ്സിലേയ്ക്ക് പോകുവാനാകില്ലല്ലോ. പഠിത്തം ഒരു ബോറാണ്, വേദനാജനകമാണ്. പക്ഷെ പഠിക്കാൻ വിട്ടാൽ പഠിക്കുക തന്നെ വേണ്ടേ ? ക്ലാസ്സ് കട്ട് ചെയ്ത് നടന്നാലും പഠിക്കാതിരിക്കാൻ നിവൃത്തിയില്ല. എന്നെങ്കിലും പഠിക്കേണ്ടിവരും എന്നിട്ടേ മടങ്ങാനാകൂ. ആയതിനാൽ വേഗം പഠിക്കൂ, വേഗം മടങ്ങൂ. ഈ ഭൂമിയിലുള്ള ജീവിതം ദുഃസ്സഹമാണ്.

# വേണ്ട മക്കളേ കൊലപാതക രാഷ്ട്രീയം



**അശോപ്പി ചേർത്തല**
**9388909583**

**വി**ദ്യാഭ്യാസത്തിലും സംസ്കാരത്തിലും മുന്നിൽ നിൽക്കുന്നവരെന്ന് ഊറ്റം കൊള്ളുന്ന മലയാളികൾ തിങ്ങിനിറഞ്ഞ ഈ കൊച്ചുകേരളത്തിൽ അടുത്തകാലത്ത് തുടർച്ചയായി രാഷ്ട്രീയ കൊലപാതകങ്ങൾ ഏറിവരുന്നത് ഭയാശങ്കകളോടെ മാത്രമേ കാണാൻ കഴിയൂ. രാഷ്ട്രീയപ്രതിയോഗികളെ കൊല ചെയ്യുന്ന സിദ്ധാന്തത്തിന് പരിഷ്കൃത സമൂഹത്തിൽ സ്ഥാനമില്ലെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞുകഴിഞ്ഞു.

രാഷ്ട്രീയ കക്ഷികൾ ഇരുവശത്തും കുറച്ച് രക്തസാക്ഷികളെയോ ബലിദാനികളെയോ സൃഷ്ടിക്കുന്നതുകൊണ്ട് അതാത് പാർട്ടികൾക്ക് നേട്ടമുണ്ടായേക്കാം. പക്ഷേ, നഷ്ടപ്പെടുന്നത് ഭാര്യയ്ക്ക് ഭർത്താവിനെയോ, കുഞ്ഞുങ്ങൾക്ക് അച്ഛനെയോ, മാതാപിതാക്കൾക്ക് മക്കളെയോ ഒക്കെയാണ്. ചോരയ്ക്കുചോര പ്രതികാരമാകുമ്പോൾ വേദനയോടെ ഉള്ളുനീറിപ്പിടയുന്നത് അവരിൽ ആശ്രയവും പ്രതീക്ഷയും വെച്ചുപുലർത്തിയിരുന്ന മാതാപിതാക്കളുടേതാണ്.

കാസർക്കോട്ടെ പെരിയയിൽ ഇരുപത്തിനാലുകാരനായ ശരത്ലാലും പത്തൊൻപതുകാരനായ കൃപേഷും കൊല്ലപ്പെട്ടു. ചെറ്റക്കുടിലിൽ കഴിയുന്ന കൃപേഷിന്റെ വീട്ടുകാരുടെ ഏക ആശ്രയമായിരുന്നു ഈ ചെറുപ്പക്കാരൻ. അച്ഛന്റെ പ്രായമുള്ള, പെരിയ ലോക്കൽ കമ്മിറ്റി അംഗമായ എ. പീതാംബരൻ എന്ന നാൽപ്പത്തിയെട്ടുകാരനാണ് പ്രതിസ്ഥാനത്ത്. സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2016 മെയ് മാസം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉണ്ടായത് ഇരുപത് രാഷ്ട്രീയ കൊലപാതകങ്ങളാണ്. കൊല്ലപ്പെട്ടവരിൽ പതിനൊന്നുപേർ ബിജെപി - ആർ എസ് എസ് പ്രവർത്തകരാണ്.

പയ്യന്നൂരിൽ ഡി. വൈ. എഫ്. ഐ. പ്രവർത്തകൻ ധനരാജാണ് ആദ്യം കൊല്ലപ്പെടുന്ന രാഷ്ട്രീയ പ്രവർത്തകൻ. ഇരുപത് രാഷ്ട്രീയ കൊലപാതകങ്ങളിൽ രണ്ടിൽ ബി.ജെ.പിക്കാരും രണ്ടിൽ എസ്.ഡി.പി.ഐ പ്രവർത്തകരുമാണ് പ്രതികൾ. കൊല്ലപ്പെട്ടവരിൽ മൂന്നുപേർ സി.പി.എം. പ്രവർത്തകരും മൂന്നുപേർ കോൺഗ്രസ്സുകാരും രണ്ടുപേർ മുസ്ലീം ലീഗ് പ്രവർത്തകരുമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മുപ്പത്തിയാറ് രാഷ്ട്രീയ കൊലപാതകങ്ങളാണ് നടന്നത്.

എൽ.ഡി.എഫ് സർക്കാർ അധികാരത്തെത്തിയശേഷം കോട്ടയം ഈരാറ്റുപേട്ടയിൽ പാർട്ടി വിട്ടയാളെ സിപിഎം കൊലപ്പെടുത്തി. പാലക്കാട് കസബയിൽ ബി.ജെ.പി.ക്കാരൻ കൊല്ലപ്പെട്ടു. കോഴിക്കോട് കുറ്റിയാടിയിലും നാദാപുരത്തും ലീഗ് പ്രവർത്തകർ കൊല്ലപ്പെട്ടു. പ്രതിസ്ഥാനത്ത് എസ്.ഡി.പി.ഐ - സി.പി.എം പ്രവർത്തകർ. ധർമ്മടത്ത് ബി.ജെ.പി പ്രവർത്തകൻ കൊല്ലപ്പെട്ടു. പ്രതികൾ സി.പി.എം പ്രവർത്തകർ. കൂത്തുപറമ്പിൽ സി.പി.എം പ്രവർത്തകൻ കൊല്ലപ്പെട്ടു. പ്രതിസ്ഥാനത്ത് ബി.ജെ.പി പ്രവർത്തകർ. പയ്യന്നൂരിൽ സി.പി.എം പ്രവർത്തകനും ബി.ജെ.പി പ്രവർത്തകനും അടുത്തടുത്ത നാളുകളിൽ കൊല്ലപ്പെട്ടു. കണ്ണൂർ മുഴക്കുന്നിൽ ബി.ജെ.പി പ്രവർത്തകൻ സി.പി.എം.കാരാൽ കൊല്ലപ്പെട്ടു.

2017ൽ കടയ്ക്കൽ, ധർമ്മടം, ഗുരുവായൂർ, പയ്യന്നൂർ, ശ്രീകാര്യം എന്നിവിടങ്ങളിലായി അഞ്ച് ബി.ജെ.പി-ആർ.എസ്.എസ്. പ്രവർത്തകരാണ് കൊല്ലപ്പെട്ടത്. പ്രതിസ്ഥാനത്ത് സി.പി.എം - ഡി.വൈ.എഫ്.ഐ പ്രവർത്തകർ. 2018ൽ നാല് രാഷ്ട്രീയ കൊലപാതകങ്ങളാണ് നടന്നത്. എറണാകുളം മഹാരാജാസ് കോളേജിൽ എസ്.എഫ്.ഐ പ്രവർത്തകനെ കൊലപ്പെടുത്തിയത് എസ്.ഡി.പി.ഐ പ്രവർത്തകരാണ്. ന്യൂമാഹിയിലും പേരാവൂരിലും രണ്ടു ബി.ജെ.പി.ക്കാരും മട്ടന്നൂരിൽ യൂത്ത് കോൺഗ്രസ് ബ്ലോക്ക് സെക്രട്ടറിയും കൊല്ലപ്പെട്ട കേസുകളിൽ പ്രതിസ്ഥാനത്ത് നില്ക്കുന്നത് സി.പി.എം.കാരാണ്. ഇപ്പോഴിതാ 2019 ഫെബ്രുവരി ആയപ്പോൾ തന്നെ രണ്ടു കൊലപാതകങ്ങൾ നടന്നിരിക്കുന്നു. ഇനിയെത്ര ?

മേൽപ്പറഞ്ഞ കൊലപാതകങ്ങളിലെല്ലാം നഷ്ടപ്പെട്ടത് കുടുംബങ്ങളുടെ അത്താണിയാണ്. രാഷ്ട്രീയപ്പാർട്ടികൾക്ക് ഒരു നഷ്ടവുമില്ല. അവർക്ക് ഭാവിയിൽ രക്തസാക്ഷികളും ബലിദാനികളുമാകാനുള്ള പ്രവർത്തകർ വേറേ കിടക്കുന്നു. ആർക്കും ഇഷ്ടമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുവാനുള്ള അവകാശവും സ്വാതന്ത്ര്യവുമുണ്ട്. പക്ഷേ, അത് എതിർ ചേരികളെ ഉന്മൂലനം ചെയ്തുകൊണ്ടാവരുത്. പ്രതിപക്ഷബഹുമാനത്തോടെ രാഷ്ട്രീയമര്യാദകൾ പാലിച്ചുകൊണ്ടുള്ള പ്രവർത്തനം സ്വീകരിക്കപ്പെട്ടുകൊള്ളും. അതുകൊണ്ട് ചോരത്തിളപ്പുള്ള യുവത്വം ആവേശത്തോടെ നാട്ടിൻപുറങ്ങളിലും കലാലയങ്ങളിലും രാഷ്ട്രീയ പ്രവർത്തനം നടത്താനൊരുങ്ങുമ്പോൾ അവരിൽ ആശ്രയം വെയ്ക്കുന്ന മാതാപിതാക്കൾക്ക് ഒറ്റവാക്യത്തിൽ ആവശ്യപ്പെടാം - വേണ്ട മക്കളേ കൊലപാതകരാഷ്ട്രീയം !

# ഭൗതിക ആത്മീയ സിദ്ധാന്തങ്ങൾക്കൊരാമുഖം

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച...)

(രണ്ടാം ഭാഗം)



**വി. കെ. എം. നായർ**
**0491 2501782, 9497504782**

**ആ**ത്മീയവാദികൾ ആത്മാവ് (Soul) എന്ന ആശയത്തിനാണ് മുഖ്യത്വം കല്പിച്ചിട്ടുള്ളത്. ആത്മാവ് അനിർവചനീയമാണെങ്കിലും, വ്യക്തി ബോധത്തിൽ നിന്ന് ഉരുത്തിരിയുന്ന ചിന്തയും ആശയവുമെല്ലാം ആത്മാവിന്റെ ഭാഗമായാണ് ആത്മീയവാദികൾ കാണുന്നത്. ആത്മീയവാദികളെ സംബന്ധിച്ചിടത്തോളം വസ്തു (matter) ആത്മാവിൽ നിന്നാണ് ഉരുത്തിരിയുന്നത്. ആത്മാവുമായി ബന്ധപ്പെടുത്തി മാത്രമേ വസ്തുവിനെ കാണാനും വിലയിരുത്താനും സാധ്യമാവൂ.

ആത്മാവാണ് പ്രപഞ്ചത്തിനാധാരം എന്ന് വിശ്വസിക്കുന്ന ആത്മീയവാദികളിൽ രണ്ട് കൂട്ടരുണ്ട്. പ്രപഞ്ചത്തിനാധാരമായ ആത്മാവ് മനുഷ്യനിൽ കുടി കൊള്ളുന്നത് മനുഷ്യാവബോധത്തിലും, ഇന്ദ്രീയാനുഭൂതിയിലും ആശയസംവേദനത്തിലൂടെയുമാണെന്ന് വിശ്വസിക്കുന്ന കൂട്ടർ, ആത്മാവ് ബ്രഹ്മമാണ്, ബ്രഹ്മമെന്നത് ഒരുപരിപൂർണ്ണ (Absolute) സങ്കൽപ്പമാണ്, ബ്രഹ്മത്തിനപ്പുറം മറ്റൊന്നുമില്ലായെന്ന് വിശ്വസിക്കുന്ന വരാണ് മറ്റൊരു കൂട്ടർ. ബ്രഹ്മമെന്തെന്നറിയാൻ ഉപാധികളില്ല, ഉപാധികൾ കല്പിക്കാറില്ല, പരിപൂർണ്ണമായും വ്യക്തിബാഹ്യസങ്കല്പം അറിയാൻ ജ്ഞാന, ഭക്തി, കർമ്മമാകാം എന്ന് മാത്രം.

ബ്രഹ്മത്തിനെ കാണാനാവില്ല, ബ്രഹ്മൻ അഗോചരമാണ്, സനാതനമാണ്, അമാത്യമാണ്, അചഞ്ചലമാണ്, അനിർവചനീയമാണ്. എന്താണ് ബ്രഹ്മം എന്ന ചോദ്യത്തിന് 'ഇതല്ല', 'ഇതല്ല' എന്ന നിഷേധാർത്ഥ രൂപത്തിലേ മറുപടി പറയാനാവു. ഈ നിഷേധ സൂചകം കൊണ്ട് ബ്രഹ്മം ഒന്നുമല്ലായെന്ന അർത്ഥം ദ്യോതിപ്പിക്കുന്നില്ല. ബ്രഹ്മന് ദ്വൈത ഭാവമില്ല. പരിപൂർണ്ണ ബോധമാണ്. ബ്രഹ്മം സത്യമാണ് ബ്രഹ്മം അസത്യവും ബ്രഹ്മം തന്നെ. യാഥാർത്ഥ്യ അയഥാർത്ഥ്യങ്ങൾ അടങ്ങിയതാണ് ബ്രഹ്മം. കാര്യവും കാരണവും ബ്രഹ്മം തന്നെ. 'It is the ultimate intelli gent cause for everything.' ബ്രഹ്മനെക്കുറിച്ചുള്ള ഉപനിഷത്ത് സങ്കല്പത്തിനെ ആശ്രയിച്ചാണ് ആത്മീയവാദികൾ എല്ലാം വസ്തു (matter) ഉൾപ്പടെ കാണുന്നത്. വസ്തുവും വസ്തുവിന്റെ പ്രതിബിംബവും ബ്രഹ്മമാകുമ്പോൾ ദ്വൈതഭാവം ഇല്ലാതാകുന്നു. വസ്തുവും ബ്രഹ്മമാകുമ്പോൾ ആത്മീയ ഭൗതിക വ്യത്യാസം അപ്രത്യക്ഷമാകുന്നു. ആത്മീയധിഷ്ഠിത ഭൗതിക ജീവിതം അർത്ഥപൂർണ്ണമാകുന്നു.

ആത്മീയ ഭൗതിക ദ്വൈത ഭാവം തന്നെ ശരിയല്ലായെന്നാണ് അഭിജ്ഞമതം. ഒരേ തത്ത്വത്തിന്റെ ഇരുവശങ്ങളായി വേണം ഇതിനെ കാണാനും വിലയിരുത്താനും.

'They are based on one philosophical principle and proceed from one premise' എന്നാണ് A. P. Sheptulin പോലുള്ള ഭൗതികവാദികൾ പോലും പറയുന്നത്. (Marxist Leninist Philosophy - Page 21) ഭൗതികവും ആത്മീയവും ഉപേക്ഷിച്ച് മൂന്നാമതൊരു സിദ്ധാന്തം തേടി പോയവർ പോലും ബോധമാണ് (ജ്ഞാനം) എല്ലാത്തിനും അടിസ്ഥാനമെന്ന തത്ത്വത്തിലാണ് ചെന്നെത്തിയിട്ടുള്ളത്. ജ്ഞാന സംബന്ധമായ നിഗമനങ്ങൾ സമഗ്ര അന്വേഷണത്തിന് അർഹമാണ്.

ഭൂരിപക്ഷത്തിന്റെ സാമ്പത്തിക ദുഃസ്ഥിതി അവരുടെ മുജന്മ ദുഷ്കർമ്മങ്ങളോടും വിധിയോടും ദൈവത്തോടും അടുപ്പിക്കുന്ന പ്രചാരം ഒരു കോണിൽ നടക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. സാമ്പത്തിക സ്ഥിതി ചൂഷണം ചെയ്യുന്നവരാണ് ഇതിന്റെ പിന്നിൽ. മതമൗലികവാദികളും പൊള്ളയായ മതേതരവാദികളും, ഭൗതികവാദികളിൽ ചിലരും ഇതിന്റെ ഭാഗമാണ്. മതഭ്രാന്തും, കക്ഷിഭ്രാന്തും ഒത്തുചേരുമ്പോൾ കുടില തന്ത്രങ്ങൾ കണ്ടുപിടിച്ച് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ എന്നെന്നും അവഗണിച്ച് മാറ്റിനിർത്തുക എന്നതാണ് ഈ കുതന്ത്രശിരോമണികളുടെ സമീപനം. രണ്ടുകൂട്ടർക്കും, മതഭ്രാന്തൻമാർക്കും മതേതരവാദികൾക്കും, ജനാധിപത്യവ്യവസ്ഥയിൽ അവരുടെ പ്രാധാന്യം ചോർന്നു പോകരുത് എന്ന ദുരുദ്ദേശവും ഇതിന്റെ പിന്നിലുണ്ട്. ജനലക്ഷങ്ങൾ മതങ്ങളുടെ സംഘടനാശക്തിയിലും ആത്മീയ മേലങ്കിയിലും ഭ്രമിച്ച് മതാനുയായികളായി തുടരുന്നു. ഭൗതികവാദികൾക്കാണെങ്കിൽ, അവരുടെ ഗുണ്ടാ പട എന്തിനും ഏതിനും തയ്യാറായി നില്ക്കുന്ന അവസരത്തിൽ, ആരുടെ എതിർപ്പും കഷണം, കഷണമായി വെട്ടിനുറുക്കി എറിയപ്പെടുമെന്ന ഭയം കൃത്രിമമായി സൃഷ്ടിക്കാൻ കഴിയുന്നു. ചൂഷണം രണ്ടുവിധത്തിലും രണ്ടുകൂട്ടരും തുടരുമ്പോൾ ഒതുക്കപ്പെട്ട ജനം അവരുടെ വിപ്ലവവീര്യം ഇല്ലാതാക്കി, ഏതുവിധവും കഴിഞ്ഞുകൂടാൻ ബാദ്ധ്യസ്ഥരാക്കപ്പെടുന്നു. മതേതരത്വം പ്രസംഗിക്കുകയും തിരഞ്ഞെടുപ്പ് കാലത്ത് മതവിശ്വാസികളുടെ കാലുപിടിക്കുകയും ചെയ്യുന്ന കൂട്ടരാണ് മതേതരവാദികൾ. മതത്തിലോ, ജാതിയിലോ, ദൈവത്തിലോ വിശ്വാസമില്ലായെന്ന് ദൃഢസ്വരത്തിൽ പ്രഖ്യാപിക്കാൻ കഴിയാത്ത ഭൗതികവാദികൾ

എന്നും ജനത്തിന് ആപത്ത് ക്ഷണിച്ചുവരുത്തുന്നവരാണ്. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ അടിമകളായി കാണാനാണ് ഇവരുടെ ആഗ്രഹം. ജാതി, മത, രാഷ്ട്രീയ ഹിപ്പോക്രാറ്റ്സുകളെ പ്രതിരോധിക്കാൻ ആയുധം കൈയ്യിലേറ്റേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സ്വയരക്ഷയ്ക്ക് മറ്റ് മാർഗ്ഗങ്ങളൊന്നുമില്ലാതാകുമ്പോൾ വിപ്ലവമാർഗ്ഗം ഉചിതം തന്നെ. അഴിമതിയും ജാതിമത കക്ഷിപ്രീണനവും രാഷ്ട്രീയാതിപ്രസരവും അനീതിയും വാഴുന്ന നാട്ടിൽ വിപ്ലവ മാർഗ്ഗമല്ലാതെ മറ്റെന്ത് മാർഗ്ഗമാണ് ഉചിതം ?

അറിവ് സംബന്ധമായ ആത്മീയവാദം പൂർണ്ണമായും അറിവ് സമ്പാദനത്തിനെ ആശ്രയിച്ചാണിരിക്കുന്നത്. ബുദ്ധി വൈഭവത്തിൽ വൈവിദ്ധ്യം ഉണ്ടെന്നത് സംശയാതീതമാണ്. അല്പബുദ്ധിയുള്ള അധികാരക്കൊതിയന്മാർ പോലും സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക മതപരമായ കാരണങ്ങളാൽ ഉയരങ്ങളിലെത്താറുണ്ട്. അതേസമയം പ്രതിഭകളെ ചവുട്ടിക്കുഴച്ചരച്ച് ഓടകളിലേയ്ക്ക് എറിയുന്നതും നാട്ടുനടപ്പു തന്നെ. ഇത് സാംസ്കാരികാധപതനത്തിന്റെ പ്രത്യക്ഷ തെളിവാണ്. മന്ത്രി തിരുമണ്ടൻ എന്നാരെങ്കിലും പറഞ്ഞാൽ വൺ, ടു, ത്രീ അടുത്ത ദിവസം അയാളുടെ ശവശരീരം പോലും കാണാത്തവിധം അപ്രത്യക്ഷമാകും. വിദ്യാവിഹീനനും വിദ്യാവിരോധിയുമാണെങ്കിലും പയറ്റുമുറയിലൊരു അഭിനവഭീമൻ ആണെന്ന് പ്രശംസിച്ചാൽ കക്ഷിയിൽ നല്ലൊരു സ്ഥാനം ഉറപ്പുവരുത്താം. ജാതിയും മതവും ധനവും പാരമ്പര്യവുമെല്ലാം ഒത്തുവരുകയാണെങ്കിൽ മുഖ്യമന്ത്രിവരെയാകാം. ഇതാണ് ഇന്നത്തെ ഭാരതീയസാമൂഹ്യ സാംസ്കാരികാവസ്ഥ. ഈ പശ്ചാത്തലത്തിൽ അറിവിന്റെ സ്ഥാനം ഊഹിക്കാമല്ലോ !

അറിവെന്നാൽ ഇന്നത്തെ അർത്ഥം 'അഴിമതി'യിൽ സ്പെഷ്യലൈസ് ചെയ്ത് ഡിഗ്രി സമ്പാദിച്ച് ഏറ്റവും വേഗത്തിൽ ധനവാനാകുക, അതോടൊപ്പം അധികാര കസേരയിൽ കയറി ഇരിക്കാനുള്ള സാമർത്ഥ്യവും സമ്പാദിക്കുക എന്നതായി മാറിയിരിക്കുന്നു.

രാജ്യത്തിന്റെ സാംസ്കാരിക, സാങ്കേതിക, ശാസ്ത്രീയ നിലവാരം ഉയരണമെങ്കിൽ ബൗദ്ധിക നിലവാരം പൊതുവായി ഉയരണം. പ്രതിഭകൾ എല്ലാ തുറയിലും കടന്ന് കയറാനുള്ള സ്ഥിതി സംജാതമാകണം. പ്രതിഭകൾക്കുള്ള ബൗദ്ധിക നിലവാരം, അവരുടെ വീക്ഷണം ഉയരത്തിലാക്കുന്നു. ഉൾക്കാഴ്ച ശക്തമാകുമ്പോൾ സാമൂഹ്യ, സാങ്കേതിക പ്രശ്നങ്ങൾ ഇല്ലാതാകുന്നു. പ്രതിഭകൾക്ക് യാഥാർത്ഥ്യബോധം ശക്തമാണ്. പ്രതിഭയെന്നാൽ അതിമാനുഷിക ശക്തിയുടെ, യുക്തിയുടെ ഇരിപ്പിടമാണ്. പ്രതിഭ ചുറ്റിലും കാണുന്നതെല്ലാം വ്യക്തിബാഹ്യമായ (Objective fashion) രീതിയിലായിരിക്കും. വ്യക്തിനിഷ്ഠമായതുപോലും വ്യക്തി ബാഹ്യമാക്കാനുള്ള അത്ഭുതശക്തിയുള്ളവരാണ് പ്രതിഭകൾ. പ്രതിഭകളെ കൂട്ടമായി എതിർക്കുന്ന അല്പശിരോമണികളും അപകർഷതാബോധക്കാരും ചെന്നായ്ക്കളെ പോലാണ്, സംഖ്യാതലത്തിൽ അവർ പ്രതിഭകളെ തോല്പ്പിക്കുന്നു. അതും നാട്ടുനടപ്പുതന്നെ.

ഭൗതിക വാദികൾ നാട്ടിന്റെ ബൗദ്ധികനിലവാരം ഉയർത്താൻ ശ്രമിച്ചുകാണുന്നില്ല. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ഉയർത്തെഴുന്നേൽപ്പ് എന്ന പേരിൽ ബുദ്ധികുറഞ്ഞ ജനവിഭാഗത്തെ സംഘടിപ്പിച്ചു ശക്തിനേടാനാണ് ശ്രമിക്കുന്നത്. സംഘടനാ ബലമാണ് ശക്തിയെന്ന അബദ്ധ ധാരണ എങ്ങനെയോ അവരുടെ മനസ്സിൽ രൂഢമൂലമായതുപോലാണ് അവരുടെ പ്രവർത്തി. മാത്രവുമല്ല, അവരുടെ അഭിപ്രായത്തിൽ പ്രതിഭകളുടെ വീക്ഷണം തലതിരിഞ്ഞ മട്ടിലാണെന്നും അതിന് പൊതുസ്വഭാവം ഉണ്ടായിരിക്കില്ലായെന്നുമുള്ള പ്രചാരണവും നടത്താറുണ്ട്. അപകർഷതാരോഗം പിടിപെട്ടാൽ ആരിലും കുറ്റം കണ്ടുപിടിച്ച് കുറ്റം ചാർത്തുക, സ്വയം കുറ്റക്കാരല്ല, മിടുക്കന്മാരാണെന്ന് സ്ഥാപിക്കാൻ വ്യർത്ഥ ശ്രമം നടത്തുക, എന്നതാണ് രോഗലക്ഷണം. ഇതൊരു ആഗോളപ്രതിഭാസമായി കരുതാം.

ആത്മീയാന്വേഷണം ബൗദ്ധിക തലത്തിൽ നടത്തുന്നതിനെ ഭൗതികവാദികൾ എന്നും എതിർത്തിരുന്നു. ഇന്നും അത് തുടരുന്നു. 'ഋജുരേഖാത്മകം', 'ഏകപക്ഷീയം', 'ചൈതന്യരഹിതം', 'നിർജ്ജീവം', 'വ്യക്തിപരമായ അന്ധത' മുതലായ പദപ്രയോഗങ്ങളാണ് ഇത്തരം അന്വേഷണത്തെ പ്രതിപാദിക്കാൻ ലെനിൻ പോലും ഉപയോഗിച്ചത്. എതിർക്കാൻ വേണ്ടി എതിർക്കുക എന്നതായിരുന്നു അന്നത്തെ നയം. ആത്മീയവാദികളെ എതിർത്തില്ലാതാക്കിയാലെ ഭൗതികവാദം നിലനില്ക്കു എന്ന തെറ്റിദ്ധാരണ ഉണ്ടായിരുന്ന കാലം ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. എതിർക്കാനായ് മാർക്സിസ്റ്റുകൾ നിരത്തിയ വാദമുഖങ്ങൾ എന്തൊക്കെ ആയിരുന്നു എന്നറിഞ്ഞിരിക്കുന്നത് ഈ അവസരത്തിൽ അനുചിതമാവില്ല. വായനക്കാർക്ക് തെറ്റും ശരിയും കണ്ടുപിടിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്താൻ കഴിഞ്ഞെന്നും വരാം.

ഇന്ദ്രീയാനുഭൂതിയും, ഇന്ദ്രീയ സംബന്ധമായ അറിവും വ്യക്തിയുടെ വീക്ഷണകോണും, നാഡീവ്യൂഹ സംബന്ധമാണ്. ഇതിന് മാനസികവും മനശാസ്ത്രപരമായ ബന്ധവുമുണ്ട്. വ്യക്തിയുടെ വീക്ഷണം അദ്ദേഹത്തിന്റെ അനുഭവജ്ഞാനത്തെ ആശ്രയിച്ചുള്ളതാണ്. അദ്ദേഹം കാണുന്ന വസ്തുക്കൾ ഏത് വിധത്തിലാവും അദ്ദേഹത്തെ പ്രലോഭിപ്പിക്കുന്നു എന്നതിനെ ആശ്രയിച്ചാണ്. ഈ വീക്ഷണം പൂർണ്ണമായും വ്യക്തിനിഷ്ഠമാണ്. അതിനാൽ ഈ വീക്ഷണം അന്ധമായ, തലതിരിഞ്ഞ കാഴ്ച്ചപ്പാടാകാൻ സാദ്ധ്യതയുണ്ട്. വ്യക്തിയുടെ വീക്ഷണം, പൊതുവീക്ഷണം (സമൂഹ വീക്ഷണം) എന്ന് ചിത്രീകരിക്കുന്നതും സമർത്ഥിക്കുന്നതും അപക്വമാണ്.

ഒരു ബുദ്ധിമതിയായ വ്യക്തി ഒരു വസ്തുവിനെ, വസ്തുവാൽ ആകർഷിക്കപ്പെട്ട്, നിരീക്ഷണ വിധേയമാക്കുന്നു എന്നുകരുതുക. പല നിരീക്ഷണ പരീക്ഷണത്തിലൂടെ ആ വസ്തുവിന്റെ പൊതുസ്വഭാവം

അയാൾ ചിത്രീകരിക്കുന്നു. ഈ ചിത്രീകരണം ഒരു ശതാബ്ദം കഴിഞ്ഞ് അടുത്ത തലമുറയിലെത്താം. പക്ഷെ അപ്പോഴേയ്ക്കും വസ്തുവിന്റെ ഘടനയ്ക്കും ചിലപ്പോൾ രൂപത്തിനും തന്നെ മാറ്റം സംഭവിച്ചിട്ടുണ്ടാകാം. പൊതുജനം വിശ്വസിക്കുന്നത് നേരത്തേ നടത്തിയ നിരീക്ഷണവും വീക്ഷണവും അഭിപ്രായം സ്വരൂപിക്കലും ശരിയാണെന്നും വസ്തുവിന് സമയബന്ധിതമായി മാറ്റങ്ങൾ സംഭവിക്കുക സ്വാഭാവികം മാത്രവുമാണെന്നാണ്. വസ്തുവും വീക്ഷണവും തമ്മിലുള്ള ബന്ധം തന്നെ ജനം മറന്നെന്ന് വരാം. പക്ഷെ വീക്ഷണത്തിന് ലഭിച്ച പ്രാധാന്യം അസ്തമിക്കുന്നില്ല. വീക്ഷണം ശരിയാണെന്ന സങ്കല്പത്തിൽ അതിന് അമരത്വം കല്പ്പിച്ച് ആത്മീയതയുടെ ഭാഗമാക്കാനും ജനം ശ്രമിച്ചെന്ന് വരാം. ഈ വിധമാണ് ആത്മീയതയുടെ ഉത്ഭവമെന്നാണ് ഭൗതികവാദികൾ, ആത്മീയവാദത്തിനെതിരായി തെളിവുകൾ നിരത്തി സമർത്ഥിക്കാൻ ശ്രമിച്ചത്.

വ്യക്തി പ്രഭാവത്തിനെക്കുറിച്ചും പ്രതിഭകളെക്കുറിച്ചും ആത്മീയ പ്രഭാവത്തിന്റെ മഹത്തരമായ സംഭാവനകളെക്കുറിച്ചും ഉള്ള അജ്ഞതയാണ് മേൽ പ്രസ്താവിച്ച ഭൗതികവാദികളുടെ നിഗമനങ്ങൾക്ക് കാരണമായത്. മാത്രവുമല്ല, 'വസ്തു'വിൽപ്പെടാത്ത മനുഷ്യമനസ്സിന്റെ നിരീക്ഷണശക്തിയെക്കുറിച്ചും ഭൗതികവാദികൾ അജ്ഞത നടിക്കുന്നു എന്നുവേണം കരുതാൻ. വ്യക്തിയുടെ, ആത്മീയപ്രതിഭയുടെ അനുഭവജ്ഞാനത്തിന്റെ, ബുദ്ധിയുടെ ആഴം അളക്കാനുള്ള ഉപകരണമേത് എന്ന് ഭൗതികവാദികൾ വ്യക്തമാക്കുന്നില്ല. വീക്ഷണം വ്യക്തിനിഷ്ഠമാണെന്നും, തലതിരിഞ്ഞ അന്ധമായ വീക്ഷണമായിരിക്കുമെന്നും കല്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. എന്തുകൊണ്ടാണ് തലതിരിഞ്ഞതായെന്നൊ അന്ധമായിപ്പോയെന്നോ ഭൗതികവാദികൾ വ്യക്തമാക്കുന്നില്ല. ശാസ്ത്രനിരീക്ഷണം വ്യക്തിനിഷ്ഠവും പിന്നീട് വ്യക്തിബാഹ്യവുമാകാറുണ്ടെന്ന് സമ്മതിക്കുമ്പോൾ ഇവരുടെ അഭിപ്രായത്തിൽ വൈരുദ്ധ്യം ഉണ്ടെന്ന് തെളിയുന്നു. കാരണം ശാസ്ത്ര സമീപനത്തെ അവർ മാനിക്കുന്നു, ചോദ്യം ചെയ്യുന്നുമില്ല. വിവിധങ്ങളായ ആത്മീയതയുടെ സംഭാവനകൾക്കും ശാസ്ത്രീയ നിറവും ഗുണവും ഉണ്ടെന്ന കാര്യം ആരും നിഷേധിക്കുന്നുമില്ല.

പ്രതിഭയെ വസ്തുപ്രലോഭിപ്പിക്കുന്നു എന്ന് പറയുന്നതിനേക്കാൾ പ്രതിഭയുടെ ശക്തിയുള്ള മനസ്സ് (Mind) വസ്തുവിൽ പതിക്കുകയും ഒരു സ്വാഭാവികാന്വേഷണത്തിനും നിരീക്ഷണത്തിനും അത്യപൂർവ്വമായ മനസ്സ് തയ്യാറാകുകയും ചെയ്യുന്നു എന്നതാണ് യാഥാർത്ഥ്യം. പ്രതിഭകൾ വസ്തുവിന്റെ പ്രലോഭനങ്ങൾക്ക് വഴങ്ങുന്നു എന്നുപറയുന്നത് ആത്മീയ മനസ്സിന്റെ നിരീക്ഷണ ശക്തി വർദ്ധിക്കുമ്പോൾ വ്യക്തിനിഷ്ഠമായ തുടക്കം, വ്യക്തി ബാഹ്യമായി തീരുന്നു എന്ന യാഥാർത്ഥ്യം മറച്ചുവയ്ക്കാൻ ശ്രമിക്കുന്നവരാണ്. വ്യക്തിവൈഭവവും പ്രതിഭയും എങ്ങനെ ഉണ്ടാകുന്നു എന്ന അന്വേഷണം ഈ സന്ദർഭത്തിൽ അപ്രസക്തം. വ്യക്തിയുടെ നിരീക്ഷണപാടവം കുറച്ചുകാണുന്നതും നിരീക്ഷണം ഏകപക്ഷീയമാണെന്ന് പറയുന്നതും സത്യസ്ഥിതി മറച്ചുവയ്ക്കാനുള്ള ശ്രമമായി മാത്രം വിലയിരുത്താം. ആത്മീയ ശക്തിയുള്ള എത്രയോ പ്രതിഭകൾ ഭാരതഭൂവിൽ ജീവിച്ചിരുന്നു എന്നതും അവരുടെ വിലയേറിയ സംഭാവനകൾ പലെ ശാസ്ത്ര വിഷയങ്ങളിൽ ഉണ്ടായി എന്നതും ചരിത്രസത്യങ്ങളാണ്.

ഭൗതികവാദികൾ ഓർക്കേണ്ട ഒരു പ്രധാന വിഷയം പണ്ടുണ്ടായിരുന്നതും ഇന്നുള്ളതുമായ ജീവിതരീതിയിൽ വന്ന മാറ്റമാണ്. വൈവിദ്ധ്യത്തിലും ഏകത്വം എന്ന സമീപനം പണ്ടുണ്ടായിരുന്നു. ഇന്നാണെങ്കിൽ വൈവിദ്ധ്യത്തിലെ വൈരുദ്ധ്യങ്ങൾ മാത്രമേ കാണാനുള്ളു. ജാതി, മത, വർണ്ണ കക്ഷിഭേദം ഏറ്റവും കൂടുതൽ അനുഭവിക്കുന്ന ജനതയാണ് ഭാരതീയർ. മതേതരത്വം തിരഞ്ഞെടുപ്പ് കാലത്ത് കക്ഷിയുടെ സ്ഥാനാർത്ഥി ജയിക്കാൻ മാത്രം. ദേശീയത തൊലിപ്പുറത്തും സ്വാർത്ഥത തല മുതൽ കാലുവരേയും. അഴിമതിയും അപകർഷതാബോധവും ക്യാൻസർ പോലെയും വളരുന്നു. എന്തും ഏതും രാഷ്ട്രീയവൽക്കരിക്കുക, മതത്തിന്റെ പേരിലാക്കുക, ജാതിയുടെ മേമ്പൊടി ചാർത്തുക തുടങ്ങി എല്ലാ നിഷേധാത്മക പ്രവർത്തികളുടേയും വിളനിലമായി ഭാരതഭൂമി മാറിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ വ്യക്തി പ്രഭാവം ജാതിമത കക്ഷി അടിസ്ഥാനത്തിൽ മാത്രമായി ചുരുങ്ങിപ്പോയിട്ടുണ്ട്. ആത്മീയത പോലും അധികാരകസേരയിലെത്താനുള്ള മാർഗ്ഗമായി അധഃപതിച്ചിരിക്കുന്നു. ആത്മീയത അടിസ്ഥാനമായ നിരീക്ഷണപാടവം ഇന്നില്ല എന്നതാണ് യാഥാർത്ഥ്യം.

പണ്ട് ആത്മീയതയായിരുന്നു ഭാരതത്തിന്റെ ആണിക്കല്ല്. ഇന്ന് ആത്മീയതയുടെ ആണിക്കല്ല് ആടിത്തുടങ്ങിയിരിക്കുന്നു. ആത്മീയതയുടെ അധഃപതനം എല്ലാ മേഖലയിലും കാണാം. എല്ലാം സ്വാർത്ഥതയിലും പാരമ്പര്യ മഹത്വത്തിലും മുങ്ങിത്താഴുന്ന പോലെ. പണ്ട് ലോകം മുഴുവൻ അംഗീകരിച്ച ആത്മീയതാധിഷ്ഠിത ഭൗതിക ജീവിതം ഇന്ന് ഭാരതത്തിൽ ഒരിടത്തും കാണാനില്ല. ഭാരതം ഇന്നൊരു ഭ്രാന്താലയമാണ്. മതമൗലികവാദികളുടേയും, രാഷ്ട്രീയ കക്ഷിസംരക്ഷകരുടേയും പാരമ്പര്യ മഹത്വം ഉദ്ഘോഷിക്കുന്ന 'ഹിപ്പോക്രാറ്റു'കളുടേയും നാടായി ഭാരതം മാറിക്കഴിഞ്ഞിരിക്കുന്നു. ശാന്തിയില്ല, സമാധാനമില്ല, പരസ്പര സ്നേഹമില്ല, മനുഷ്യത്വമില്ല. എവിടേയും അധികാരക്കൊതിയും അഴിമതിയും മാത്രം. ആത്മീയമായാലും ഭൗതികമായാലും അറിവ് സമൂഹത്തിനാവശ്യമാണ്. അറിവ് നിഷേധിക്കുന്ന, അത്യാവശ്യ ഭൗതികാവശ്യങ്ങൾ നിഷേധിക്കുന്ന, സ്വാർത്ഥമതികളായ അധികാരികളാണ് ഭാരതത്തിന്റെ ഇന്നത്തെ ശാപം.

ഭൗതികവാദികൾ അറിവിനും ഭൗതികാവശ്യങ്ങൾക്കും സമരം ചെയ്യാൻ തയ്യാറാണെന്ന് പറയുകയും അധികാരത്തിന്റെ പിന്നാലെ പോകുകയുമാണ് ചെയ്യുന്നത്. ആ

ത്മീയവാദികളെന്നവകാശപ്പെടുന്ന വർ എല്ലാം ദൈവത്തിൽ സമർപ്പിച്ച് എവിടെ തുടങ്ങിയോ അവിടെനിന്ന് ചലിക്കാൻ തയ്യാറാകാതെ, അധികാരത്തിന്റെ പിന്നാലെ പായുന്നു. ഡയലറ്റിക്കൽ മെറ്റീരിയലിസത്തിന്റെ മൗലികമായ ലക്ഷ്യം അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ വിപ്ലവകരമായ മാറ്റമാണ്. അത് നടക്കാതെ പോകുന്നത് ഹിപ്പോക്രിറ്റ്സുകളും സ്വാർത്ഥരുമായ നേതാക്കന്മാർ മൂലമാണ്. (കേരളത്തിലെ ആദിവാസികളുടെ സ്ഥിതി ഓർക്കുക) ഞങ്ങൾ ജാതിയിലും മതത്തിലും പള്ളിയിലും ക്ഷേത്രത്തിലും വിശ്വസിക്കുന്നില്ലായെന്ന് ദൃഢസ്വരത്തിൽ അവകാശപ്പെടാൻ അവർക്ക് കഴിയുന്നില്ല. ഒരിക്കലും കഴിയുമെന്നും തോന്നുന്നില്ല. ആത്മീയവാദികൾക്കാണെങ്കിൽ ക്ഷേത്രം പണിയുന്നതിനേക്കാൾ പ്രധാനം, ജനക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുകയും, മനുഷ്യരും മനുഷ്യരും തമ്മിൽ പരസ്പരം സ്നേഹം വളർത്തുകയുമാണെന്നതും മറന്നുപോകുന്നു. പാരമ്പര്യവാദികൾക്കാണെങ്കിൽ ഏത് വിധേനയും അധികാരം പിടിച്ചടക്കുകയും അഴിമതിയിലൂടെ ധനവാൻമാരാകുകയും ചെയ്യണമെന്ന ശുദ്ധമനസ്സും ! രാജ്യം നന്നാക്കുകയും സംസ്കാര ഗോപുരം പണിയുകയും സാധാരണക്കാരുടേയും ആദിവാസികളുടേയും ജീവിതം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാരുടേയും ലക്ഷ്യമല്ലാതായി മാറിയിരിക്കുന്നു.

മാർക്സിസ്റ്റ് ലെനിനിസ്റ്റ് തത്ത്വസംഹിത ഒരുശാസ്ത്രമാണ്. ഭൗതികവസ്തുവും വ്യക്തിബോധവും തമ്മിലുള്ള ബന്ധത്തിന് ഈ ശാസ്ത്രം വില കല്പിക്കുന്നു. പ്രാപഞ്ചിക, നിയമസംഹിതയെ ചോദ്യം ചെയ്യാതെ സമുദായത്തെ കഴിയുന്നത്ര പ്രകൃതി നിയമങ്ങളുമായി ഒരുമിപ്പിക്കുകയെന്നതാണ് മാർക്സിസ്റ്റ് തത്ത്വം. പക്ഷെ നമ്മുടെ നാട്ടിൽ വനം കൈയ്യേറ്റം, വനം നശീകരണം, അശാസ്ത്രീയ ഭൂവിനിയോഗം, അരാജകത്വവും അനീതിയും നടപ്പാക്കൽ, രാഷ്ട്രീയ കൊലപാതക അരങ്ങേറ്റം, ജനത്തെ പല തട്ടുകളിലാക്കി ഭിന്നിപ്പിച്ച് ഭരിക്കാൻ ശ്രമിക്കൽ തുടങ്ങി എല്ലാ അസ്വാഭാവിക ഭരണരീതിയും പയറ്റുന്ന നാടായി അധഃപതിച്ചുകഴിഞ്ഞിരിക്കുന്നു. യാഥാർത്ഥ്യബോധം വളർത്തുക എന്നതാണ് മാർക്സിസ്റ്റ് ലക്ഷ്യം. പക്ഷെ ഇന്ന് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ ചവുട്ടിയരച്ച് സ്വന്തം ചൊൽപ്പടിയിലാക്കുന്ന സമ്പ്രദായമാണ് കാണുന്നത്. യാഥാർത്ഥ്യബോധം വളർത്താൻ, ജനങ്ങളുടെ ചിന്താശക്തി വളർന്നാൻ ബാധ്യസ്ഥരായ മാർക്സിസ്റ്റ് നേതാക്കൾ, ചിന്താശക്തിയും ബുദ്ധികൂർമ്മതയും ഇല്ലാതെ അധഃപതിച്ച് പോകുന്നത് കാണുമ്പോൾ അവരിൽ നിന്ന് പോസിറ്റീവായി എന്തെങ്കിലും നേട്ടങ്ങൾ രാജ്യത്തിന് ലഭിക്കുമോ എന്ന കാര്യത്തിൽ സംശയം ഉടലെടുക്കാം. അദ്ധ്വാനിക്കുന്ന ജനത്തിന്റെ വിപ്ലവബോധം വളർത്തേണ്ടവർ അവരെ ചൂഷണം ചെയ്യുന്നത് മാർക്സിസ്റ്റ് സിദ്ധാന്തത്തിന് യോജിച്ചതല്ല. ഡയലറ്റിക്കൽ മെറ്റീരിയലിസവും ശാസ്ത്രബോധവും തമ്മിലുള്ള ബന്ധം വളർത്തേണ്ടവർ, ശാസ്ത്രബോധത്തിന് കത്തി വയ്ക്കാൻ തുടങ്ങിയാൽ പ്രളയമായിരിക്കും ഫലം.

മാർക്സിസ്റ്റുകൾ മാർക്സിസത്തിന് എതിര് പ്രവർത്തിക്കുന്ന പോലാണ് കപടആത്മീയവാദികൾ ആത്മീയതയ്ക്ക് എതിരെ യുദ്ധം ചെയ്യുന്നത്. ആത്മീയ അടിത്തറ പോലും തകർക്കുന്ന മാതിരി മനുഷ്യത്വഹീനമായ പ്രവർത്തിയിൽ മുഴുകി മനുഷ്യനും മനുഷ്യനും തമ്മിൽ കലഹിക്കേണ്ട അവസരങ്ങൾ സൃഷ്ടിക്കുന്നത് സാധാരണമായിരിക്കുന്നു. മനുഷ്യത്വം നശിച്ച് മൃഗീയത വളർന്നാൽ പരസ്പരം സ്നേഹം ഇല്ലാതാകും. ആത്മീയതയ്ക്ക് പകരം മതമൗലികവാദം പ്രോത്സാഹിപ്പിച്ചാൽ എല്ലാ മതങ്ങൾക്കും നാശമായിരിക്കും ഫലം. 'നിന്റെ അയൽപക്കക്കാർ ക്രിസ്ത്യനോ മുസൽമാനോ ആകട്ടെ, അയാൾക്കും നിനക്കുള്ളതുപോലെ ആത്മാവ് ഉണ്ടെന്ന യാഥാർത്ഥ്യം ഉണരാത്ത നീ ആത്മീയവാദിയാണോ എന്ന ചോദ്യം ഇന്ന് വളരെ വളരെ പ്രസക്തമാണ്.

തുടരും...

# ഗൃഹവൈദ്യം

**അഥിനി ഗോപിനാഥ്**
**9446630412**

**ദോ**ശയ്ക്കും, ഇഡ്ഡലിയ്ക്കും, മറ്റു പ്രഭാത ഭക്ഷണങ്ങൾക്കുമായി ഉണ്ടാക്കുന്ന കറികൾ അതിഥികൾ പെട്ടെന്ന് കയറി വന്നാൽ തികയാതെപോകും. വിഷമിക്കേണ്ടതില്ല. ഒരുപിടി നൂഡിൽസ് എടുത്ത് ചൂടുവെള്ളത്തിൽ ഇട്ട് വീണ്ടും തിളപ്പിച്ച് ബാക്കിയുള്ള കറിയിൽ ചേർത്താൽ മതി - രുചി കൂടുകയേ ഉള്ളു.

വെയിൽ കാലത്ത് ഏതുവിധത്തിൽ ഉള്ള ജൂസ് ഉണ്ടാക്കുമ്പോഴും അതിൽ ഒരു തുണ്ട് ഇഞ്ചി ചേർക്കാൻ മറക്കരുത്. രുചിയും വർദ്ധിക്കും ആരോഗ്യപ്രദായകവുമാണ്. പെട്ടെന്ന് സംസാരിക്കുമ്പോൾ 'വിക്കൽ' വന്നാൽ ഒട്ടും തന്നെ ഭയപ്പെടേണ്ടതില്ല. ഒരു കപ്പ് തൈര് എടുത്ത് അതിൽ അല്പം ഉപ്പുചേർത്ത് പതുക്കെ പതുക്കെ സ്പൂൺ കൊണ്ട് കഴിച്ചാൽ മതി. വിക്ക് പറ പറക്കും.

പാചകത്തിനുശേഷം പാത്രങ്ങളിൽ എണ്ണമയം പാടെ തുടച്ചുനീക്കാൻ കടലമാവ് ഉപയോഗിച്ച് കഴുകിയാൽ മതി.


കുട്ടികൾ കളിക്കുമ്പോൾ വീണ് മുറിവുണ്ടാകുന്നത് സർവ്വസാധാരണം. ഇതിന് മരുന്നും മന്ത്രവും ഒന്നും അന്വേഷിച്ച് ഓടേണ്ടതില്ല. വേപ്പില അരച്ചുപുരട്ടിയാൽ മാത്രം മതി.

ഫ്രിഡ്ജ് വൃത്തിയാക്കുമ്പോൾ തുണിയിൽ അല്പം പച്ച കർപ്പൂരം പൊടിച്ചുചേർക്കണം. പ്രാണികൾ കയറുകയില്ല, വാസനയും ഉണ്ടാകും.

ഉഴുന്നുവട രുചികരമായ ഭക്ഷണപദാർത്ഥമാണ്, ആരോഗ്യദായകവും. ഉഴുന്നുമാവിൽ അല്പം സേമിയയും കൂടി ചേർത്ത് വടയുണ്ടാക്കിയാൽ 'മുറുമുറു' കടിച്ചുകഴിക്കാം.

വില പിടിച്ച പട്ടുസാരിയിൽ കറ വീണാൽ സങ്കടപ്പെടേണ്ടതില്ല. യൂക്കാലിപ്റ്റസ് തൈലം തൊട്ടുതലോടിയാൽ മാത്രം മതി - കറ ഓടി മറയും.

# അരങ്ങത്തുനിന്ന് അടുക്കളയിലേയ്ക്ക്



ഇ. എൻ. നാരായണൻ
8547490224

സമൂഹമനസ്സിൽ ആരോരുമറിയാതെ ഒരു ലിംഗമാറ്റ ശസ്ത്രക്രിയ നടന്നിരിക്കുന്നു ! സ്ത്രീ പുരുഷനായും പുരുഷൻ സ്ത്രീയായും പരിണമിച്ചിരിക്കുന്നു. പിരിച്ചുവെച്ച കൊമ്പൻ മീശയും ഉരുണ്ടുകളിക്കുന്ന മസിലുകളും കൊഴുത്തുരുണ്ട സ്തനങ്ങളും ജഘനങ്ങളും മറ്റും എങ്ങോ അപ്രത്യക്ഷമായിരിക്കുന്നു. രോമാവൃതമായ വിരിഞ്ഞ മാറിടങ്ങളും അന്നനടയും കിളിനാദങ്ങളുമൊക്കെ പഴയ സാഹിത്യാദി കലകളിൽ മാത്രം അവശേഷിക്കുന്നു. അന്തർജ്ജനങ്ങളെല്ലാം അരങ്ങത്തെത്തിക്കഴിഞ്ഞു. തമ്പുരാക്കന്മാരെല്ലാം അടുക്കളയിൽ ചേക്കേറിക്കഴിഞ്ഞു. പുരുഷ കേസരികളുടെ സട കൊഴിഞ്ഞുകൊണ്ടേയിരിക്കുന്നു. മാൻകിടാങ്ങൾ വ്യാഘ്രികളും സിംഹികളുമായി അലറാൻ തുടങ്ങിയിരിക്കുന്നു. പുരുഷമേധാവിത്തത്തിന്റെ തേർവാഴ്ച അവസാനിക്കുകയും സ്ത്രീശാക്തീകരണത്തിന്റെ അശ്വമേധം ആരംഭിക്കുകയും ചെയ്തെന്നുവേണം കരുതാൻ. ഇത് പെൺമതിലുയരും കാലം; മലകയറും കാലം.

ഈയിടെ ഒരു സുഹൃദ് സംഗമത്തിൽ ഒരധ്യാപിക അഭിപ്രായപ്പെടുകയുണ്ടായി; ആൺകുട്ടികളിലെ ആത്മവിശ്വാസച്ചോർച്ചയെപ്പറ്റി. യുവജനോത്സവ വേദികളിലും ശാസ്ത്രകായികരംഗങ്ങളിലുമെല്ലാം അവർ സ്വയം നിഷ്കാസിതരായിക്കൊണ്ടിരിക്കുകയാണത്രെ. അതേസമയം പെൺകുട്ടികളാകട്ടെ അഭൂതപൂർവ്വമായ ആത്മവിശ്വാസമാർജ്ജിച്ച് മികച്ച പ്രകടനം കാഴ്ചവെക്കുന്നുണ്ടത്രെ. മറ്റൊരു സുഹൃത്തിന്റെ പ്രതികരണവും ഇത്തരുണത്തിൽ പ്രസക്തമായി തോന്നുന്നു. ആൺകുട്ടികളുടെ ചേഷ്ടാചലനങ്ങളിൽ ആത്മവിശ്വാസക്കുറവ് കാണപ്പെടുന്നുണ്ടത്രെ. അതേസമയം പെൺകുട്ടികൾ പുതിയ മേച്ചിൽപ്പുറങ്ങൾ തേടിക്കൊണ്ടിരിക്കുകയാണത്രെ. (ഉണ്ടത്രെ, ആണത്രെ തുടങ്ങിയ പ്രയോഗങ്ങൾ ബോധപൂർവ്വം തന്നെയാണ്, ആധികാരികതയില്ലല്ലോ)

മാധ്യമങ്ങളുടെ വാർത്താവിശകലനത്തിൽ നിന്നും ദൃശ്യമാകുന്നത് മറ്റൊരു 'പെൺപ്രളയ'മാണ്. ഉന്നതവിദ്യാഭ്യാസരംഗത്തും ഔദ്യോഗികരംഗത്തും ആൺശോഷണം ഭീഷണിയാവുകയാണത്രെ. തന്റേടവും ആത്മാഭിമാനവും ഒത്തിണങ്ങിയ (അണിമ, ഗരിമ തുടങ്ങിയ അഷ്ടൈശ്വര്യങ്ങളെപ്പോലെ) ആധുനികവനിതകൾ സമൂഹത്തിന്റെ സമസ്തമേഘലകളും കീഴടക്കിക്കൊണ്ടിരിക്കുന്നു. തൊഴിൽരഹിതയായി ഭർതൃകുടുംബത്തിന്റെ സൗമനസ്യം പറ്റി കാലക്ഷേപം നടത്തുകയെന്നത് ഇന്നത്തെ പെൺകുട്ടികൾക്ക് അചിന്ത്യമാണ്. കേരള മണ്ണിൽ ആഴത്തിൽ വേരൂന്നിയ കുടുംബശ്രീക്കാരുടെ മാതൃകാപരമായ പ്രവർത്തനങ്ങളെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ. ഭരണചക്രം തിരിക്കാനും വളയിട്ട കൈയ്യുകൾ ശക്തമാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണല്ലോ അനുപമ, രേണു തുടങ്ങിയ വനിതാ കളക്ടർമാർ.

കഴിഞ്ഞാഴ്ച (2019 ഏപ്രിൽ ഒന്നാം വാരം) ഫേസ് ബുക്ക്, ട്വിറ്റർ തുടങ്ങിയ നവമാധ്യമങ്ങളിലും പത്രത്തിലും നിറഞ്ഞുനിന്ന ഒരു വാർത്ത ഇത്തരുണത്തിൽ പ്രസക്തമാവുന്നു. മാളയിലെ കൃഷ്ണയെന്ന പത്താം ക്ലാസുകാരി പെൺകിടാവ് (ഏതോ പൂജാരിയുടെ മകളാണ്) പൊതുപരീക്ഷയെഴുതാൻ പോയിരുന്നത് കുതിരപ്പുറത്തായിരുന്നത്രെ. പെൺകുട്ടിയുടെ കുതിരസവാരി ദൃശ്യങ്ങൾ മാധ്യമങ്ങളിൽ വൈറലായിരുന്നു. ഝാൻസി റാണി, ഉണ്ണിയാർച്ച തുടങ്ങിയ ധീരവനിതകളുടെ പിന്മുറക്കാരിയെന്ന് മാധ്യമവിശേഷണം. കടിഞ്ഞാണറ്റ് കുതിച്ചുപായുന്ന പെൺകരുത്തിൽ അഭിമാനം തോന്നുന്നു. അതേസമയം ഭീരുത്വത്തിന്റെ വല്മീകത്തിൽ തപസ്സിൽ മുഴുകിയ 'ഗുകേസരി'കളെയോർത്ത് സഹതാപവും തോന്നുന്നു. എന്തുകൊണ്ട് ഇപ്രകാരമൊരു വൈരുദ്ധ്യം ഉരുത്തിരിഞ്ഞു വന്നതെന്നോർക്കുമ്പോൾ വ്യക്തമാകും; എല്ലാം സ്വയംകൃതാനർത്ഥമെന്ന്.

### *നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി!*

കൗമാരത്തിൽ പിതാവും യൗവനത്തിൽ ഭർത്താവും വാർദ്ധകൃത്തിൽ പുത്രനും സംരക്ഷണം നൽകേണ്ട ആശ്രിതവ്യക്തിത്വം മാത്രം അവകാശപ്പെടാവുന്ന കഥാപാത്രമാണ് സ്ത്രീ. പുരുഷന്റെ വാരിയെല്ലിൽ നിന്നും സൃഷ്ടിക്കപ്പെട്ടവളാണ് അവൾ. (സ്വന്തം ആത്മാവുപോലും ഇല്ലാത്തവളെന്നും വിശ്വസിക്കപ്പെട്ടിരുന്നു!) ഭാഷയിൽ പോലും സ്ത്രീയെ തരംതാഴ്ത്തുന്ന വാക്കുകളും ശൈലികളും നിരവധി. പെൺബുദ്ധി പിൻബുദ്ധി, ഒരുമ്പെട്ടവൾ, പിടക്കോഴിയുടെ കൂവൽ... അതേസമയം സുഖിപ്പിക്കാനും മസ്തിഷ്കപ്രക്ഷാളനത്തിനുമായി 'യത്ര നാര്യസ്തു പൂജ്യന്തേ തത്ര രമന്താ ദേവതാ' എന്നൊക്കെ സാന്ദർഭികമായി പുരുഷൻ പറഞ്ഞെന്നുമിരിക്കും. (എന്നാലല്ലേ അവൾ സ്വയം കൂച്ചുവിലങ്ങിൽ തളയ്ക്കപ്പെടുകയുള്ളു!) സാഹിത്യത്തിലും ബഹുജനമാധ്യമങ്ങളിലും സ്ത്രീത്വത്തെ അപമാനിക്കുന്ന അഥവാ താഴ്ത്തിക്കെട്ടുന്ന എത്രയോ പ്രയോഗങ്ങൾ കണ്ടെത്താനാവും. സമുദായത്തിന്റെ സുസ്ഥിരതയ്ക്കുവേണ്ടി തുടങ്ങിവെച്ച വിവാഹമെന്ന വ്യവസ്ഥിതിപോലും കാലഹരണപ്പെട്ടിരിക്കുന്നു. എത്രയെത്ര വി

വാഹമോചനക്കേസുകളും സ്ത്രീധന പീഢനങ്ങളുമാണ് ഇക്കാലത്തും നടക്കുന്നത് !

കൂട്ടിലകപ്പെട്ട പക്ഷിക്ക് നീലാകാശം സ്വപ്നം മാത്രമാണ്. സ്വന്തം ചിറകടിയാൽ കൂടുതകർത്ത് പറന്നുയരുന്ന പറവയാണ് ആധുനികവനിത. അവിശ്വസനീയമായ ഈ കാഴ്ചകണ്ട് അന്ധാളിച്ചിരിക്കുകയാണ് പുരുഷനെന്ന പക്ഷിശാസ്ത്രക്കാരൻ !

വന്യമായ മെയ്ക്കരുത്തുകൊണ്ട് ദുർബ്ബലയായ സ്ത്രീയെ അടുക്കളയിൽ തളച്ചിട്ടുവെങ്കിലും പഴയകാലത്തെ പുരുഷൻ അവളുടേയും മക്കളുടേയും പരിചരണവും സംരക്ഷണവും ഏറ്റെടുക്കുന്നതിൽ ദത്തശ്രദ്ധനായിരുന്നു. പക്ഷേ ഇന്നത്തെ സമൂഹത്തിന്റെ ചിത്രം മറ്റൊന്നാണ്. ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി നിഷ്ക്രിയത്വത്തിന്റേയും ലഹരിയുടേയും വല്മീകങ്ങളിൽ തപസ്സിരിക്കുന്നവനാണ് ആധുനികപുരുഷൻ. ആത്മവിശ്വാസം ചോർന്നുപോയ അവൻ കാറ്റൊഴിഞ്ഞ ബലൂണിനു തുല്യനായിരിക്കുന്നു. കുടുംബത്തിന്റെ നിലനില്പിനും ശിശുസംരക്ഷണത്തിനും വേണ്ടി കർമ്മരംഗത്തിറങ്ങാൻ സ്ത്രീ നിർബന്ധിതയായിരിക്കുന്നു. അഭിമാനബോധമുള്ള ആധുനികവനിത ഏത് തൊഴിലും ഏറ്റെടുത്ത് നടത്തുവാനുള്ള ഇച്ഛാശക്തിയും പാടവവും നേടിക്കഴിഞ്ഞിരിക്കുന്നു. നേരത്തെ പരാമർശിച്ച നമ്മുടെ കുടുംബശ്രീ സംഘടനകൾ രാജ്യത്തിനുതന്നെ മാതൃകയാണ്. പുരുഷന്മാരുടെ മാത്രം കുത്തകയായിരുന്ന ക്ലേശകരമായ പല തൊഴിലുകളും (ഉദാഹരണം കിണറുകളും കുളങ്ങളും കുഴിക്കൽ) ഏറ്റെടുത്തുനടത്താൻ ഇന്നത്തെ സ്ത്രീയ്ക്ക് കരളുറപ്പുണ്ട്. കാരണം അത് അവളുടെ അതിജീവന പ്രശ്നമാണെന്നതുതന്നെ.

വർത്തമാനകാലത്തിലെ പുരുഷന്മാരുടെ അവസ്ഥ ഏറെ സഹതാപാർഹമായിരിക്കുന്നു. 'വർത്തമാന'ത്തിനുള്ള കഴിവുകൂടി നഷ്ടപ്പെട്ട അവസ്ഥയിലാണവൻ ! ഉരുട്ടിവെച്ച മസിലുകളും പിരിച്ചുവെച്ച മീശയുമൊന്നും അവന് ഇണങ്ങാതായിരിക്കുന്നു. ആത്മവിശ്വാസം നഷ്ടപ്പെട്ട അവൻ അരങ്ങത്തുനിന്നും അണിയറയിലേയ്ക്ക് പലായനം ചെയ്യുന്ന ദയനീയകാഴ്ചയാണ് ഇന്ന് കാണുന്നത്. പുര നിറഞ്ഞുനിൽക്കുന്ന 'പുരുഷകേസരി'കൾക്ക് പെണ്ണുകിട്ടാത്ത അവസ്ഥയിലേയ്ക്ക് സമൂഹം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. വിവാഹമോചനത്തിന്റെ ഇരകളായി പുരുഷൻ പലപ്പോഴും കാലിടറി വീഴുന്ന കാഴ്ചയും സഹതാപമുണർത്തുന്നു. ഉന്നതവിദ്യാഭ്യാസരംഗത്തുനിന്നും തൊഴിൽ മേഖലയിൽ നിന്നുമൊക്കെ അവൻ നിഷ്കാസിതനായിക്കൊണ്ടിരിക്കുന്നു. ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുന്ന 'നാണം കുണുങ്ങി'കളായി മാറുകയാണോ നമ്മുടെ ആണുങ്ങൾ ? തികച്ചും അനാശാസ്യമായ ഒരു അവസ്ഥയാണിത്. അക്ഷരാർത്ഥത്തിൽ ത്തന്നെ സ്ത്രീപുരുഷസമത്വത്തിൽ അധിഷ്ഠിതമായ ഒരു സമൂഹം ഇവിടെ ഉയർന്നുവരേണ്ടിയിരിക്കുന്നു.


അനുബന്ധമായി ഒരു ആശങ്ക കൂടി പങ്കിടേണ്ടിവരുന്നു. സമൂഹമനസ്സിൽ അറിയാതെ നടന്ന ഈ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുശേഷം പെൺമനസ്സിലെ ആർദ്രതയുടെ സ്രോതസ്സ് വറ്റിക്കൊണ്ടേയിരിക്കുന്നു. അവൾ മത്സരബുദ്ധിയോടെ ആണുങ്ങളെ അനുകരിക്കാനും വെല്ലുവിളിക്കാനും തുടങ്ങിയ മട്ടുണ്ട്. പതിനഞ്ചുമാസം മാത്രം പ്രായമുള്ള സ്വന്തം കുരുന്നിനെ കഴുത്തുഞെരിച്ചുകൊന്ന 'വീരമാതാവി'നെക്കുറിച്ചുള്ള വാർത്തയാണ് ഇന്നത്തെ പത്രത്തിൽ വായിച്ചത് (29-04-2019). പോക്കറ്റടി, തട്ടിപ്പറി, മോഷണം തുടങ്ങിയ 'കല'കളിലും അവൾ പുരുഷനെ നിഷ്പ്രഭനാക്കാൻ തുടങ്ങിയിരിക്കുന്നു. ഇപ്പോൾ ഇതാ കള്ളവോട്ടുരംഗത്തും അവൾ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു ! 'നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി'യെന്ന അപഹാസ്യമായ മനുശാസനത്തിന് പ്രസക്തിയുണ്ടാക്കുന്ന ദുർഗ്ഗതിയുണ്ടാവുമോ നമ്മുടെ നാട്ടിൽ ?

നാണം കുണുങ്ങികളായ ആണുങ്ങളും മീശ പിരിക്കുന്ന കൊമ്പത്തികളും ഏത് നാടിനും ഭൂഷണമല്ല. ആർദ്രതയുടെ സ്രോതസ്സു വറ്റാത്ത മാനവമനസ്സുകളാണ് ആത്യന്തികമായി സമൂഹത്തെ താങ്ങിനിർത്തുന്നത്. ●

■ കഥ

# മൊതല്


**വിനോദ് ചെത്തല്ലൂർ**
**9562410046**

**കാ**സിമിന് തോണിയുണ്ട്, വലിയ തോണി. പുഴ വെള്ളം പൊങ്ങിയപ്പോൾ അവന്റെ കുടുംബത്തിനൊപ്പം അയൽക്കാരനും പ്രിയ ചങ്ങാതിയുമായ സുകുവും ഭാര്യയും രണ്ടു മക്കളും, കിട്ടിയതും വലിച്ചെടുത്ത് കുന്നുംപുറത്തെ ക്യാമ്പിലെത്തിയത് അതിലാണ്. തിടുക്കപ്പെട്ടു വീണ്ടും തോണി തിരിച്ച് കാസിം പറഞ്ഞു.

"കയറ് സുകൂ, തൊടീല് വെല പിടിപ്പ്ള്ള മൊതല് ഇനീം ണ്ട്."

"നെനക്ക് കാറ്റാ.. എന്ത് സ്വർണ്ണം ണ്ടായാലും നമ്മടെ ജീവനിലും വലുതല്ലല്ലോ... ഞാനില്ല... വെള്ളം നല്ലോണം കയറ്ണ്ണ്ട്... നീയും പോണ്ടാ..."

അതു കേൾക്കാതെ ആവേശത്തിൽ തുഴഞ്ഞുപോയ കാസിമിനെ നോക്കി ആധിയോടെ അവർ നിന്നു. അര മണിക്കൂർ കഴിഞ്ഞ് അവൻ തിരിച്ചെത്തി. തോണിയിലുണ്ട് സുകുവിന്റെ പ്രിയപ്പെട്ട പുള്ളിപ്പശുവും കിടാവും!

"ഇബറ്റേ ബെള്ളത്തിന് കൊടുക്കാൻ മനസ്സ് സമ്മതിക്കൂല." കാസിം പറഞ്ഞു.

കഴിഞ്ഞയാഴ്ച പാടത്തുകിളക്കുമ്പോൾ ബിരിയാണി സദ്യക്ക് പോകാനൊരുങ്ങിയ കാസിമിനെ കളിയാക്കി പറഞ്ഞത് സുകുവിനോർമ്മ വന്നു...

"നല്ല പോത്ത് ബിരിയാണി ണ്ട് എന്നു കേട്ടാ അപ്പൊ നീയ് മണം പിടിച്ച് പോകും... നെനക്കു ജീവികളോടൊന്നും ഒരു സ്നേഹോം ല്ല്യാത്ത മനസ്സാണല്ലോടോ!" ●

# മലയാള സിനിമ പിന്നണിഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ

## കോഴിക്കോട് അബ്ദുൾഖാദർ



**ടി. വി. നാരായണൻ കുട്ടി**
**9446030344**

**1950** കാലങ്ങളിൽ മലയാള നാടകവേദികളിലും, സിനിമാരംഗത്തും, ഗായകനായിരുന്ന ഇദ്ദേഹം 'ഖവ്വാലി' ആലപിക്കുന്നതിലും മിടുക്കനായിരുന്നു. ശ്രീ. ജെ. എസ്. ആൻഡ്രൂസിന്റേയും, മാനിനിയുടേയും മകനായി 1915 ജൂലായ് 19ാം തിയതിയാണ് ലെസ്ലി ആൻഡ്രൂസ് എന്ന് യഥാർത്ഥ പേരുള്ള അബ്ദുൾ ഖാദർ ജനിച്ചത്. നന്നേ ചെറുപ്പത്തിൽ തന്നെ അമ്മ മരണമടഞ്ഞു. അന്നത്തെ സാഹചര്യത്തിൽ കുടുംബത്തിന് ബർമ്മയിലേക്ക് പലായനം ചെയ്യേണ്ടിവന്നു. മാത്രമല്ല അന്നത്തെ അവിടത്തെ പരിതസ്ഥിതിയനുസരിച്ച് 'ഇസ്ലാം' മതം സ്വീകരിക്കാനിവർ നിർബന്ധിതരാവുകയും ചെയ്തു. അങ്ങിനെയാണ് അബ്ദുൾ ഖാദർ എന്ന പേരിദ്ദേഹം സ്വീകരിച്ചത്. തിരികെ നാട്ടിലെത്തിയപ്പോഴും, മതം മാറാനൊന്നും മെനക്കെട്ടില്ല. അതുകൊണ്ടുതന്നെ അച്ഛൻ മകനെ തിരസ്ക്കരിച്ചു. തുടർന്ന് കുഞ്ഞുമുഹമ്മദ് എന്നൊരു പോലീസുകാരന്റെ തണലിൽ ജീവിതം തുടർന്നു. പിൽക്കാലത്ത്, കുഞ്ഞുമുഹമ്മദിന് പേരുകേട്ട സംഗീത സംവിധായകനും, ഗായകനുമായ എം. എസ്. ബാബുരാജുവുമായുള്ള ബന്ധം അബ്ദുൾഖാദറിന് ഏറെ ഗുണം ചെയ്തു.

ദക്ഷിണാമൂർത്തിയാണ് അബ്ദുൾ ഖാദറിന്റെ സംഗീതാഭിരുചി ആദ്യമായി തിരിച്ചറിഞ്ഞത്. തുടർന്ന് 1951ൽ നവലോകം എന്ന സിനിമയിൽ പാടാനവസരം നൽകി. 'തങ്കക്കിനാക്കൾ ഹൃദയേ വീശും വനാന്ത ചന്ദ്രികയാരോ നീ' എന്ന ഇതിലെ ഗാനം അബ്ദുൾ ഖാദറിന്റെ ശബ്ദത്തിലൂടെ മലയാളി പ്രേക്ഷകർ കേട്ടു. തുടർന്നിദ്ദേഹത്തിന്റെ, ഇന്നും ഏറെ പ്രശസ്തമായ, പി. ഭാസ്കരൻ രചിച്ച് രാഘവൻ മാസ്റ്റർ സംഗീതം പകർന്ന നീലക്കുയിലിലെ 'എങ്ങിനെ നീ മറക്കും കുയിലേ' എന്ന ഗാനം അബ്ദുൾ ഖാദറിന്റെ എക്കാലത്തേയും മികച്ച ഗാനമായി വിലയിരുത്തപ്പെട്ടു. ഇതേത്തുടർന്ന് 'മലബാർ സൈഗാൾ' എന്ന വിശേഷണവും ഇദ്ദേഹത്തെ തേടിയെത്തി.

അബ്ദുൾ ഖാദർ ആദ്യം നിക്കാഹ് ചെയ്തത് 'അച്ചുമ്മ' യെയായിരുന്നു. ഇതിലിവർക്ക് ആറ് മക്കൾ. നജ്മൽ ബാബു, സുരയ്യ, മോളി, നസീമ, സീനത്ത്, നാസർ എന്നിവർ. 1948ൽ ഇദ്ദേഹം അക്കാലത്ത് നാടകനടിയായി ശോഭിച്ചിരുന്ന ശാന്താദേവിയെ കണ്ടുമുട്ടി. ഇതിന് ശേഷം ഇവർ ഒന്നിച്ച് താമസം തുടങ്ങി. ഈ ബന്ധത്തിൽ ഇവർക്ക് 'സത്യജിത്ത്' എന്നൊരു മകനും ജനിച്ചു. 1977 ഫെബ്രുവരി 13നാണ് അബ്ദുൾ ഖാദർ അന്തരിച്ചത്.

സിനിമയിലെന്നപോലെ ധാരാളം നാടകങ്ങളിലും ഇദ്ദേഹം പാടിയിട്ടുണ്ട്. 2005ൽ നദീം നൗഷാദ് 'ദേശരാഗത്തിൽ ഒരു ജീവിതം' എന്ന പേരിൽ ഇദ്ദേഹത്തിന്റെ ജീവിതത്തേയും സംഗീത സംഭാവനകളേയും കുറിച്ചൊരു ഡോക്യുമെന്ററി തയ്യാറാക്കിയിരുന്നു.

അബ്ദുൾ ഖാദറിന്റെ പേരക്കുട്ടിയായ 'കാമില ഫൈസൽ' തന്റെ മുത്തച്ഛനെക്കുറിച്ച് പറയുന്നതിങ്ങനെ. "ഞാൻ കാണാത്ത ആളാണ് മുത്തച്ഛൻ. പക്ഷെ ഇദ്ദേഹം പാടിയ പാട്ടുകൾ എന്നെ ഏറെ ആകർഷിച്ചിരുന്നു. ഇതിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടത് 'പാടാനോർത്തൊരു മധുരിതഗാനം' ആണ്. ഗാനമേളകളിൽ പാടാറുള്ള ഞാൻ, മുത്തച്ഛന്റെ പാട്ടുകളിൽ ചിലത് പാടാറുണ്ട്." അബ്ദുൾ ഖാദറിന്റെ നൂറാമത് ജന്മദിനാഘോഷത്തിന്റെ സമാപനച്ചടങ്ങ് കോഴിക്കോട് സംഘടിപ്പിച്ചപ്പോൾ അവിടെ തിങ്ങി നിറഞ്ഞ ജനാവലി തന്നെ, നൂറുവർഷം കഴിഞ്ഞിട്ടും ഇദ്ദേഹത്തിന്റെ പാട്ടുകൾ ആരാധകർ എങ്ങിനെ നെഞ്ചിലേറ്റുന്നു എന്നതിന്റെ സ്പഷ്ടമായ തെളിവായിരുന്നു. അഖില കേരളബാല ജനസഖ്യത്തിലൂടെ വളർന്നുവന്ന മകൻ സത്യജിത്ത് കോട്ടയത്ത് നടന്ന ബാലജനസഖ്യത്തിന്റെ പരിപാടികളിൽ ഏറ്റവും നല്ല നടനുള്ള ബഹുമതി കരസ്ഥമാക്കിയിട്ടുണ്ട്. കോഴിക്കോട്ടെ പരിപാടിയിൽ അച്ഛന്റെ ഓർമ്മക്കായി 'ഓർമ്മകൾക്ക് ഓമനിക്കാൻ' എന്ന പേരിൽ അബ്ദുൾ ഖാദറിന്റെ പ്രധാന പാട്ടുകൾ ഉൾക്കൊള്ളിച്ച്, സത്യജിത്ത് തയ്യാറാക്കിയ ഒരു സി.ഡി.യുടെ പ്രകാശനവും നടക്കുകയുണ്ടായി.

അക്കാലത്ത്, വിപ്ലവഗാനങ്ങൾ പാടാനും ആൾക്കാരെ തേടി നടക്കാറുമുണ്ടായിരുന്നു. തിരുവിതാംകൂർ മേഖലയിൽ മേദിനി, സുലോചന, കെ. എസ്. ജോർജ്ജ് എന്നിവരും മലബാർ മേഖലയിൽ ബാബുരാജ്, മച്ചാട്ട് കൃഷ്ണൻ എന്നിവർ കഴിഞ്ഞാൽ പിന്നെ അബ്ദുൾ ഖാദറിന്നായിരുന്നു തിരക്ക്. പാട്ടെഴുത്തുകാരൻ പി. ഭാസ്കരൻ, ഒ. എൻ. വി., പി. എ. കാസിം എന്നിവരും. അന്നത്തെ പല നാടകഗാനങ്ങൾക്കും വിപ്ലവഗാനങ്ങളുടെ ഛായയാണുണ്ടായിരുന്നത്. ആവശ്യമെന്ന് തോന്നുമ്പോൾ കൈയിൽ കിട്ടിയ സിഗരറ്റ് പാക്കറ്റിൽ പോലും ഗാനങ്ങൾ അപ്പപ്പോൾ എഴുതി കൊടുക്കുന്ന ശീലമുള്ള ഒരാളായിരുന്നു ഇവിരിലെ കാസിം.

### *അബ്ദുൾ ഖാദറിന്റെ ചില പ്രശസ്തഗാനങ്ങൾ*

1. 1951 – തങ്കക്കിനാക്കൾ ഹൃദയേ വീശും / പരിതാപമിതേ ഹാ ജീവിതം (നവലോകം)

2. 1952 – ദൈവമേ കരുണാസാഗരമേ (അച്ഛൻ)

3. 1953 – ഹോ കളിയോടമേ (തിരമാല)

4. 1954 – എങ്ങിനെ നീ മറക്കും (നീലക്കുയിൽ)

5. 1956 – നക്ഷത്രപ്പുണ്ണുകളായിരം (മാണിക്യകൊട്ടാരം)

6. 1957 – ഇത്രനാൾ, ഇത്രനാൾ / നീ എന്തറിയുന്നു നീലതാരകമേ/ എന്തിന് കവിളിൽ ബാഷ്പധാര (മിന്നാമിനുങ്ങ്)

7. പച്ചപ്പനം തത്തേ പുന്നാര പൂമുത്തെ (നമ്മളൊന്ന് – ചെറുകാടിന്റെ നാടകം)

8. പാടാനോർത്തൊരു മധുരിതഗാനം പാടിയതില്ലല്ലോ

9. നമ്മുടെ ജനാധിപത്യ കേരളം, വന്നേപ്പിന്നെ ഞങ്ങൾ നടക്കും ആണുങ്ങളെപ്പോലെ (വിപ്ലവഗാനം)

10. പാടൂ, പുല്ലാങ്കുഴലേ മാടത്തിൻ നവഗാനം

പി. ജെ. ആന്റണിയുടെ നാടകങ്ങളിൽ കോഴിക്കോട് അബ്ദുൾ ഖാദറിന്റെ നിറഞ്ഞ സാന്നിദ്ധ്യമുണ്ടായിരുന്നു. പാട്ടുകഴിഞ്ഞാൽ അബ്ദുൾഖാദറിന് ഏറെയിഷ്ടം പ്രാവുകളെയായിരുന്നുവെന്നും പറഞ്ഞുകേൾക്കുന്നു.

# മച്ചാട്ട് വാസന്തി

കെ. പി. എ. സി.യുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിൽ വിജയകുമാരി (പിൽക്കാലത്ത് ഒ. മാധവന്റെ ഭാര്യ, നടൻ മുകേഷിന്റെ അമ്മ)ക്കസുഖം വന്നപ്പോൾ ബാലതാരമായി അഭിനയിക്കാനുള്ള അവസരം യാദൃശ്ചികമായി വന്നുപെട്ടത് മച്ചാട്ട് വാസന്തിക്കായിരുന്നു. ഇതിന് കാരണക്കാരൻ തോപ്പിൽ ഭാസിയും. ഇതായിരുന്നു തുടക്കം.

നെല്ലിക്കോട് ഭാസ്കരന്റെ 'തിളങ്ങുന്ന കടലി'ലെ ശാന്ത ടീച്ചർ, ബാലൻ കെ. നായർ, കുഞ്ഞാണ്ടി കൂട്ടുകെട്ടിന്റെ 'ഈഡിപ്പസ്സ്' നാടകത്തിലെ 'ജെക്കോസ്റ്റ'; തിക്കോടിയന്റെ പരകായപ്രവേശത്തിലെ അഞ്ജലി, കുതിരവട്ടം പപ്പു, കെ. പി. ഉമ്മർ ചേർന്നൊരുക്കിയ 'കറുത്ത പെണ്ണി'ലെ ആമിന, ബഹദൂറിന്റെ 'ബല്ലാത്ത പഹയ'നിലെ സൽമ, കണ്ടം ബെച്ച കോട്ടിലെ കുഞ്ഞീബി എല്ലാം മച്ചാട്ട് വാസന്തി നിറഞ്ഞഭിനയിച്ച നാടകങ്ങളാണ്. കെ. ടി. മുഹമ്മദിന്റെ നാടകങ്ങളിലും സജീവ സാന്നിദ്ധ്യമായിരുന്നു. നാടകങ്ങളിലെല്ലാം പാടി അഭിനയിക്കുന്ന രീതിയായതിനാൽ പാട്ടുപാടുന്നവർക്കായിരുന്നു കൂടുതൽ അവസരം.

പി. ജെ. ആന്റണിയുടെ ഉഴവുചാലിൽ നാലുവർഷത്തോളം ഇവർ അഭിനയിച്ചു. അതിലെ നാല് പാട്ടുകളും വാസന്തിയാണാലപിച്ചത്. 'കലാസാഗർ' മ്യൂസിക് ക്ലബ്ബ് സെക്രട്ടറി പി. കെ. ബാലകൃഷ്ണനാണ് വാസന്തിയുടെ ഭർത്താവ്. ദൂരസ്ഥലങ്ങളിലേക്ക് പോകുന്നത് ഇഷ്ടമില്ലാത്ത ആളായതിനാൽ കോഴിക്കോട് നടക്കുന്ന ഗാനമേളകളിലും ആകാശവാണിയിലുമായി ഇവരുടെ പ്രവർത്തനമേഖല ചുരുങ്ങി. 48ാം വയസ്സിൽ ഭർത്താവ് മരണമടഞ്ഞു. ഇത് ഏറെ ദുഃഖം പകർന്നൊരു സംഭവമായിരുന്നു. കട ബാദ്ധ്യത തീർക്കാൻ കൈയിലുള്ളതെല്ലാം നഷ്ടപ്പെടുത്തേണ്ടിവന്നു. തുടർന്ന് അവസരങ്ങൾ കുറഞ്ഞു. ഇടക്കിടെയുള്ള അപകടങ്ങൾ ദൂരയാത്ര ദുഷ്ക്കരമാക്കി. പലരുടേയും സഹായങ്ങൾ മാത്രമായിരുന്നു ഇക്കാലത്തൊരാശ്രയം. അഭിനയിച്ചും പാടിയും മോഹം തീരാതെ അവസാനിപ്പിക്കേണ്ടി വന്നതിവർക്ക് ഏറെ ദുഃഖം പ്രദാനം ചെയ്തു.

ഇവരുടെ പാട്ടിന്റെ അരങ്ങേറ്റം ഒമ്പതാം വയസ്സിൽ കണ്ണൂരിൽ വെച്ച് നടന്ന കിസാൻ സഭ സമ്മേളനത്തിൽ ഒരു വിപ്ലവഗാനം ആലപിച്ചുകൊണ്ടായിരുന്നു. 'പൊട്ടിക്കൂ പാശം, സമരാവേശം കൊളുത്തു വീരയുവാവേനീ' എന്ന ഗാനമാണന്ന് പാടിയത്. അച്ഛൻ മച്ചാട്ട് കൃഷ്ണൻ ഏറെ പ്രോത്സാഹനം നൽകി. അന്ന് പാടാനായി സ്റ്റേജിൽ കയറാനുള്ള അനുവാദം നൽകിയത് സ: ഇ. കെ. നായനാരായിരുന്നു. അച്ഛന് എം. എസ്. ബാബുരാജുമായുള്ള ബന്ധമാണ് കുടുംബത്തെ കോഴിക്കോട്ടെത്തിച്ചത്.

ചെറുകാടിന്റെ 'നമ്മളൊന്ന്' എന്ന നാടകത്തിലെ ബാബുരാജ് ഈണമിട്ട, പൊൻകുന്നം ദാമോദരന്റെ ഗാനം പാടി തുടക്കം. കോഴിക്കോട് അബ്ദുൾ ഖാദറിനൊപ്പം പാടിയ 'പച്ചപ്പനം തത്തേ, പുന്നാര പൂമുത്തെ' എന്ന ഹിറ്റ് ഗാനം പാടിയത് പതിമൂന്നാം വയസ്സിലാണ്.

2018ലെ ഭരത് പി. ജെ. ആന്റണി സ്മാരക അഭിനയ- സംഗീത പ്രതിഭാ അവാർഡ് മച്ചാട്ട് വാസന്തിക്കാണ് നൽകിയത്. 15000 രൂപയും, ഫലകവും, പ്രശസ്തി പത്രവും. ഇതിലൂടെ ലഭിച്ച തുക അവർക്കൊരു താങ്ങായി. കോഴിക്കോട് ഫറോക്കിന്നടുത്തുള്ളൊരു വീട്ടിൽ വിശ്രമജീവിതം നയിക്കുന്നു.

### *സിനിമാഗാനങ്ങൾ*

1. ആരുചൊല്ലിടും (1957 – മിന്നാമിനുങ്ങ് – ബാബുരാജ്)

2. കൊല്ലത്തുനിന്നൊരു (1957 – മിന്നാമിനുങ്ങ് – ബാബുരാജ് – മെഹബൂബിനൊപ്പം)

3. തത്തമ്മേ തത്തമ്മേ (1957 – മിന്നാമിനുങ്ങ് – ബാബുരാജ്)

4. കുഞ്ഞിപ്പെണ്ണിന് (1965 – അമ്മു – യൂസഫലി, ബാബുരാജ്) എൽ. ആർ ഈശ്വരി, ജാനകി എന്നിവരോടൊപ്പം

5. മണിമാരൻ തന്നത് – (1970 – ഓളവും തീരവും – ബാബുരാജ് – യേശുദാസിനൊപ്പം)

6. ചിത്രലേഖേ, പ്രിയംവദേ – (1971 – കുട്ട്യേടത്തി – ബാബുരാജ് – പി. ലീലയോടൊപ്പം)

7. അലർ ശരപതി താപമെന്തേ (അഷ്ടപതി) സ്വാതി തിരുനാൾ കൃതി കലാമണ്ഡലം സരസ്വതിയുടെ കൂടെ. (മോഹിനിയാട്ടം)

8. പത്തിരിചുട്ടു (2002) മീശമാധവൻ (വിദ്യാസാഗർ) എം. ജി. ശ്രീകുമാറിനൊപ്പം

### ചില നാടകഗാനങ്ങൾ

1. കണ്ടില്ലേ, കണ്ടില്ലേ, കാലം പോണൊരു കോലം – 'ജ്ജ് നല്ലൊരു മനിസനാവാൻ നോക്ക്' (അച്ഛൻ, എസ്.

കെ. ജമീല എന്നിവരോടൊപ്പം)

2. 'ഉച്ചമരപ്പൂന്തണലിൽ കൊച്ചുകളി വീട് കെട്ടി, അച്ഛനമ്മയായ് കളിച്ച തോർമ്മയുണ്ടോ ?' - ബാബുരാജിനൊപ്പം.

3. 'ചൂളിവരും കാറ്റിൽ മൂളിവരും വണ്ടേ' കറുത്തപൊന്നിൽ രാഘവന്റെ സംഗീതം.

***അടുത്ത ലക്കം :***
***ശാന്ത പി. നായർ, എ. പി. കോമള***

■ കവിത

# ദൈവത്തിന്റെ തടവറ



**അബ്ദുറബ്ബ് പറളി**
**9400227780**




ഇന്നീ മാത്സര്യപാതയിൽ
അതിജീവന ഭൂമികയിൽ
സ്വദൗർബല്യമോർക്കാൻ മനുഷ്യർ
മറന്നിടുമ്പോൾ
ദൈവത്തിന്റെ
അടയാളപ്പെടുത്തലത്രെ
ഈ മുറിവുകൾ
കാലാന്തരത്തിൽ മാഞ്ഞുപോവുന്ന
ഓരോ മുറിവുകളും
മായാത്ത ശരീരപ്പാടുകളാക്കി മാറ്റി
ദൈവമെന്നെ അപ്പോഴും ഒരു
തടവറയിലാക്കി.
നവയുഗ വൈദ്യങ്ങളും
ലേപനങ്ങളും കൊണ്ടുഞാൻ.
ആ തടവറകൾ ഒന്നൊന്നായി
പൊട്ടിച്ചെറിഞ്ഞപ്പോൾ
ജീവിത പ്രാരാബ്ധം തന്ന്
മനസ്സിനെ തന്നെ ഈശ്വരൻ
ശ്മശാനഭൂമിയാക്കി.
എല്ലാ വേദനകളും മാറ്റി
സുഖസുന്ദര സ്വർഗ്ഗം പൂകാൻ.
തുനിഞ്ഞുകയറീ ഇന്നാളാ
മലമടക്കുഞാൻ.
ആത്മഹത്യാശ്രമം
പാപം കുറ്റകരം എന്നോതി.
ജഡ്ജിയായ് ദൈവം
വീണ്ടുമെത്തിച്ചെന്നേ ജയിലറയിൽ.

■ ആരോഗ്യം

# നവജാതശിശുക്കൾക്കും കുട്ടികൾക്കും ഉണ്ടാകാവുന്ന ചില പ്രധാന രോഗങ്ങൾ




**ഡോ. സി. രാമകൃഷ്ണൻ**
**9447358663**


**നവജാതശിശുക്കൾക്ക് ഉണ്ടാകാവുന്ന ചില പ്രധാന രോഗങ്ങൾ**

1. **മഞ്ഞപ്പിത്തം (Icterus Neonatorum)**: ചുണ്ട് വിളർത്തിരിക്കുക, കണ്ണുകൾ, മൂത്രം, ശരീരം ഇവയ്ക്ക് മഞ്ഞനിറം കാണുക. ഇവയെല്ലാമാണ് രോഗലക്ഷണങ്ങൾ.

2. **ശ്വാസതടസ്സം** : ജനനസമയത്ത് പൊക്കിൾകൊടി കഴുത്തിൽ ചുറ്റിപ്പിടിക്കുന്നത് നിമിത്തം ശിശുവിന് ശ്വാസോച്ഛ്വാസത്തിന് തടസ്സം നേരിടുകയും അത് ഉടനെ പരിഹരിച്ചില്ലെങ്കിൽ ജീവഹാനി നേരിടുവാൻ സാദ്ധ്യതയുണ്ട്.

3. **മലബന്ധം** : ജനിച്ച് ഏതാനും മണിക്കൂറുകൾക്കകം ആദ്യത്തെ മലം (Meconium) വിസർജ്ജിക്കുവാനുള്ള താമസം.

4. **അപസ്മാരം** : താപനില അനിയന്ത്രിതമായി ഉയരുന്നതുനിമിത്തം അപസ്മാര (Fits) ലക്ഷണങ്ങൾ ഉണ്ടാവാൻ സാദ്ധ്യതയുണ്ട്.

5. **നീലനിറം** : ഹൃദയപ്രവർത്തന വ്യതിയാനം നിമിത്തം നവജാതശിശുക്കൾക്ക് ശരീരം നീലനിറം (Blue Baby) കാണപ്പെടുന്നതാണ്.

ശിശുക്കളുടെ ജനനം ആശുപത്രിയിൽ നടക്കുന്നതുകൊണ്ട് മേൽപറഞ്ഞ അസുഖങ്ങൾക്ക് ചികിത്സകൾ ആശുപത്രിയിൽ തന്നെ ലഭ്യമായിരിക്കും.

**കുട്ടികൾക്കുണ്ടാകാവുന്ന ചില പ്രധാന രോഗങ്ങൾ:**

1. **അംഗവൈകല്യങ്ങൾ** : ഗർഭാവസ്ഥയിൽ തന്നെ സ്കാനിങ്ങ് പരിശോധനയിലൂടെ വൈകല്യങ്ങൾ തിരിച്ചറിഞ്ഞ്; അതിന്നുള്ള തുടർച്ചയായ ചികിത്സയിലൂടെ കഴിയുന്നത്ര പരിഹരിക്കുവാൻ സാധിക്കും.

2. **മസ്തിഷ്കവീക്കം (Hydrocephalus)** : മസ്തിഷ്കത്തിൽ അമിതമായ ദ്രാവകം നിറയുന്നതുമൂലം അത് വീർത്ത് തല അസാധാരണമായി വലുതായി വരുന്നു. ഇതിന്ന് ഫലപ്രദമായ ചികിത്സകൾ എടുക്കുക മൂലം, അപകടാവസ്ഥയിൽ നിന്ന് മോചനം നേടാവുന്നതാണ്.

3. **ചുണ്ടുപിളർപ്പ് (Cleft lip)** : ജനനസമയത്ത് ചുണ്ടുകൾ പിളർന്നാവസ്ഥയിൽ കാണപ്പെടുന്നു. ഇങ്ങനെയുള്ള കുട്ടികൾക്ക് സംസാരസ്ഫുടത ഉണ്ടാവുകയില്ല. ശസ്ത്രക്രിയയിലൂടെ പരിഹരിക്കാവുന്നതാണ്.

4. **കുടിലവാതം (Rickets)** : വൈറ്റമിൻ 'ഡി' യുടെ കുറവുമൂലം കണ്ടുവരുന്ന രോഗമാണിത്. നീളമുള്ള അസ്ഥികൾക്കും നട്ടെല്ലിനും വളവ് കാണുന്നു. ആരംഭത്തിൽ തന്നെ ചികിത്സിച്ചുമാറ്റാവുന്നതാണ്. ഹോമിയോപതിയിൽ ഇതിന്നുള്ള ഫലപ്രദമായ മരുന്നുകൾ ഉണ്ട്.

5. **കോങ്കണ്ണ് (Squint Eye)** : ചില കുട്ടികളിൽ ഈ രോഗം കണ്ടുവരുന്നു. മരുന്നിലൂടെയോ, ശസ്ത്രക്രിയയിലൂടെയോ, കായികാഭ്യാസത്തിലൂടെയോ ഈ രോഗത്തിന് മോചനം നേടാവുന്നതാണ്.

6. **ജലദോഷം മൂക്കടപ്പ്** : വിട്ടുമാറാത്ത ജലദോഷം, മൂക്കടപ്പ്, തുമ്മൽ ഇവയെല്ലാം കുട്ടികൾക്ക് അനുഭവപ്പെടാറുണ്ട്. പ്രതിരോധശക്തി കുറയുന്നതുമൂലം ഈ രോഗലക്ഷണങ്ങൾ കണ്ടുവരുന്നു. മരുന്നിലൂടെ ചികിത്സിച്ചുമാറ്റാവുന്നതാണ്. ഇതിന്ന് ഹോമിയോ ചികിത്സ വളരെ ഫലപ്രദമാണ്.

7. **കഫത്തിന്റെ ശല്യം** : തൊണ്ടയിലും, ശ്വാസനാളിയിലും ഉണ്ടാവുന്ന

കഫക്കെട്ട് മൂലം ചുമയും അസ്വസ്ഥതയും, ഇടയ്ക്കിടക്ക് കുട്ടികളെ ശല്യപ്പെടുത്തുന്നു. കഫങ്ങളെ പ്രോത്സാഹപ്പെടുത്തുന്ന ആഹാരങ്ങൾ, അമിതമായ പാലിന്റെ ഉപയോഗം ഇവയെല്ലാമാണ് കാരണങ്ങൾ. ശ്വസനത്തിന്നുള്ള തടസ്സങ്ങളും ഉണ്ടാവുന്നതാണ്. സമയോചിത മരുന്നുകളുടെ പ്രയോഗം മൂലം നിയന്ത്രിക്കാവുന്നതാണ്. ഇതിന്ന് ഹോമിയോ ചികിത്സ വളരെ ഫലപ്രദമാണ്.

**8. ടോൺസിലൈറ്റിസ് - അഡെനോയ്ഡ് (Tonsilitis - Adenoid)** : തൊണ്ടയിലെ ഇരുവശത്തും കാണുന്ന ദശകൾക്ക് (Tonsils) വീക്കവും നീർക്കെട്ടും, ചിലപ്പോൾ പനിയും തൊണ്ട വേദനയും കുട്ടികൾക്ക് അനുഭവപ്പെടാറുണ്ട്, ഇതിന്ന് ഫലപ്രദമായ ചികിത്സ എടുക്കേണ്ടതുണ്ട്. ഫലപ്രദമായ ഹോമിയോ ചികിത്സയിലൂടെ സുഖപ്പെടുത്തുവാൻ സാധിക്കും. മാത്രമല്ല അനാവശ്യ ശസ്ത്രക്രിയ ഒഴിവാക്കുകയും ചെയ്യാം. അതുപോലെത്തന്നെ, മൂക്കിന്റെ താഴെയും ടോൺസിൽസിന്റെ മുകൾഭാഗത്തും സ്ഥിതി ചെയ്യുന്ന ദശ വളർച്ചയും നീർക്കെട്ടും (Adenoid) മൂലം മൂക്കടപ്പ് ഉണ്ടാവുകയും ശ്വാസോച്ഛ്വാസം നടത്തുവാനുള്ള പ്രയാസം മൂലം വായയിൽ കൂടിയുള്ള ശ്വസനക്രിയ നടത്തുമ്പോൾ കൂർക്കംവലി പോലെയുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു (Snoring). ഇതിന്റെ അനന്തരഫലമായി കേൾവിക്കുറവും ഉണ്ടാവുന്നു. രോഗത്തെ തിരിച്ചറിയാതെ കേൾവിക്കുറവിന്ന്, ചെവിക്കുള്ള രോഗമാണെന്ന് തെറ്റായ നിഗമനത്തിലെത്തി, ചെവിക്കുമാത്രം ചികിത്സയെടുത്ത സംഭവങ്ങളുണ്ടായിട്ടുണ്ട്. അഡനോയിഡിന് ഫലപ്രദമായ ഹോമിയോ ചികിത്സയുണ്ട്. അനാവശ്യ ശസ്ത്രക്രിയയെ ഒഴിവാക്കുകയും ചെയ്യാം.

**9. ഡിഫ്ത്തീരിയ (Diphtheria)** : കുട്ടികളുടെ തൊണ്ടയെ ബാധിക്കുന്ന ഈ അസുഖം, പ്രതിരോധ മരുന്നുകളുടെ പ്രയോഗം നിമിത്തം ഈ രോഗത്തെ നിയന്ത്രിക്കുവാൻ കഴിഞ്ഞു.

**10. പിള്ളവാതം (Poliomyelitis)** : സമയോചിത പ്രതിരോധ മരുന്നുകൾ മൂലം ഈ രോഗത്തെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**11. മീസിൽസ്-ചിക്കൻപോക്സ്:** ഇവയെ പ്രതിരോധിക്കുവാനും, ചികിത്സിക്കുവാനുമുള്ള മരുന്നുകൾ ലഭ്യമാണ്. ഹോമിയോ ചികിത്സ മുൻപന്തിയിൽ നില്ക്കുന്നു.

**12. വായുക്ഷോപം** : കുട്ടികൾക്ക് ഇടക്കിടക്ക് വായുക്ഷോപം ഉണ്ടാവുന്നതുമൂലം വയറുവേദന അനുഭവപ്പെടാറുണ്ട്. മരുന്നുകൾ ഉപയോഗിച്ച് രോഗത്തിന്ന് ശമനം നേടാം.

**13. പല്ലുമുളയ്ക്കൽ** : പല്ലുകൾ മുളയ്ക്കുന്ന സമയത്ത് കുട്ടികൾക്ക്, തൊണ്ണ് വേദനയും ചെറിയ തോതിലുള്ള പനിയും വയറിളക്കവും ഉണ്ടാവുന്നു. രോഗത്തെ തിരിച്ചറിഞ്ഞ് ചികിത്സ എടുക്കണം.

**14. വിരശല്യം** : വിരശല്യം ഇടക്കിടക്ക് കുട്ടികൾക്കുണ്ടാവാൻ സാധ്യതയുണ്ട്. ഇടക്കിടക്ക് വയറുവേദന, ദേഹം മെലിഞ്ഞുവരിക, രാത്രിയിൽ കിടക്കയിൽ മൂത്രമൊഴിക്കുക ഇവയെല്ലാം രോഗലക്ഷണങ്ങളാണ്. ഇതിന്നുള്ള മരുന്നുകൾ ഇടക്കിടക്ക് കൊടുക്കേണ്ടതാണ്.

**15. ഹെർണിയ (കുടലിറക്കം)** : വയറിലോ (umbilical) അടിവയറും തുടയും ചേരുന്ന ഭാഗത്തോ (Inguinal) ആൺകുട്ടികൾക്ക് വൃഷണങ്ങളിലോ ഉണ്ടാകുന്ന രോഗമാണ്. രോഗാരംഭത്തിൽ തന്നെ ചികിത്സകളെടുക്കുകയാണെങ്കിൽ ശസ്ത്രക്രിയ ഒഴിവാക്കാം. ഇതിന്ന് ഹോമിയോപതിയിൽ ഫലപ്രദമായ ചികിത്സ ലഭ്യമാണ്.

**16. കിടക്കയിൽ മൂത്രം ഒഴിക്കൽ (Enuresis)** : കുട്ടികൾ രാത്രിയിൽ ഉറക്കത്തിൽ കിടക്കയിൽ മൂത്രം ഒഴിക്കുന്ന സ്വഭാവം കാണാറുണ്ട്. ഈ മൂത്രസഞ്ചിയിലെ ഞരമ്പുകളുടെ അനിയന്ത്രിത പ്രവർത്തനം മൂലമോ, വിര ശല്യം മൂലമോ രോഗത്തിന്നു കാരണമാകുന്നു. മരുന്നുകൾ മൂലം നിയന്ത്രിക്കുവാൻ സാധിക്കും.

നവജാതശിശുക്കൾക്കും കുട്ടികൾക്കും ഉണ്ടാകാവുന്ന ചില പ്രധാന രോഗങ്ങളെപ്പറ്റിയാണ് മേൽ വിവരിച്ചത്. കുട്ടികളുടെ ആരോഗ്യ സംരക്ഷണങ്ങളെപ്പറ്റിയുള്ള ബോധോദയം രക്ഷിതാക്കൾക്കുണ്ടാകണം. എങ്കിൽ മാത്രമേ കുട്ടികളെ രോഗവിമുക്തരാക്കുവാൻ സാധിക്കുകയുള്ളൂ. ●

■കഥ

# കുഞ്ഞുവും പൊന്നുവും




നന്ദന . കെ
അഞ്ചാം തരം
ഗവ. മോയൻ ഹൈസ്കൂൾ,
പാലക്കാട്

ഒരുദിവസം പതിവുപോലെ കുഞ്ഞുവും പൊന്നുവും പന്തെറിഞ്ഞ് കളിക്കാൻ തുടങ്ങി. കളിച്ചുകൊണ്ടിരിക്കുമ്പോൾ പന്ത് എവിടെയോ ചെന്നുവീണു. അപ്പോൾ കുഞ്ഞു പൊന്നുവിനോട് പറഞ്ഞു പന്ത് ഞാനെടുത്തിട്ട് വരാം. പൊന്നു ശരിയെന്നു പറഞ്ഞു. തിരഞ്ഞുനോക്കുമ്പോൾ ആ പന്ത് പുല്ലിന്റെ ഇടയിൽ കിടക്കുന്നു. അവൾ അതെടുത്തു. പെട്ടെന്ന് എന്തോ കാലിൽ കുടുങ്ങി. നോക്കിയപ്പോൾ ഒരു വള്ളിയായിരുന്നു. അടുത്തുള്ള മരത്തിൽ പിടിച്ചുകൊണ്ട് ആ വള്ളിയെടുത്തു മാറ്റി. എന്നിട്ടവൾ പന്തും കൊണ്ട് പതിയെ തിരിഞ്ഞുനടന്നു. നടക്കുമ്പോൾ ആ മരത്തിലേക്കൊന്ന് നോക്കി. ആ മരത്തിൽ നിറയെ മാമ്പഴം. അവൾ പൊന്നിവിന്റടുത്ത് ചെന്ന് പറഞ്ഞു - ചേച്ചി അവിടെ ഒരു മരത്തിൽ നിറയെ മാമ്പഴം. എനിക്ക് ഒരു മാമ്പഴം വേണം. പൊന്നു മറുപടി പറഞ്ഞു - വേണ്ട കുഞ്ഞു, നമ്മുടെ വീട്ടിൽ മാവുണ്ടല്ലോ. പിന്നെ എന്തിനാ പറിക്കുന്നേ ? അവൾ വാശിപിടിച്ചു. നിവൃത്തിയില്ലാതെ പൊന്നു സമ്മതിച്ചു. കുഞ്ഞു ഒരു കല്ലെടുത്ത് മാങ്ങക്കെറിഞ്ഞപ്പോൾ ആ കല്ല് ഒരു തേനീച്ച കൂടിൽ തട്ടി അപ്പോൾ തേനീച്ചകളെല്ലാം കൂടി വന്ന് കുഞ്ഞുവിനെ കുത്തി നോവിച്ചു. അവൾ ഓടിയെങ്കിലും ഫലമുണ്ടായില്ല. ആവശ്യമില്ലാതെ എന്തിനാ കുഞ്ഞു എറിഞ്ഞത് ? ഞാൻ പറഞ്ഞതല്ലേ വേണ്ടാന്ന്.

*ഗുണപാഠം :* അനുസരണക്കേട് ആപത്ത്. (മുതിർന്നവർ പറയുന്നത് അനുസരിച്ചില്ലെങ്കിൽ ഇങ്ങനെയുള്ള അപകടങ്ങളെല്ലാം ഉറപ്പ്) ●

# കടമ്പ അല്ലാത്ത പത്താം തരം



ഡോ. ഒ. സി. പ്രമോദ്
9446071421

ഇന്നത്തെക്കാലത്ത് നമ്മുടെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ പത്താം തരത്തിൽ തോൽക്കുക എന്നത് അസാധ്യമായ കാര്യമാണെന്ന് തോന്നുന്നു. കുറച്ച്കാലം മുമ്പ് പരീക്ഷ എഴുതാത്തവർക്ക് പോലും എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റ് നൽകി നമ്മുടെ വിദ്യാഭ്യാസ അധികാരികൾ (അതോ വിദ്യ ആഭാസകരമാക്കിയവരോ ?) നമ്മുടെ കുട്ടികളെ രോമാഞ്ചം കൊള്ളിച്ചിട്ടുണ്ട്. പണ്ട് കാലത്ത് എസ്. എസ്. എൽ. സി. പരീക്ഷ എന്നത് ഒരു കടമ്പ തന്നെ ആയിരുന്നു. മൊത്തം പേരിൽ 25% പോലും വിജയിക്കാത്ത അവസ്ഥയിൽ നിന്നും മാർക്ക് വാരിക്കോരി നൽകി 95 ശതമാനത്തിൽ കൂടുതൽ സംസ്ഥാന ശരാശരി ആക്കിയിരിക്കുന്നു. തക്കതായ കാരണം ഒന്നും ഇല്ലാതെ ആരും പത്താം തരം തോറ്റുപോകുന്നില്ല എന്നത് വാസ്തവം. നിരന്തര മൂല്യനിർണ്ണയത്തിലൂടെ (CE) 10 മാർക്ക് ദാനം കിട്ടുകയും ആരുടെയെങ്കിലും ഔദാര്യത്തിലൂടെ ഓരോ വിഷയത്തിനും വെറും 5 മാർക്ക് വാങ്ങുകയും ചെയ്താൽ ഇന്നത്തെക്കാലത്ത് പത്താം തരം കടന്നുകൂടാൻ ഒട്ടും പ്രയാസമില്ല.

തക്കതായ കാരണത്താൽ 10ാം തരം കടന്ന് കൂടാത്തവർ ഒരു തരത്തിൽ പറഞ്ഞാൽ ഭാഗ്യവാന്മാരാണ്. ചില ജോലികൾ 10ാം തരം തോറ്റവർക്ക് വേണ്ടി മാത്രമായി സംവരണം ചെയ്തിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉള്ള അപാകതകൾ പരിഹരിച്ചിട്ട് ജോലിയും വിദ്യാഭ്യാസവും മതി എന്ന് വച്ചാൽ ഗണപതി കല്യാണം പോലെ കാത്തിരിക്കാം എന്ന് മാത്രം. ബുദ്ധിയുള്ളവർ (പ്രായോഗിക ജ്ഞാനം എന്ന് പറയുന്നതാണ് ശരി) സാഹചര്യത്തിന് അനുസരിച്ച് നിന്ന് ജീവിത വിജയം കരസ്ഥമാക്കും.

പല നാഷണലൈസ്ഡ് ബാങ്കുകളിലേയും അറ്റൻഡർ തസ്തികകൾ പത്താംതരം പാസ്സാകാത്തവർക്ക് വേണ്ടി നീക്കിവെച്ചിരിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡിൽ മസ്ദൂർ തസ്തികയും പത്താം തരം പാസ്സാകാത്ത ആൺകുട്ടികൾക്കുള്ളതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിലേക്കുള്ള നിയമനത്തിന് 7ാം തരം പാസ്സായാൽ മതി. പത്താം തരം ജയിച്ചവർക്ക് ഡിപ്പാർട്ടുമെന്റ് ക്വാട്ട വഴി പിന്നീട് പ്രമോഷൻ സാധ്യതയും ഉണ്ട്.

കരസേനയിൽ പത്താം തരം തോറ്റവർക്ക് Non-matric ട്രേഡുകളിൽ തൊഴിൽ അവസരം ഉണ്ട്. ഐ.ടി.ഐ.കളിൽ പത്ത് പാസ്സാകാത്തവർക്കും പഠിക്കാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ഒരു വർഷത്തെ KGCE (Kerala Government Certificate Examination) സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയാൽ സാങ്കേതിക മേഖലയിൽ ജോലിയിൽ പ്രവേശിക്കാനാവും. Carpenter, Plumber, Welder, Diesel Mechanic, Automobile, AC & Refrigeration തുടങ്ങിയ ട്രേഡ് പഠിക്കാൻ പത്താം തരം പാസ്സാകേണ്ട കാര്യമില്ല.

സർക്കാർ സർവ്വീസിലേക്കുള്ള ഡ്രൈവർ തസ്തികയ്ക്ക് പത്താം തരം പാസ്സാകേണ്ട കാര്യമില്ല. KSRTC ഡ്രൈവർമാരടക്കമുള്ള പലരും പത്താം തരം കടന്നവരല്ല എന്നത് ഒരു യാഥാർത്ഥ്യം. അവർ ലൈറ്റ് മോട്ടോർ വെഹിക്കിൾ (LMV) അഥവാ ഹെവി മോട്ടോർ വെഹിക്കിൾ (HMV) ലൈസൻസും ബാഡ്ജും നേടണം എന്ന് മാത്രമേ ഉള്ളു. കുറച്ചുകാലങ്ങളായി 10ാം തരം ഒരു കടമ്പ അല്ലാത്തതിനാൽ മിക്കവരും പത്താം തരം കടന്നുകൂടി എന്ന് മാത്രം.

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ചേർന്ന് തയ്യൽ, ചിത്രകല തുടങ്ങിയവ പഠിക്കാൻ പത്താം തരം കടക്കേണ്ട ആവശ്യം ഇല്ല. സ്വയം തൊഴിൽ, സർക്കാർ ജോലി തുടങ്ങിയവർക്ക് ഇത് ഉപകരിക്കും. സ്ക്രീൻ പ്രിന്റിംഗ് (Screen Printing), Handloom technology, ഫോട്ടോഗ്രാഫി, ഇന്റീരിയർ ഡെക്കറേഷൻ, ഇലക്ട്രോപ്ലേറ്റിംഗ്, ബുക്ക് ബയിന്റിംഗ്, ഹൗസ് വയറിംഗ്, വാച്ച് സർവ്വീസിംഗ്, റേഡിയോ-ടിവി റിപ്പയറിംഗ്, X-ray Welding, Spray Painting ബ്യൂട്ടിപാർലർ തുടങ്ങിയവ പഠിക്കാനും ജോലി തേടുന്നതിനും പത്താം തരം പാസ്സാവേണ്ട കാര്യമില്ല.

പ്രൈവറ്റ് ബസ്സുകളിൽ കണ്ടക്ടർ ആകാൻ 'കണ്ടക്ടർ ലൈസൻസ്' എടുത്തിരിക്കണം. അതിന് പത്താം തരം വരെ പഠിക്കണമെന്നുണ്ട്. പക്ഷെ പാസ്സാകണമെന്ന് നിർബന്ധമില്ല. നന്നായി പഠിച്ചുവന്നവർ എന്തെങ്കിലും കാരണത്താൽ പത്താം തരം എഴുതാൻ പറ്റാതെ കുടുംബസാഹചര്യം കൊണ്ട് ഏതെങ്കിലും തൊഴിൽമേഖലയിലേക്ക് ഏർപ്പെടേണ്ടി വരുന്നവർക്ക്, അല്പസ്വല്പം ലോകപരിചയം കൂടി ഉണ്ടെങ്കിൽ പത്താം തരം ജയിച്ചില്ലെങ്കിലും കാലിക്കറ്റ് സർവ്വകലാശാല നടത്തുന്ന ഓപ്പൺ സ്കീം കോഴ്സിൽ ചേർന്ന് ഒരു ഡിഗ്രി നേടാവുന്നതാണ്. പ്രസ്തുത കോഴ്സിൽ ചേരുന്നതിന് മുമ്പ് ഒരു പ്രവേശന പരീക്ഷ പാസ്സാകേണ്ടതുണ്ട്. അല്പസ്വല്പം ബോധമുള്ള പരിശ്രമശാലികൾക്ക് പ്രവേശന പരീക്ഷ ജയിക്കുവാനാകും. മൂന്ന് മണിക്കൂർ വീതമുള്ള 3 പേപ്പറുകളാണ് പ്രവേശന പരീക്ഷക്ക് ഉള്ളത്. പേപ്പർ ഒന്ന് ഇംഗ്ലീഷ്, പേപ്പർ രണ്ട് മലയാളം/ഹിന്ദി, ഇവയും ഹിസ്റ്ററി, പൊളിറ്റിക്സ്, കൊമേഴ്സ് തുടങ്ങിയവ അടങ്ങിയ 3ാം പേപ്പറും ആണിവ. പ്രവേശന പരീക്ഷ പാസ്സാകുന്ന

വർക്ക് ബി.എ/ബി.കോം ന് പ്രവേശനം നല്കും. തുടർന്ന് മൂന്ന് വർഷങ്ങളിലായി നടത്തുന്ന മുഴുവൻ പരീക്ഷകളും ജയിച്ചാൽ സർവ്വകലാശാല ഒരു ഡിഗ്രി സമ്മാനിക്കുന്നതാണ്. ഈ ഡിഗ്രി മറ്റ് യൂണിവേഴ്സിറ്റികളുടെ ഡിഗ്രികൾക്ക് തുല്യവും അംഗീകാരം ഉള്ളതുമാണ്.

സ്വന്തമായി കച്ചവട സ്ഥാപനങ്ങൾ നടത്തുന്നതിനോ വിവിധ തരം പ്രൈവറ്റ് ജോലികൾക്കോ പത്താം തരം പാസ്സാകണമെന്നില്ല. സത്യസന്ധന്മാരേയും ആത്മാർത്ഥതക്കാരേയും കഠിനാദ്ധ്വാനികളേയും ആണ് ഈ ലോകത്തിന് ആവശ്യം. ഈ തൃഗുണങ്ങളും ഉള്ളവർ ആരുടെ മുമ്പിലും തല കുനിക്കേണ്ടി വരില്ല, അവർക്ക് ജീവിതവിജയം ഉണ്ടാകും. ഒരുപക്ഷെ ഉന്നത ഡിഗ്രിയുള്ളവരെപ്പോലും കടത്തിവെട്ടാൻ തൃഗുണങ്ങൾ ഉള്ളവർക്ക് കഴിയും എന്ന് കാലാകാലങ്ങളായി പലരും തെളിയിച്ചിട്ടുണ്ട്. അക്കാദമിക് പരീക്ഷകൾ ജയിക്കുന്നതിനേക്കാൾ പ്രാധാന്യം ജീവിതവിജയം നേടുക എന്നതാണ്. പരിശ്രമശാലികൾക്ക് ജീവിതവിജയം സുനിശ്ചിതമാണ്. ●

**ജയ ചന്ദ്രൻ**
**8593949935**



### *1) ഇടിച്ചക്ക പൊടിത്തൂവൽ*

***ആവശ്യമായവ***

1) ഇടിച്ചക്ക മുള്ളും മൂക്കും മാറ്റി കഷണങ്ങളാക്കി പാകത്തിന് ഉപ്പ് ചേർത്ത് വേവിച്ചത് (അധികം വേവരുത്) ചതച്ചെടുത്തത് 2 കപ്പ്.
2) നാളികേരം ചിരകിയത് - $^3/_4$ കപ്പ്
3) ഉണക്കമുളക് - 2 എണ്ണം മൂന്നായി മുറിച്ചത്
4) ഉഴുന്നുപ്പരിപ്പ് - 2 സ്പൂൺ
5) കറിവേപ്പില - 1 തണ്ട്
6) കടുക് - 1 സ്പൂൺ
7) വെളിച്ചെണ്ണ - 1 വ. സ്പൂൺ

**പാകം ചെയ്യേണ്ട വിധം**

ചീനച്ചട്ടിയിലോ പാനിലോ എണ്ണ ഒഴിച്ച് ചൂടാകുമ്പോൾ കടുക് ചേർക്കുക. കടുക് പൊട്ടിയാൽ ഉഴുന്നുപ്പരിപ്പ്, മുളക്, കറിവേപ്പില എന്നിവ ചേർത്ത് മണം വന്നാൽ ചക്ക ചേർത്തുലർത്തുക. അവസാനം നാളികേരവും ചേർക്കാം. ഇത് പ്രായഭേദമന്യേ എല്ലാവർക്കും കഴിക്കാൻ പറ്റുന്ന പോഷകം നിറഞ്ഞ വിഭവമാണ്.

### *2. ചക്കദോശ*

സാധാരണ ദോശക്ക് അരയ്ക്കുന്ന കൂട്ടിൽ മൂന്നിൽ ഒരുഭാഗം വേവിച്ചെടുത്ത ഇടിച്ചക്ക ചേർത്തരച്ചാൽ കൂടുതൽ സ്വാദിഷ്ടവും പോഷകമുള്ളതുമാകും. ഇതിന് പ്രമേഹത്തെ നിയന്ത്രിക്കാനുമാകുമത്രെ. പച്ചച്ചക്ക പൊടിക്കാനും അരക്കാനുമുള്ള ബുദ്ധിമുട്ട് കണക്കിലെടുത്താണ് വേവിച്ചുപയോഗിക്കുന്നത്. ●

■കഥ

# വേഷം കെട്ടൽ

ഇ. ടി. മുരളീധരൻ
9446443321

"എന്താ അമ്മിണി ചേച്ചി, കാലിനൊരു ഞൊണ്ടൽ ?"

"അതുപിന്നെ, നമ്മുടെ വാസുവേട്ടന്റെ മകന്റെ കല്യാണറിസപ്ഷന് പോയപ്പോൾ ഒന്നു വീണു."

"അടിതെറ്റിയാൽ ആനയും വീഴുമെന്നല്ലേ പഴമൊഴി."

"ഇത് അടി തെറ്റിയതൊന്നുമല്ല. ചെയറിലിരുന്നപ്പോൾ ചെയറൊടിഞ്ഞുപോയി."

"ഇരിക്കുമ്പോൾ ചെയറിനെ ശ്രദ്ധിച്ചില്ലേ ? തുണി പൊക്കി നോക്കിയില്ലേ അപ്പോൾ ?"

"എന്ത് വൃത്തികേടാണീ പറയുന്നത്? തുണി പൊക്കി നോക്കുകയോ ? ആരുടെ ?"

"ചെയറിന്റെ. ചെയറെല്ലാം ഉടുപ്പിട്ടാണല്ലോ ഇരിക്കുന്നത്. ഉടുപ്പിന് നല്ല ഭംഗിയുണ്ട് എന്നുവെച്ച് ചെയറിന് പ്രായമായില്ലേ ? രാഷ്ട്രീയക്കാരുടെ പിന്നെ ജാതി മത ഭേദമില്ലാതെ നടത്തുന്ന എല്ലാ മീറ്റിംഗുകളിലും മണിക്കൂറുകൾക്കുമുമ്പേ എത്തി വെയിലുകൊണ്ട് ഗ്ലാമറുനഷ്ടപ്പെട്ട ചെയറുകളാണ് ഉടുപ്പിട്ട് കല്യാണത്തിന് വരുന്നത്. ഇതാരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ ? ചെയറിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അതിനുമില്ലേ വാർദ്ധക്യം, സഹിക്കുന്നതിനൊരു പരിധി. ആട്ടെ, ചേച്ചി എവിടേക്ക്യാ രാവിലെ ധൃതിപിടിച്ച് പോകുന്നത് ?"

"അപ്പോ അറിഞ്ഞില്ലേ ? സുനിൽ മോൻ മരിച്ചു."


"മരിച്ചോ ? അതെപ്പോ ?"

"വിശ്വസിക്കാനാവുന്നില്ല അല്ലേ ? എനിക്കിപ്പോഴും വിശ്വാസം വരുന്നില്ല. ഞാനീ നാട്ടിലേയ്ക്ക് ചേക്കേറിയപ്പോൾ ആദ്യമായി പരിചയപ്പെട്ട രണ്ടുവ്യക്തികളാണ് പങ്കജാക്ഷ മേനോനും പിന്നെ ഈ സുനിലും. എന്നാലും ഈ സുനിൽ മരിച്ചു എന്നത് വിശ്വസിക്കാനാവുന്നില്ല. വേറൊന്നും തോന്നരുത് ഞാൻ, മരിച്ചു എന്നുകേട്ടപ്പോൾ പങ്കജാക്ഷ മേനോനാവും എന്നാണ് കരുതിയത്."

"എന്താ ചേച്ചീ പറയുന്നത്? സുനിൽ മോന് വയസ്സ് എൺപത്തിരണ്ടായി. തലയെല്ലാം കറുപ്പിച്ച് മേക്കപ്പിട്ടാണ് നടപ്പ്. സ്ത്രീകളെ കാണുമ്പോൾ പഞ്ചാര വർത്തമാനവും പറയും അദ്ദേഹം എന്നുവെച്ച് മേക്കപ്പ് മാത്രം പോരല്ലോ, അതുകൊണ്ട് ഇതുവരെ ആരേയും പീഡിപ്പിച്ചില്ലെന്ന് മാത്രം. പങ്കജാക്ഷ മേനോൻ എന്ന പേരിനാണ് പ്രായം. ആൾക്ക് മുപ്പത്തിയഞ്ച് വയസ്സേ ഉള്ളൂ. അവന് പതിനാറിൽ തുടങ്ങിയതാ നര. ഡൈ ഉപയോഗിക്കില്ലെന്ന വാശിയിലാണ്. ഇക്കാലത്താരെങ്കിലും ഡൈ ഉപയോഗിക്കാത്തവരായി ഉണ്ടോ ? മേക്കപ്പിട്ട് മെനഞ്ഞു നടക്കുന്നവരെയാണ് നമുക്കിഷ്ടം. കുട്ടികൾക്കൊന്നും മുതിർന്നവരോട് തീരെ ബഹുമാനമില്ലാത്തതിൻെറ കാരണവും ഈ വേഷം കെട്ടലുതന്നെയല്ലെ ചേച്ചി. കുട്ടികളേക്കാളും ചെറുപ്പമായല്ലേ നടപ്പ്. പിന്നെങ്ങിനെ അവരുടെ ആദരവ് കിട്ടും."

അമ്മിണി ചേച്ചി ഒരുനിമിഷം ആലോചിച്ചു. എന്നിട്ട് പാതയോരത്ത് നിർത്തിയിട്ടിരുന്ന ബൈക്കിന്റെ കണ്ണാടിയിലൊന്ന് മുഖം നോക്കി. ഈ വേഷം മരണവീട്ടിലേയ്ക്ക് യോജിച്ചതല്ല. അമ്മിണി ചേച്ചി തിരിഞ്ഞുനടന്നു.

# തിരക്കിനിടയിലും



**രാജേന്ദ്രൻ വയല**
**9446377201**

**'എ**ത്ര ചെടികളുടെ പേരറിയാം, എത്ര പൂക്കളുടെ, ജീവികളുടെ പേരറിയാം...' എന്നുതുടങ്ങുന്ന ഒരു ജൈവപരിചയഗാനം എത്രയോ ഇടങ്ങളിൽ വച്ച് നമ്മളൊക്കെയും കേട്ടിരിക്കുന്നു. ഈ നാലഞ്ച് വാക്കുകളിലും തുടർന്നുള്ള വരികളിലും തുടിച്ചുനിൽക്കുന്നത് അതിമഹത്തായൊരു ആശയപ്രപഞ്ചമാകുന്നു. ഒരുപക്ഷെ അതേക്കുറിച്ച് അത്ര ഗൗരവതരമായി ചിന്തിച്ചിട്ടുണ്ടാവില്ല എന്നതല്ലേ ശരി.

ഈ പ്രപഞ്ചത്തിൽ, നമ്മുടെ ചുറ്റുപാടുകളിലെല്ലാം പച്ചപ്പുകളുണ്ട്. പലനിറത്തിലുള്ള പൂക്കളും. വളരെ വളരെ ചെറിയ ജീവവർഗ്ഗം മുതൽ വലിയവ വരെയുണ്ട്. അതേക്കുറിച്ചൊക്കെ പഠിച്ചുവയ്ക്കുക അത്ര പ്രായോഗികമല്ലെന്നും ജീവിതത്തിൽ പ്രധാനപ്പെട്ട മറ്റന്തെല്ലാം കാര്യങ്ങളുണ്ട് എന്നല്ലേ നമ്മുടെയൊക്കെ 'മട്ടും മാതിരിയും'.

കാര്യം ശരിയാണ്. തിരക്കുപിടിച്ച ദൈനംദിന വ്യാപാരങ്ങൾക്കിടയിൽ നമ്മുടെ പരിസരങ്ങളെക്കുറിച്ചറിയാനോ അന്വേഷിക്കാനോ നേരമില്ലെന്നത് നേരുതന്നെയാണ്. എങ്കിലും ഒന്നു തിരിഞ്ഞുനോക്കിയാൽ ഇഷ്ടമുള്ള കാര്യങ്ങൾക്കായി എത്രനേരം വിനിയോഗിക്കാനും നമുക്ക് നേരമുണ്ടെന്നതും ശരിതന്നെയാകുന്നുവല്ലോ. ടി. വി.യുടെ മുന്നിൽ ചടഞ്ഞിരിക്കാനും കൂട്ടുകാരോടൊത്ത് സ്വകാര്യം പറയാനും കറങ്ങിനടക്കാനുമൊക്കെ തിരക്കിനിടയിലും നാം സമയം കണ്ടെത്തുക തന്നെ ചെയ്യുന്നു.

തിരക്കുണ്ടെന്നു പറയുകയും നടിക്കുകയും ചെയ്യുന്ന നമ്മേക്കാളൊക്കെ എത്രയോ അധികം തിരക്കുള്ളവരാണ് (ആയിരുന്നു) തിരക്കിന്നിടയിലും നേരം കണ്ടെത്തി ഇന്നും പൊതുനന്മയ്ക്ക് ഉപകരിക്കുന്ന പ്രവൃത്തികൾ ചെയ്തുവച്ചിട്ടുള്ളതെന്ന് ഓർക്കാൻ നാം മെനക്കെടാറില്ല എന്നതിലാണ് കാര്യം.

സ്വാതന്ത്ര്യസമരത്തിന്റെ സമഗ്രേ നേതൃത്വം കൈയ്യാളിയിരുന്ന തിരക്കുപിടിച്ച ജീവിതത്തിന്നിടയിലാണ് നമ്മുടെ മഹാത്മജി നേരിട്ടുകിട്ടുന്ന എത്രയധികം കത്തുകൾ വായിക്കാനും അതിനൊക്കെയും മറുപടിയെഴുതാനും, യോഗങ്ങൾ സംഘടിപ്പിക്കാനും, പത്രലേഖനങ്ങളെഴുതാനും, യാത്ര ചെയ്യാനും പുസ്തകങ്ങളെഴുതാനുമൊക്കെ സമയം കണ്ടെത്തിയിരുന്നത്. അതുപോലെ തിരക്കുപിടിച്ച ഔദ്യോഗിക - അനൗദ്യോഗിക കൃത്യാന്തരവ്യാപനത്തിനിടയിൽ തന്നെ ബൃഹദ്കൃതികൾ വായിക്കാനും എഴുതാനും കലാസ്വാദനത്തിനുമൊക്കെ സമയം കണ്ടെത്തി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു.

മലയാളം തൊട്ടറിയാത്ത ജർമ്മൻ സായ്പ്പായ ഹെർമ്മൻ ഗുണ്ടർട്ട് കേരളത്തനിമ തൊട്ടറിഞ്ഞ് അതിലാകൃഷ്ടനായി മലയാളം പഠിച്ചറിഞ്ഞ് ഓരോ ചെടികളുടേയും പൂക്കളുടേയും ഒക്കെ പേരന്വേഷിച്ചറിഞ്ഞ് നോട്ട് ബുക്കിൽ കുറിച്ചുവെയ്ക്കാനും മലയാളത്തിനൊരു ആദ്യ നിഘണ്ടു സമ്മാനിക്കാനും സമയം കണ്ടെത്തിയ മഹാമനസ്കതയെക്കുറിച്ച് നാം ആലോചിക്കേണ്ടതല്ലേ!

ജീവിതസുഖങ്ങളെല്ലാം പരിത്യജിച്ച് മലയാള മഹാനിഘണ്ടുവായ ശബ്ദതാരാവലി രചിച്ച ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയും ത്യാഗധനൻമാരായ കേളപ്പജിയും സ്വാമി ആനന്ദതീർത്ഥനും, പി. കൃഷ്ണപിള്ളയും എ.കെ.ജിയും, സി. കെ. ഗോവിന്ദൻ നായരും, എം. പി. മന്മഥനും ഒക്കെ നിവർത്തിത്തന്ന ജീവിതസന്ദേശങ്ങൾ. (അതുപോലെ എത്രയെത്രയോ പൊതുജീവിതത്തിന് മാർഗ്ഗദർശനം പകർന്ന മഹദ് ജീവിതങ്ങളെ ഓർക്കാം, പഠിക്കാം, പുതുതലമുറയ്ക്ക് പരിചയപ്പെടുത്തി നമുക്ക് മുന്നിലുണ്ട്.

ഇവരെപ്പോലെ കുടുംബജീവിതവും വ്യക്തിപരമായ സൗഖ്യവും പരിത്യജിക്കണമെന്നും പൊതുജീവിതത്തിനായി സ്വയം സമർപ്പിക്കണമെന്നും പറയുന്നത് തികച്ചും അനാവശ്യമാണെന്ന് അറിയായ്കയില്ല. എങ്കിലും നമുക്ക് കിട്ടുന്ന നുറുങ്ങ് ഇടവേളകളെങ്കിലും പ്രകൃതിയെ തൊട്ടറിയാനും, അന്യ ജീവിതത്തിന്, അത് മനുഷ്യകുലത്തിനുമാത്രമല്ല സകലചരാചരങ്ങൾക്കും സുഖം പകരാനും ഈ പുറമെ കാണുന്ന പുറന്തോടുകൾക്കപ്പുറമുള്ളതാണ് ജീവിതനിറവുകളെന്നും അറിയുന്നതാണ് ഏറ്റവും വലിയ അറിവിന്റെ നിറവെന്നും നമുക്കോർത്തുവയ്ക്കാം.

അങ്ങനെ സ്വജീവിതത്തിനും പ്രപഞ്ചത്തിനും നമുക്ക് സൗഖ്യം പകരാൻ ശ്രമിക്കാം.


●

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

# തെക്കീട്ടിൽ കഥകൾ



സുരേഷ് തെക്കീട്ടിൽ
9446330957

## ഓർമ്മകൾക്കു മുന്നിൽ

**കു**ളിക്കാൻ പോകുന്നതിനായി കോടി തോർത്തുടുക്കുമ്പോൾ എന്റെ മകൻ അച്ഛന് വേണോ എന്നു ചോദിച്ചത് എനിക്ക് തീരെ ഇഷ്ടമായില്ല. അനിയന്റെ രണ്ടാൺ മക്കൾക്കൊപ്പം തോർത്തുടുത്തു നിൽക്കുന്ന അവന്റെ നേരെ എന്റെ രൂക്ഷമായ നോട്ടം ചെന്നതും അവൻ ചൂളി.

അച്ഛന് കാലു കൊണ്ടു വയ്യാത്തതല്ലേ അതാ പറഞ്ഞത് അവൻ ജാള്യം മറയ്ക്കാൻ ശ്രമിച്ചു. സർപ്പക്കാവും വള്ളിക്കൂട്ടങ്ങളും ചുറ്റും വൻ മരങ്ങളും നിറഞ്ഞ് പകൽ പോലും ഇരുട്ടായിരുന്ന തെക്കേ തൊടിയിലേക്കെടുത്തപ്പോൾ അനിയന്റെ മകന് അവകാശം വിട്ടുകൊടുക്കാതെ ഞാൻ തല പിടിച്ചു. കുട്ടിക്കാലത്ത് എന്റെ കൈ പിടിച്ചേ കുഞ്ഞൻ ഈ തൊടിയിലേക്ക് വരാറുള്ളൂ. കുഞ്ഞൂട്ടാ കുഞ്ഞനെ ശ്രദ്ധിക്കണം ട്ടൊ കൂടെ വേണം എപ്പഴും. ദണ്ണക്കാരനെന്ന മുദ്ര ചാർത്തി കിട്ടിയ അവനെ നോക്കിക്കൊള്ളാൻ അമ്മയുടെ സ്ഥിരം കൽപ്പന. സ്കൂളിൽ പോകുമ്പോഴും അമ്പലക്കുളത്തിൽ കുളിക്കാൻ പോകുമ്പോഴും വേലയ്ക്കും പൂരത്തിനും സിനിമക്കും പോകുമ്പോഴും അമ്മയുടെ നിർദ്ദേശം ഞാൻ നന്നായി പാലിച്ചിരുന്നു. ജീവിതം മറ്റൊരു സ്ഥലത്തേക്ക് പറിച്ചുമാറ്റും വരെ അതങ്ങനെ തന്നെയായിരുന്നു. ഏട്ടാ എന്ന സ്നേഹം കലർന്ന വിളികളിൽ എന്റെ ഏട്ടൻ എന്ന പ്രയോഗങ്ങളിൽ, പെരുമാറ്റങ്ങളിൽ എല്ലാം കുഞ്ഞന്റെ ആ കളങ്കമില്ലാത്ത സ്നേഹം പ്രതിഫലിച്ചിരുന്നു. ഞാനത് നന്നായി അനുഭവിക്കുകയും ചെയ്തിരുന്നു. എന്നെ ഹൃദയത്തോട് ചേർത്തുവെച്ചിരുന്ന ആ ഹൃദയം നിലച്ചത് ഇന്നലെ വൈകീട്ട്.

നനഞ്ഞ മണ്ണിലിറക്കി വെച്ച് ഞാനവനെ ഒന്നുകൂടി നോക്കി. ഒരു മിഠായി പൊട്ട് വീണ്ടും പൊട്ടിച്ച് പങ്കുവെച്ച ഒരു കുട്ടിക്കാലത്തിന്റെ ഓർമ്മയിലേക്ക് അറിയാതെ ഒരു നിമിഷത്തേക്ക് ഞാൻ ആഴ്ന്നിറങ്ങി. ഉള്ളുതൊട്ട് അവൻ ഏട്ടാ എന്നു വിളിക്കുന്നതായി തോന്നിയതും ഞാൻ കണ്ണുകളടച്ചു.

എല്ലാം കഴിഞ്ഞ് ഉമ്മറമുറ്റത്തെത്തുമ്പോൾ വരാന്തയിൽ ചാരുകസേരയിൽ തൊണ്ണൂറുകഴിഞ്ഞ അമ്മ ഭാവഭേദമില്ലാതെ. കുഞ്ഞന്റെ കൂടെ അവസാനം വരെ ഞാനുണ്ടായിരുന്നു അമ്മേ എന്ന് മനസ്സിൽ പറഞ്ഞു. കുഞ്ഞനും കുഞ്ഞൂട്ടനുമൊക്കെ വർഷങ്ങൾക്കുമുമ്പേ തന്നെ ആ ഓർമ്മകളിൽ നിന്നും പടിയിറങ്ങിയിരുന്നല്ലോ. അത് നന്നായി എന്ന് ഞാനാദ്യമായി ചിന്തിച്ചതും അപ്പോൾ.

## ശരി ഗുഡ്നൈറ്റ്

എന്നാൽ ഓകെ കുറേ സംസാരിക്കാനുണ്ട് പിന്നെയാവാം. സാഹചര്യം നോക്കണ്ടേ പിന്നെയാവാം. നേരത്തേ കിടന്നോളൂ. രാവിലെ നേരത്തേ എണീക്കേണ്ടതല്ലേ. എന്നാ ശരി ഗുഡ്നൈറ്റ് പിന്നെ ഒരു കാര്യം...

അയ്യോ സമയം പത്തര കഴിഞ്ഞു, കിടന്നോളൂ. രാവിലെ നേരത്തേ റെഡിയാകേണ്ടതല്ലേ കിടന്നോളൂ. ഗുഡ്നൈറ്റ്. ഒറ്റയ്ക്ക് കിടക്കാൻ പേടിയൊന്നുമില്ലല്ലോ അല്ലേ എന്നാ കിടന്നോളൂ ഗുഡ്നൈറ്റ് പിന്നെ ഒരു കാര്യം കൂടി... .

അതാ സമയം പതിനൊന്നര വൈകണ്ട കിടന്നോളൂ ഗുഡ്നൈറ്റ്. രാത്രി കുടിക്കാൻ വെള്ളം കൊണ്ടുവന്നുവെക്കണോ? അയ്യോ അത് പറഞ്ഞപ്പഴാ പഴയ ഒരു തമാശ ഓർമ്മ വന്നത് ഞാൻ കോയമ്പത്തൂരിൽ പഠിക്കുന്ന കാലത്ത്... അയ്യോ അത് ഒരു സംഭവം തന്നെ കേൾക്കേണ്ടതാ...

അയ്യോ സമയം ഒന്നര എന്നാ ഞാൻ പോണു ഗുഡ് നൈറ്റ്. ആ പിന്നെ കുറേ കഴിഞ്ഞാൽ ആ ഫാൻ ഓഫാക്കിയേക്കൂ. അല്ലെങ്കിൽ രാവിലേക്കു വല്ല അസുഖവും വന്നാലോ ഓകെ ഗുഡ് നൈറ്റ്...

ഒരക്ഷരവും അതുവരെ പറയാതിരുന്ന അയാൾ തിരിച്ചുപറഞ്ഞു. ശരി ഉറങ്ങിയാലുടൻ ഫാൻ ഓഫാക്കിക്കൊള്ളാം. എന്നാ ശരി ഗുഡ്നൈറ്റ് അല്ല സോറി ഗുഡ് മോണിങ്ങ്.

## ധാരണകൾ

ഞങ്ങളെ കൂലിപ്പണിക്കാർ എന്നുവിളിക്കുന്നവർക്കെല്ലാം ഒരു ധാരണയുണ്ട്. അവരെല്ലാം ഒരു പ്രതിഫലവും വാങ്ങാതെ സേവനപ്രവർത്തനങ്ങൾ നടത്തുകയാണ് എന്ന്, വലിയ യോഗ്യൻമാരാണെന്ന്, വിവരദോഷികൾ. കൈക്കോട്ട് തോളത്തുവെക്കുമ്പോൾ കോപ്പുണ്ണിയേട്ടൻ ആരോടെന്നില്ലാതെ പറഞ്ഞു.

## മിടുക്കൻ

അസൂയ എന്ന വാക്കിനോട് ഏറ്റവും ചേർത്തുവെക്കാവുന്ന രണ്ട് വാക്കുകൾ എഴുതിക്കൊണ്ടുവരാനാണ് മലയാളം മാഷ് പറഞ്ഞിരുന്നത്.

കുശുമ്പ്, കണ്ണുകടി എന്നെഴുതി. ശരിയാണോ എന്നറിയാൻ അവൻ അച്ഛനെ കാണിച്ചു. രണ്ടും വെട്ടിക്കളഞ്ഞ് അച്ഛൻ പരിചയം, സൗഹൃദം എന്നെഴുതി നൽകി.. സംശയത്തോടെ നോക്കിയ മകനോട് ഇങ്ങനെ പറഞ്ഞു. "നീ മാഷെ കാണിക്ക്."

ആ വാക്കുകൾ കണ്ട് മാഷ് ഒരു നിമിഷം അന്തം വിട്ടു. പിന്നെ ചിരിച്ചു, ശേഷം അവന്റെ തോളിൽ തട്ടിൽ പറഞ്ഞു. "അച്ഛൻ മിടുക്കനാണല്ലോ... ജീവിതാനുഭവങ്ങൾ ഏറെയുള്ളയാളാണല്ലേ...."

●

# എന്തുകൊണ്ട് ഇന്ത്യ ഒരു വികസിത രാഷ്ട്രം ആകുന്നില്ല?



ഡോ സുനീത് മാത്യു
09486382600

ഇന്ത്യ സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഇത്രയും വർഷങ്ങൾ കഴിഞ്ഞിട്ടും ലോകനിലവാരത്തിലേക്ക് ഉയരുന്നില്ല എന്നത് ദുഃഖകരമായ ഒരു സത്യമാണ്. ഇന്ത്യയുടെ പത്തിലൊന്നു മാത്രം വലുപ്പമുള്ള മലേഷ്യ കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങളിൽ ആർജിച്ച വികസനം അനുഭവിച്ചറിയുവാൻ കഴിഞ്ഞു എന്നതാണ് ഈ കുറിപ്പിന് പ്രചോദനം.

ഞാൻ ഒരു സാമ്പത്തിക വിദഗ്ദ്ധനോ രാഷ്ട്രതന്ത്രജ്ഞനോ അല്ല. ഒരു മനഃശാസ്ത്രജ്ഞന്റെ കണ്ണുകളിലൂടെ മാത്രമേ എനിക്ക് പ്രശ്നങ്ങളെ വിലയിരുത്തുവാൻ കഴിയുകയുള്ളൂ എന്നും അറിയാം. നമ്മുടെ രാഷ്ട്രവികസനത്തിന് തടസ്സമായി, എനിക്ക് തോന്നുന്ന ചില കാര്യങ്ങൾ മാത്രം കുറിക്കുക എന്നതാണ് എന്റെ ലക്ഷ്യം.

ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. ഏതാണ്ട് നൂറ്റിമുപ്പത്തിരണ്ടര കോടി ആളുകളാണ് ഇവിടെയുള്ളത്. ഒന്നാം സ്ഥാനത്തുനിൽക്കുന്ന ചൈനയിലാകട്ടെ ഇതിനേക്കാൾ പത്തുകോടി അധികം ആളുകൾ ഉണ്ടാകും. ഭൂ വിസ്തൃതിയിൽ ചൈന ഇന്ത്യയുടെ മൂന്നിരട്ടിയുണ്ടാകും.

ചൈനയുടെ അത്രതന്നെ വലുപ്പമുള്ള രാജ്യമാണ് ജനസംഖ്യയിൽ മൂന്നാമനായ യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക. അവിടെയാകെ ആളുകൾ മുപ്പത്തിരണ്ടര കോടി മാത്രം.

ഇന്ത്യയുടെ ഏറ്റവും പ്രധാന പ്രശ്നമായി ഞാൻ കാണുന്നത് വർദ്ധിച്ചു വരുന്ന ജനസംഖ്യാ നിരക്ക് തന്നെയാണ്. ഇത്രയും ജനങ്ങളെ അനുയോജ്യമായി ഉൾക്കൊള്ളാനുള്ള സ്ഥലവും പരിപാലിക്കുന്നതിനാവശ്യമായ വിഭവ സമ്പത്തും നമുക്കില്ല. ലോകത്തിൽ ആറു ആളുകളിൽ ഒരാൾ ഇന്ത്യക്കാരനാണ് എന്നൊരു ചൊല്ലുതന്നെയുണ്ട്. വർദ്ധിച്ചു വരുന്ന ഈ ജനസംഖ്യാ നിരക്ക് ദാരിദ്ര്യം, തൊഴിലില്ലായ്മ, എന്നിവയിലേക്കും കുറ്റകൃത്യങ്ങളിലേക്കും നമ്മെ നയിക്കുന്നു. ഇനിയും ഈ നിരക്ക് വർദ്ധിക്കുകയാണെങ്കിൽ നമ്മുടെ വളർച്ച താഴോട്ടു തന്നെയായിരിക്കും. ജനസംഖ്യാ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നത് ഏറ്റവും അത്യാവശ്യമായി നമ്മൾ കൈക്കൊള്ളേണ്ടതായ ഒരു നടപടിയാണ്.

അഴിമതിയാണ് നമ്മൾ നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളി. ഇവിടെ രാഷ്ട്രീയം എന്നാൽ ഒരു തൊഴിലാണ്. മറ്റു രാജ്യങ്ങളിൽ രാഷ്ട്രീയ പ്രവർത്തകർ മിക്കവരും സ്വന്തം വരുമാനത്തിനായി മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നവരായിരിക്കും. രാഷ്ട്ര നന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന രാഷ്ട്രീയക്കാരുടെ അഭാവം ഇന്ത്യയുടെ വികസന പാതക്ക് വിഘ്നമാകുന്നു. രാഷ്ട്രത്തിന്റെ നല്ല ഭാവിക്കുവേണ്ടി ചിലവഴിക്കപ്പെടേണ്ട പണം തന്റെയും കൂട്ടാളികളുടെയും മാത്രം സാമ്പത്തിക നേട്ടത്തിനുവേണ്ടി ദുർവിനിയോഗം ചെയ്യപ്പെടുന്നതിനേക്കാൾ ദുരിതം ഒരു രാജ്യത്തിന് സംഭവിക്കാനില്ല.

ഇന്ത്യയിൽ പണം വിനിയോഗിക്കപ്പെടുന്നതിനോ കൈവശം വെക്കുന്നതിലോ ഒരു തുല്യതയില്ല എന്നത് മറ്റൊരു പ്രശ്നം. പണം എല്ലാവരിലും യഥാവിധം എത്തുന്നില്ല. ഇന്ത്യയിലെ മൊത്തം പണത്തിന്റെ എഴുപതുശതമാനവും കൈകാര്യം ചെയ്യുന്നത് ആകെ ജനസംഖ്യയുടെ അഞ്ചു ശതമാനത്തിൽ താഴെ ആളുകൾ മാത്രമാണ്. ഇത്തരം സാഹചര്യങ്ങൾ അഞ്ചു ശതമാനം ആളുകളെ വീണ്ടും പണക്കാർ ആക്കുന്നതിനും ബഹുഭൂരിപക്ഷത്തെ ദാരിദ്ര്യത്തിലേക്ക് തള്ളുന്നതിനും മാത്രം സഹായിക്കുന്ന ഒരു സാമ്പത്തിക വ്യവസ്ഥയാണ്. ഇത്രയും ദരിദ്രർ ഉള്ള ഇന്ത്യ ഒരു വികസിത രാജ്യം ആകുക അത്ര എളുപ്പമായിരിക്കുകയില്ല.

ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ്. എന്നാൽ അത് ജനസംഖ്യയിൽ മാത്രമാണ് എന്നത് തികച്ചും ദൗർഭാഗ്യകരവുമാണ്. ജീവിത, സാമ്പത്തിക നിലവാരം അടിസ്ഥാനമാക്കിയുള്ള ഡെമോക്രസി ഇൻഡക്സിൽ ഇന്ത്യ നാൽപ്പത്തിരണ്ടാം സ്ഥാനത്താണ്. ഇന്ത്യയുടെ പത്തിലൊന്നു മാത്രം വലുപ്പവും അൻപത്തിരണ്ടു ലക്ഷം ആളുകൾ മാത്രം വസിക്കുന്ന നോർവേ ആണ് ഇക്കാര്യത്തിൽ ഒന്നാമൻ.

നമ്മുടെ ജനാധിപത്യം തന്നെയാണ് നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് കടിഞ്ഞാൺ ഇടുന്നതെന്നത് രസകരമായ മറ്റൊരു കാര്യം. ഒരു പുതിയ നിയമം കൊണ്ടുവരുന്നതിനോ, എന്തിന് ഒരു പഴയ നിയമം നടപ്പാക്കുന്നതിന് പോലും ഇവിടെ പലപ്പോഴും കഴിയാറില്ല. നിയമത്തിന്റെ പഴുതുകൾ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് അവരവർക്കനുകൂലമായി നിയമം മാറ്റിയെടുക്കുവാൻ തല്പരകക്ഷികൾക്കു സാധിക്കുന്നു എന്നതാണിതിന് കാരണം.

എണ്ണിയാലൊടുങ്ങാത്ത പാർട്ടികളും അവരുടെ ഭരണ സ്വാധീനങ്ങളും പലപ്പോഴും മുൻപറഞ്ഞ കാര്യങ്ങളെ സാധൂകരിക്കുന്നു. കൃത്യമായ നിയമ നിർമ്മാണങ്ങൾ നടത്തുന്നതിന് ഇത്തരം പാർട്ടികൾ പല

പ്പോഴും ഭരണത്തിലിരിക്കുന്നവർക്ക് തടസ്സമാകാറുണ്ട്. വോട്ട് മാത്രം ലക്ഷ്യമാക്കിയുള്ള പ്രീണന നയങ്ങളാണല്ലോ എല്ലാ രാഷ്ട്രീയ പാർട്ടികളും അവരവരുടെ ഭരണകാലങ്ങളിൽ നടപ്പിലാക്കുക. എന്തിനേയും കണ്ണടച്ചെതിർക്കുന്ന പ്രതിപക്ഷങ്ങളും നമ്മുടെ ജനാധിപത്യത്തെ തുരങ്കം വയ്ക്കുക തന്നെയാണ്. ഇതിൽ നിന്നെല്ലാം മാറി ചിന്തിക്കുവാൻ ആർജ്ജവമുള്ള രാഷ്ട്രീയ പാർട്ടികളും നേതാക്കളും ഉണ്ടാകുന്നത് വരെ വികസനം ഒരു സ്വപ്നം മാത്രമായിരിക്കും.

കയറ്റുമതിയുടെ പലമടങ്ങ് ഇറക്കുമതി ചെയ്യുന്ന ഒരു രാജ്യമാണ് ഇന്ത്യ. ഇവിടെ കൂടുതൽ വസ്തുക്കളും ഇറക്കുമതി ചെയ്യപ്പെടുകയാണ്. ഇത് രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയേയും നാണയ മൂല്യത്തെയും ഗുരുതരമായി ബാധിക്കുന്നു.

സുഗന്ധദ്രവ്യങ്ങളുടെ കയറ്റുമതിക്ക് പേരെടുത്തിരുന്ന ഒരു രാജ്യമായിരുന്നു നമ്മുടേത്. അവ തേടി ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും പര്യവേഷകർ എത്തിയിരുന്ന ചരിത്രം നാം മറന്നു കഴിഞ്ഞു. ഇന്ന് അവ പോലും ഇറക്കുമതി ചെയ്യേണ്ട അവസ്ഥയിലേക്ക് നമ്മുടെ കാർഷിക മേഖല തകർന്നിരിക്കുന്നു. ഒരു രാജ്യത്തിന്റെ അടിസ്ഥാനം തന്നെ കാർഷിക മേഖലയായിരിക്കെ, അതിന്റെ പുരോഗതിയിൽ ശ്രദ്ധയൂന്നാത്തത് ഇന്ത്യയെ ഒരു ഉപഭോക്തൃ രാഷ്ട്രമാക്കുന്നതിന് മാത്രമേ ഉപകരിക്കുകയുള്ളൂ. നമ്മുടെ പണം കൊണ്ട് മറ്റു രാജ്യങ്ങൾ വികസിക്കുന്ന ഒരു അവസ്ഥാവിശേഷം. ഇന്ത്യ ഒരു നല്ല വ്യാപാര മേഖലയാണെന്നു മിക്ക രാജ്യങ്ങളും കരുതുന്നു.

ആളുകൾ തമ്മിലുള്ള ഒത്തൊരുമ ഏതു രാഷ്ട്രത്തിന്റെയും വികസനത്തിന് അത്യന്താപേക്ഷികമാണ്. നമ്മൾ നേരിടുന്ന ഒരു വലിയ പ്രശ്നവും ഇതാണ്. ഇന്ത്യയെ വടക്ക്, തെക്ക്, കിഴക്ക് എന്നൊക്കെ വേർതിരിച്ചു കാണാൻ നാം പഠിക്കുന്നു. തെക്കർക്കു വടക്കരെയും വടക്കർക്കു തെക്കരേയും ഇരുവർക്കും കിഴക്കരേയും സംശയമാണ്. പൊതുവായി ഒരു ഭാഷ പോലും ഇല്ലാത്ത നമ്മൾ പരസ്പരം ആശയവിനിമയം പോലും നടത്താൻ പറ്റാത്ത അവസ്ഥയിലായിരിക്കുന്നു.

ഇന്ത്യ ഒരു മതേതരത്വ രാജ്യമാണ്, എന്നിരിക്കിലും ഏറ്റവും കൂടുതൽ മതങ്ങളും മത സ്പർദ്ധകളും ഇവിടെയാണുള്ളത്. ബ്രിട്ടീഷ്കാർ നമ്മെ വഞ്ചിച്ച് ഭിന്നിപ്പിച്ചു ഭരിക്കൽ നയം ഇന്നും തുടർന്ന് പോകുന്നത് എന്ത് സംസ്കാരമാണ്? ഇതിനതീതമായി നമ്മൾ ഒന്നിക്കേണ്ടതിന്റെ ആവശ്യകത എന്നാണ് നമ്മൾ മനസ്സിലാക്കുക?

കേരളം സാക്ഷരതയിൽ മുന്നിലാണ്. എന്നാൽ ഇന്ത്യയാകെ കണക്കിലെടുക്കുമ്പോൾ നമ്മൾ നിരക്ഷരരാണ് എന്ന് പറയാതിരിക്കുവാൻ കഴിയുകയില്ല. ബീഹാർ അടക്കമുള്ള വടക്കേ ഇന്ത്യയിൽ സ്ഥിതി വളരെ മോശമാണ്. വിദ്യാഭ്യാസമാണ് ഒരു രാജ്യത്തെ പുരോഗതിയിലേക്കു നയിക്കുക. ഇത്രയധികം വിദ്യാലയങ്ങളുണ്ടായിട്ടും വിദ്യാഭ്യാസം സൗജന്യമായിട്ടും നിരക്ഷരരായ വളരെയധികം ആളുകൾ ഇവിടെയുണ്ടെന്നത് ഭരണപരാജയം തന്നെയാണ്.

നിർബന്ധിത വിദ്യാഭ്യാസം നിർബന്ധിതമായി തന്നെ നടപ്പിലാക്കണം. യോഗ്യതയുള്ളവർക്ക് അർഹമായ ജോലി നൽകുന്നതിലും അർഹമായ വേതനം നൽകുന്നതിലും ഇന്ത്യ വളരെ പുറകിലാണ്. **ഇന്ത്യൻ മസ്തിഷ്കം** ലോക രാഷ്ട്രങ്ങളുടെ ഇടയിൽ പ്രശസ്തമാണ്. വിദഗ്ധ പഠനം ലഭിച്ചവർ പലരും വിദേശത്തേക്ക് കുടിയേറുന്നതിന്റെ കാരണവും ഇത് തന്നെ. ഇത്തരക്കാർക്ക് അംഗീകാരവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കിയാൽ ഇവരുടെ സേവനം ഇന്ത്യയുടെ ഉയർച്ചക്ക് ലഭ്യമാകുകയില്ലേ? എല്ലാ മേഖലയിലും ഇത്തരക്കാരുണ്ട്. അവരുടെ സേവനം ലഭ്യമാകുന്നത് വിദേശ കമ്പനികൾക്ക് മാത്രമാണ് എന്നത് തികച്ചും ദുഃഖകരം.

ഇവിടെ വിദ്യാഭ്യാസവും ജോലിയുമെല്ലാം സംവരണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത് പലപ്പോഴും കഴിവും യോഗ്യതയും ഉള്ളവരുടെ നിയമനങ്ങൾക്ക് തടസ്സമാകുന്നു. ഇതും രാഷ്ട്ര പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.

നല്ല വിദ്യാഭ്യാസമുള്ള, അർപ്പണബോധമുള്ള, സ്വാർത്ഥത കുറഞ്ഞ ഒരു യുവതലമുറയുണ്ടെങ്കിൽ മാത്രമേ നമ്മുടെ രാജ്യം ഒരു വികസിത രാഷ്ട്രം ആവുകയുള്ളൂ. അത്തരമൊരു രാഷ്ട്രത്തിനായി നമുക്ക് സ്വപ്നം കാണാം. ●

■ കവിത

# പത്തുവിരലുകളുള്ള പാദങ്ങൾ

മലയാമ്പള്ളം ശങ്കരൻകുട്ടി
9207909824

നദികളുരുകുമ്പോൾ
നീരൊഴുക്കിനായ്
ശ്രീരാഗഭൂവിൽ ഋതുക്കാല
തിരുകർമ്മമോഹമായി
പാറാവിരിക്കുമീ, പടയാളി

പടരും വേരുകൾ
ഛായാ ചിറകുകൾ
താഴ്‌വാര ചോലകൾ
യില്ലാ, ഹിമാർദ്രയരുണിമ മാത്രം.

പർവ്വതശീലകൾക്കക-
മൊരു തടവറ
ലാവാഗ്നി പുകച്ചുരുളുകൾ
ഞെരിഞ്ഞമരും പ്രകമ്പന-
മതേറുവാങ്ങിയാ, മഞ്ഞിൽ
പുതഞ്ഞു മരിച്ചാലും
ഷെല്ലിൻ ചീളുകൾ കേറിയാലും
മറക്കുവാനെന്തെളുപ്പം
ഞങ്ങളെ !

ബൂട്സിട്ട കാൽവിരൽ വേദന
ദുർഗന്ധം വമിക്കും സോക്സുകൾ
നിങ്ങൾക്കതന്യമാണ്
സ്വയമറിയാതെയൊഴിഞ്ഞു-
പോവും മൂത്രത്തിൻ ഗന്ധവും
ഞങ്ങൾക്കന്യമത്രേ.

ചലനമല്ലാ, ചമയമാ-
യധികാരപടവുകൾ
കൈകളിൽ വടിവാൾ
കുടുംബ കാവൽക്കാർ.

ഞങ്ങളിൻ കുടുംബം
നിങ്ങളിൽ ഭദ്രമോ ?

# മുക്കത്തിന്റെ മുഴക്കം !

**ഡോ.** എം. എൻ. കാരശ്ശേരിയുടെ നാട്ടിൽ – സാക്ഷാൽ കാരശ്ശേരിയിൽ ഒരു വിദ്യാലയത്തിന്റെ 80ാം വാർഷികം നടക്കുകയാണ്. സുപ്രസിദ്ധ എഴുത്തുകാരനും വാഗ്മിയുമായ ശ്രീ. സുകുമാർ അഴീക്കോടാണ് ഉദ്ഘാടകൻ. മുക്കത്തിന്റെ വളരെ അടുത്താണ് കാരശ്ശേരി. പണ്ട് കാരശ്ശേരിക്കാരും മുക്കത്തുകാരായിരുന്നു. ഇരുവഞ്ഞി പുഴയുടെ അക്കരെ കാരശ്ശേരി, ഇക്കരെ മുക്കം. ഒരു പാലത്തിന്റെ അകലം !

എം. എന്റെ ക്ഷണമനുസരിച്ച് ഞങ്ങളൊക്കെ സദസ്സിലുണ്ട്. അഴീക്കോടിന്റെ സിംഹഗർജ്ജനം കേൾക്കാൻ കാതുകൂർപ്പിച്ചിരിയ്ക്കയാണ് ഞങ്ങൾ. അഴീക്കോട് മാഷ് എഴുന്നേറ്റു. മൈക്കിന്റെ അരികിലേയ്ക്ക് നീങ്ങി. ഒരു പ്രത്യേക പോസ്സിൽ നിലയുറപ്പിച്ചു. ഒരു കുണുങ്ങലോടെ തന്റെ വായിൽ നിന്ന് വാക്കുകളുടെ പ്രവാഹം സദസ്സിലേയ്ക്കൊഴുകി. അതൊരു ഗർജ്ജനമായിരുന്നില്ല, ഒരു ഒഴുക്കായിരുന്നു.

ആദ്യത്തെ വാക്യം തന്നെ എന്നെ കോരിത്തരിപ്പിച്ചു, അതിങ്ങനെയായിരുന്നു. കാരശ്ശേരിയേക്കാൾ മുക്കത്തെയാണ് എനിക്കേറെയിഷ്ടം, കാരണം മുക്കത്തിന് ഒരു മുഴക്കമുണ്ട്. മുക്കത്തുകാരനായ ഞാൻ അഴീക്കോട് സാറിന്റെ ആ വാക്യം നെഞ്ചേറ്റി ലാളിച്ചുകൊണ്ട് വീട്ടിലേയ്ക്ക് മടങ്ങുമ്പോൾ എന്താണ് മുക്കത്തിന്റെ മുഴക്കം എന്ന ചിന്തയിലായിരുന്നു.

ഒരു പത്തിരുനൂറ് വർഷത്തിന്റെ പിന്നിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ 'മുക്കം' എന്ന ഒരു പ്രദേശം തന്നെ രൂപപ്പെട്ടതായി കാണുന്നില്ല. 1887ൽ മലബാർ കലക്ടറായിരുന്ന സ്കോട്ട്ലണ്ടുകാരനായ വില്യം ലോഗന്റെ 'മലബാർ മാന്വൽ' എന്ന ആധികാരഗ്രന്ഥത്തിലും മുക്കത്തെ പറ്റി പരാമർശമില്ല. എന്നാൽ സമീപ പ്രദേശങ്ങളായ മണാശ്ശേരി,



മുക്കം ഭാസി
9846138693

ചൂലൂർ, ചാത്തമംഗലം, തിരുവമ്പാടി, പുത്തൂർ, നീലേശ്വരം, പന്നിക്കോട് കണ്ണിപറമ്പ് തുടങ്ങിയ സ്ഥലങ്ങളെ പറ്റി പരാമർശമുണ്ടുതാനും.

ഈ പ്രദേശങ്ങളെല്ലാം 'പുലവായ് നായന്മാരുടെ' കീഴിലായിരുന്നു. സാമൂതിരിയോടും കുറുമ്പ്രനാട് രാജവംശത്തോടും അവർക്ക് ഔപചാരികമായ വിധേയത്വമുണ്ടായിരുന്നു. 'കഥ പറയുന്ന മുക്കം' എന്ന ഒരു ഡോക്യുമെന്ററിയുടെ ചരിത്രാന്വേഷണവും സ്ക്രിപ്റ്റും എന്നിലാണ് ചുമതലപ്പെട്ടത്.

മൂന്നോ നാലോ കടകൾ മാത്രം കാണുന്ന ഒരു മുക്ക് ആയിരുന്നു അക്കാലത്തെ മുക്കം. ചെറുപുഴയും ഇരുവഞ്ഞിപ്പുഴയും സന്ധിയ്ക്കുന്ന ഈ മുക്കാണ് മുക്കമായി രൂപാന്തരപ്പെട്ടത്. ഇന്നത്തെ മുക്കം ഒരു നഗരമായി മാറിക്കഴിഞ്ഞിരിക്കുന്നു. മുക്കം മുനിസിപ്പാലിറ്റി.

മുക്കത്തിന് നീരിലാക്കമുക്ക്, പുഴായിമുക്ക് എന്നൊക്കെ പേരുണ്ട്. കാലവർഷത്തിൽ പുഴ നിറഞ്ഞൊഴുകുമ്പോൾ മുക്കവും സമീപ പ്രദേശവും ഒരുതരം എക്കൽമണ്ണിനാൽ (ചെളി) ആവരണം ചെയ്യപ്പെട്ടിരിയ്ക്കും. വെള്ളമിറങ്ങിയാൽ നടക്കാൻ പ്രയാസമാണ്. അതിനാലായിരിയ്ക്കാം 'നീരിനാൽ എക്കൽ നിറഞ്ഞ പ്രദേശം എന്ന നിലയ്ക്ക് 'നീരിലാക്ക്മുക്ക്' എന്ന് വിളിയ്ക്കപ്പെട്ടത്.

ഇരുവഞ്ഞിപ്പുഴയെ ഇരുവഴിഞ്ഞി എന്നു വിളിച്ചുകാണാറുണ്ട്. നദിയുടെ ഇരുകരയിലും വഞ്ഞി മരങ്ങൾ നിബിഡമായതുകൊണ്ട് ഇരുവഞ്ഞിപ്പുഴയാണെന്ന് ഒരു കൂട്ടർ, രണ്ടു പുഴകൾ കൂടി ചേർന്ന് ഒഴുകുന്നതുകൊണ്ട് ഇരുവഴിഞ്ഞി ആയതെന്ന് മറ്റൊരു കൂട്ടർ.

അതെന്തുമാവട്ടെ ഔഷധസസ്യ നിബിഡമായ വെള്ളരിമലയുടെ ലലാടത്തിൽ നിന്നാണ് ഞങ്ങളുടെ മന്ദാകിനിയുടെ ഉത്ഭവം. തീരദേശവാസികളായ ധാരാളം ആളുകൾ ഈ പുഴയിലെ വെള്ളം കുടിയ്ക്കാനായി ശേഖരിച്ചുകൊണ്ടുപോകുന്നത് എന്റെ കുട്ടിക്കാലത്ത് ഞാൻ കണ്ടിട്ടുണ്ട്.

ഇന്ന് ഞങ്ങളുടെ മന്ദാകിനി നഗരസംസ്കൃതിയുടെ ഭാഗമായി കാളിന്ദിയായി മാറിയിരിയ്ക്കുന്നു. എല്ലാ ചണ്ടികുണ്ടാരങ്ങളും ഏറ്റുവാങ്ങുന്ന കുപ്പത്തൊട്ടി ! ഞങ്ങളൊക്കെ നാടകങ്ങൾ കളിച്ചുവളർന്ന പഞ്ചാരമണൽത്തിട്ടകൾ വെറും ഓർമ്മത്തെറ്റുകളായിരിയ്ക്കുന്നു ! കടത്തു തോണികളും, ചെറുതോണികളും, തെരപ്പങ്ങളും, കുളിക്കടവുകളും ചരിത്രസ്മൃതിയിലൊതുങ്ങി. അർദ്ധഗ്രാമീണരായിരുന്ന ഞങ്ങളുടെ നിഷ്കളങ്കരായ ഗ്രാമീണജനതയുടെ പിൻഗാമികൾ സർവ്വ 'ഹിക്കുമത്തും' അരച്ചു കലക്കിക്കുടിച്ച പച്ച പരിഷ്ക്കാരികൾ !

പിന്നെ എവിടുന്നായിരിക്കും അഴീക്കോട് മാഷ്ക്ക് മുക്കത്തിന്റെ മുഴക്കം കിട്ടിയത് ? ശരിയാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഗർജ്ജിയ്ക്കുന്ന സിംഹമായ മുഹമ്മദ് അബ്ദുറഹിമാൻ സാഹേബിന്റെ ഗർജ്ജനം പലപ്പോഴും മുക്കത്തുകാർ കേട്ടതാണ്. 1930 മെയ് 12ന് കോഴിക്കോട് കടപ്പുറത്ത് നടന്ന ഉപ്പുകുറുക്കൽ സത്യാഗ്രഹത്തിൽ കേളപ്പജി, കൃഷ്ണപിള്ള, അബ്ദുറഹിമാൻ സാഹേബ് തുടങ്ങിയവരുടെ കൂട്ടത്തിൽ മുക്കത്തുകാരനായ ബി. പി. ഉണ്ണിമോയിൻ സാഹേബും ഉണ്ടായിരുന്നു, നമ്മുടെ ബി. പി. മൊയ്തീന്റെ പിതാവ്. ഒരുപക്ഷെ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വിത്ത്

മുക്കത്ത് വിതച്ചത് അബ്ദുറഹിമാൻ സാഹേബാവുമോ ?

പോലീസ് സൂപ്രണ്ട് ആമു സാഹേബും പൊക്കൻ സബ്ബ് ഇൻസ്പെക്ടറും കടപ്പുറത്ത് അന്ന് ഒരു നരനായാട്ടുതന്നെ നടത്തി. മുഹമ്മദ് അബ്ദുറഹിമാൻ സാഹേബിനെ ക്രൂരമായി മർദ്ദിച്ചു. 'കേരള സിംഹം' എന്നറിയപ്പെട്ടിരുന്ന ആ ധീരസ്വാതന്ത്ര്യ ഭടൻ മരിച്ചുവീണതും മുക്കത്തിന്റെ മണ്ണിൽ തന്നെ !


മുക്കത്തിന്നടുത്ത കൊടിയത്തൂരിൽ പ്രസംഗിച്ചുമടങ്ങുമ്പോൾ പൊറ്റശ്ശേരി എന്ന സ്ഥലത്തു വെച്ച് ഹൃദയസ്തംഭനം മൂലം ആ സിംഹ ഗർജ്ജനം നിലച്ചത് മുക്കത്ത് നിന്നും ആയതുകൊണ്ടാവുമോ അഴീക്കോട് മാഷ് മുക്കത്തിന് മുഴക്കമുണ്ടെന്ന് സൂചിപ്പിച്ചത് ?

(തുടരും)

■ കവിത

# നിഴൽപ്പാടുകൾ

**രജീഷ് കാളികാവ്**
**9946760036**



ഇരവിലെങ്ങോ വറ്റി മറഞ്ഞൊരു നിദ്രയായ്
ഇനിയുറങ്ങാത്ത മൗനത്തിൻ വിതുമ്പലായ്
ചിറകിലഗ്നി കുടഞ്ഞിട്ട നോവുമായ്
ചിതയൊരുക്കും കിനാവിന്റെ വേനലായ്
പടരുമോർമ്മ തൻ സായന്തനങ്ങളിൽ
പിടയുവാൻ വരും പാഴ്നിഴൽപ്പൂവു നീ
കതിരുകത്തിക്കഴിഞ്ഞുപോയുള്ളിലേ
കനിവു നീ കണ്ട കാലം കൊഴിഞ്ഞുപോയ്
ഒരു വസന്തമായിനി പുലർന്നീടൊല്ലെ
യിരുളു പൂക്കുമെൻ ജീവന്റെ ശാഖിയിൽ
നിമിഷമേഘങ്ങൾ നീരറ്റുവിങ്ങിലും
നിന്നിലുറവ തേടുന്നൊരാകാശമാണുഞാൻ
മൊഴി മറന്നിട്ടുപോയ വഴികളിൽ
മിഴി നിറഞ്ഞൊരാപാടുകൾ കണ്ടുവോ
മധുരമായന്നു ചൊല്ലിയ വാക്കിൽ നിൻ
അധരമിപ്പഴും നൊന്തു വിറയ്ക്കയോ
അഴലുതീർത്തൊരീയിരുളഴിക്കൂടുകൾ
അതിലൊതുങ്ങുമെന്നുയിരിൻ സമസ്യകൾ
നിൻ നിഴൽപ്പാടുമാത്രമെന്നോർമ്മയിൽ
തുന്നിവെച്ചൊരീയീറൻ നിലാവുപോൽ
ഇറ്റുവീഴുന്നു പിന്നെയും നമ്മിൽ നി-
ന്നറ്റു പോയൊരാ രാവിന്റെ ശീലുകൾ
കൊണ്ടുപോകുവാനില്ല മറ്റൊന്നെനി-
ക്കിന്നു നീ തന്നൊരോർമ്മകളല്ലാതെ
കത്തുമീ ചിത നിത്യമെൻ ജീവനിൽ
കാത്തുവെച്ചൊരെൻ കുഞ്ഞുകിനാക്കളും.

# പൊതുവിജ്ഞാനം

**നൗഷാദ് ഖാൻ**
**9846454199**



1. മഹാത്മജി ജയിലിലായിരുന്നപ്പോൾ അദ്ദേഹത്തിന്റെ 'യങ് ഇന്ത്യ' എന്ന വാരികയുടെ പത്രാധിപത്യം വഹിച്ച ഒരു മലയാളി വൈക്കം സത്യാഗ്രഹത്തിൽ മുന്നണി പോരാളിയായ ഈ വ്യക്തിയാര് ?
ഉ. ജോർജ്ജ് ജോസഫ്

2. മാധവിക്കുട്ടി (കമല സുരയ്യ)ക്ക് മികച്ച കഥാകൃത്തിനുള്ള സംസ്ഥാന അവാർഡ് നേടിക്കൊടുത്ത ചിത്രമേത് ?
ഉ. രുഗ്മിണി

3. 'ജയ് ഹിന്ദ്' എന്ന മുദ്രാവാക്യം നമുക്ക് സമ്മാനിച്ച ദേശാഭിമാനി ആര് ?
ഉ. സുഭാഷ് ചന്ദ്രബോസ്

4. മാതാഹരി എന്ന കുപ്രസിദ്ധ ചാരവനിതയെ ഉപയോഗിച്ച് മലയാളിയായ ഒരു സ്വാതന്ത്ര്യസമര പോരാളിയെ പിടികൂടുവാൻ ബ്രിട്ടീഷുകാർ ശ്രമിച്ചു. ആരാണ് അദ്ദേഹം ?
ഉ. ചെമ്പകരാമൻ പിള്ള

5. 'ഗരീബി ഹഠാവോ' എന്ന മുദ്രാവാക്യം അവതരിപ്പിച്ച പ്രധാനമന്ത്രി ആര് ?
ഉ. ഇന്ദിരാഗാന്ധി

6. പുരാതന ഈജിപ്തിലെ ഭരണാധികാരികൾ 'ഫറോവന്മാർ' എന്നറിയപ്പെട്ടിരുന്നു. ഫറോർ എന്ന വാക്കിന്റെ അർത്ഥം എന്ത് ?
ഉ. വലിയ വീട്ടിൽ താമസിക്കുന്നവൻ

7. 'ഗണിതശാസ്ത്രജ്ഞന്മാരുടെ ബൈബിൾ' എന്നറിയപ്പെടുന്ന ഗ്രന്ഥം ?
ഉ. എലമെന്റ്സ്

8. ദ്രാവിഡ ശില്പകലയുടെ മഹത്തായ ഉദാഹരണങ്ങൾ രണ്ടെണ്ണമാണ്. ഒന്ന് മധുരമീനാക്ഷി ക്ഷേത്രം. രണ്ടാമത്തേത് ഏത് ?
ഉ. ശ്രീരംഗപട്ടണം.

9. 'കൊളാഷ്' ഒരു ചിത്ര നിർമ്മാണ വിദ്യയാണ്. ഈ പദത്തിന്റെ അർത്ഥമെന്ത് ?
ഉ. ഒട്ടിക്കുക

10. ഇന്ത്യാ ഗവൺമെന്റിന്റെ ഔദ്യോഗിക വാർത്താ പ്രക്ഷേപണ സ്ഥാപനം ?
ഉ. പ്രസാർഭാരതി

# എൻ ഗുരുനാഥൻ



മുരളീധർ കൊല്ലത്ത്
9526714203, 9387475851

**ഭാ**ഷയുടെ ഭാവം ശുദ്ധീകരിച്ച ഒരു പാവം കവി നമുക്കുണ്ടായിരുന്നു. നന്മയുടെ ദീപം തെളിയിച്ച ഈ മനുഷ്യൻ ഇന്ന് ജീവിച്ചിരിപ്പില്ല. അക്ഷരങ്ങളുടെ മൂർച്ച കാണിച്ചുതന്ന ഈ കവിയ്ക്ക് പൊക്കം മാത്രമത്രെ കുറവ്. എങ്കിലും പാണ്ഡിത്യം പകർന്ന് കൊടുക്കാൻ ഒരു പിശുക്കും കാണിച്ചിരുന്നില്ല ഈ ഭാഷാകുതുകി. പിശുക്കിൽ ഡോക്ടറേറ്റ് എടുത്ത ആൾ എന്ന് കവിയുടെ മരുമകൾ സൂചിപ്പിച്ചത് കാശ് ചെലവാക്കുന്ന കാര്യത്തിൽ മാത്രമാവാം. എന്തായാലും അതിയാരത്തെ വീട്ടിൽ ഇനി കുഞ്ഞുണ്ണി മാഷില്ലെങ്കിലും ആ ഭവനം തുടച്ചുവൃത്തിയാക്കി സന്ധ്യാദീപം കൊളുത്തി വെയ്ക്കാൻ അദ്ദേഹത്തിന്റെ മരുമകൾ കാണിയ്ക്കുന്ന ഉത്സാഹം മാനിക്കപ്പെടേണ്ടതുതന്നെ. കുഞ്ഞുണ്ണി മാഷിന്റെ മണവും മോളേ എന്നുള്ള വിളിയും ഉഷ ചേച്ചി കേൾക്കാറുണ്ടത്രെ. മൺമറഞ്ഞ മലയാള കവികളിൽ ശ്രേഷ്ഠൻ എന്ന് ആരെങ്കിലും കുഞ്ഞുണ്ണി മാസ്റ്ററെ വിശേഷിപ്പിച്ചാൽ ഒട്ടും അതിശയോക്തിയാവില്ല. കോഴിക്കോട്ടെ ശ്രീരാമകൃഷ്ണ മിഷൻ ഹൈസ്കൂളിലെ പഠിപ്പിയ്ക്കൽ കഴിഞ്ഞ് മാഷ് അതിയാരത്തെത്തുമ്പോൾ വിശ്രമമായി എന്ന് വിചാരിച്ചവർക്ക് തെറ്റി. എപ്പോഴും എഴുത്തും വായനയും കവിയരങ്ങുകളും ഉദ്ഘാടനങ്ങളും ഒക്കെയായി തിരക്കോട് തിരക്കുതന്നെ. വലപ്പാട്ടെ അതിയാരത്തെ വീട്ടിൽ ആളൊഴിഞ്ഞ സമയം വളരെ വിരളം. പക്ഷെ മാഷെ സഹായിക്കാൻ മരുമകൾ (മകൾ) തന്നെ എന്ന് പറയുന്നതാവും ശരി. അത്രയ്ക്ക് വാത്സല്യമായിരുന്നു മാസ്റ്റർക്ക് ഉഷയെ. മാസ്റ്റർക്ക് വരുന്ന കത്തുകളും മറ്റും വായിക്കുകയും അക്ഷരത്തെറ്റില്ലാതെ എഴുതുകയും ഒക്കെ ചെയ്യേണ്ടതും ഉഷ തന്നെ. വല്ലതും ഉച്ചാരണം തെറ്റിയാൽ ചെവി പൊന്നാക്കുമെന്ന് ഉഷ കേശവരാജിന്റെ 'കുഞ്ഞുണ്ണി എന്ന കുട്ടമ്മാമ'യുടെ പുസ്തകത്തിൽ എഴുതിക്കണ്ടു. തൃപ്രയാറിൽ പോയി വട മേടിച്ചുകൊടുത്തതും ഭക്ഷണപ്രിയനായ മാസ്റ്ററുടെ ചിട്ടവട്ടങ്ങൾക്കനുസരിച്ച് നിന്നതും അവസാനം അൽപരസക്കാരന്റെ കുറുമ്പും എല്ലാം കണ്ട് മതിയായില്ലത്രെ ഉഷ ചേച്ചിയ്ക്ക്. താൻ നട്ടു വളർത്തിയ ചെടികളെ ചൂണ്ടി അഭിമാനം കൊള്ളാനും പോക്കുവെയിൽ കൊണ്ടാൽ പൊന്നാവുമെന്ന് പറഞ്ഞ് ആ വെയിൽ മുഴുവൻ കൊള്ളാനും തുളസി ചെടിയിൽ ജലമൊഴിയ്ക്കാനും ഒക്കെ തിടുക്കം കാട്ടിയ മാസ്റ്റർക്ക് ജീവിതം മതിയായില്ല എന്ന് തോന്നുന്നു. അതിലുപരി ഉഷ ചേച്ചിയ്ക്ക് ശുശ്രൂഷിച്ച് മതിയായില്ല എന്നും തോന്നുന്നു. കാരണം ഉഷ കേശവരാജിന്റെ പുസ്തകത്തിൽ ഒരച്ഛന്റെ സ്ഥാനം തന്നെയാണ് മാസ്റ്റർക്ക് അവർ നൽകിയിരിക്കുന്നത്. കുഞ്ഞുണ്ണി മാസ്റ്ററെ ഇപ്പോഴും ഒരു തേങ്ങലോടെ മാത്രം ഓർത്തുപോവുന്ന ഞങ്ങൾ ശിഷ്യൻമാരുടെ സ്ഥിതി ഇതാണെങ്കിൽ ഒരു ജന്മം മുഴുവൻ അനുസരിപ്പിച്ചും ശാസിച്ചും അവസാനം അനുസരിച്ചും ഒക്കെ കഴിഞ്ഞ ഈ മനുഷ്യനെ അടുത്തറിഞ്ഞവരെ പറ്റി പറയണോ ? ഇരുപത് കൊല്ലക്കാലം തന്റെ കുട്ടമ്മാമയെ നോക്കിയതറിഞ്ഞില്ല എന്ന് ഉഷ പറയുമ്പോൾ നമുക്ക് മനസ്സിലാക്കാം ആ ബന്ധത്തിന്റെ ആഴം. അത്രയ്ക്ക് വിശാലത നിറഞ്ഞ മനസ്സായിരുന്നത്രെ മാഷിന്. ഏതെങ്കിലും പ്രോഗ്രാമിന് പോയി വരുമ്പോൾ മാസ്റ്റർ കയ്യിലെ പൊതി ഉഷയ്ക്ക് നീട്ടും അത് മറ്റൊന്നുമാവില്ല, പരിപാടി സ്ഥലത്ത് നിന്ന് കിട്ടിയ വല്ല പലഹാരമോ മറ്റോ ആയിരിക്കുമത്. തന്റെ മകൾക്ക് കൊടുക്കാവുന്നതിൽ ഏറ്റവും വലിയ പലഹാരമായിരിക്കും ഒരുപക്ഷെ മാസ്റ്റർക്കത്. അത് പോലെ ഉഷ ചേച്ചിയ്ക്കും ഒരു വലിയ നിധി കിട്ടിയ പോലെ സന്തോഷം. ആ സന്തോഷം ഇന്ന് കണ്ണീരായി എങ്കിൽ ആ വാത്സല്യത്തിന്റെ ആഴം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.

മാതൃഭൂമിയിലൂടെ മാസ്റ്റർ തെറ്റ് തിരുത്തി വളർന്ന് വന്നവർ നിരവധി പ്രശസ്തരത്രെ. പേരെടുത്ത സാഹിത്യകാരന്മാർ ഈ ഉമ്മറത്ത് എത്രയോ തവണ എത്തിയത്രെ. മാതൃഭൂമിയിലെ ബാലപംക്തിയിലെ 'കുട്ടേട്ടൻ' കുഞ്ഞുണ്ണി മാസ്റ്ററാണെന്ന് പലരും അറിഞ്ഞത് വളരെ വൈകിയാണ്. വരും തലമുറയ്ക്ക് കുഞ്ഞുണ്ണി മാസ്റ്റർ ആരായിരുന്നു എന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ. ഒന്നായാൽ നന്നായി എന്ന തത്ത്വശാസ്ത്രം സാധാരണ ജനങ്ങളിലേയ്ക്കെത്തിച്ച എഴുത്തുകാരൻ. വട്ടക്കണ്ണടയും വെളുത്ത താടിയും മുട്ടോളമെത്തുന്ന മുണ്ടും അടയാളപ്പെടുത്തിയത് അതിയാരത്തെ ഒരു മഹാകവിയെ തന്നെ. കുഞ്ഞുണ്ണി കവിതയിലെ നിഷ്കളങ്കതയും, ഇനിയും കുഞ്ഞുണ്ണി മാഷിന്റെ വെളിച്ചം കണ്ടിട്ടില്ലാത്ത സാഹിത്യ സൃഷ്ടിയും ഉഷാ കേശവരാജിന്റെ കുഞ്ഞുണ്ണി എന്ന കുട്ടമ്മാമയുടെ പുസ്തകത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. കുഞ്ഞുണ്ണി മാഷിന്റെ അവസാന നാളുകളിലെ നൊമ്പരങ്ങളും ആകുലതകളും എല്ലാം ഈ പുസ്തകത്തെ നമ്മെ നെഞ്ചോടടുപ്പിയ്ക്കുന്നു. തീർച്ചയായും ഈ പുസ്തകം പുതുതലമുറയ്ക്ക് പ്രയോജനപ്പെടുമെന്നുറപ്പുണ്ട്. വളരെ കുറച്ചുകാലം കൊണ്ട് നമ്മുടെ ഭാഷയ്ക്കൊരുക്കായി അതിനെ നിലനിർത്തിയ വളരെ

കുറച്ചുപേരെ നമുക്കുണ്ടായിട്ടുള്ളു. അതിൽ കുഞ്ഞുണ്ണി മാസ്റ്റർ വഹിച്ച പങ്ക് വളരെ മഹത്തരമാണ്. മലയാള ഭാഷയുടെ ഉന്നമനത്തിന് ജീവിതം ബലിയർപ്പിച്ച ഈ പണ്ഡിതന്റെ കാലിൽ നമസ്ക്കരിയ്ക്കാൻ കഴിയുന്നതും അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ വിദ്യാഭ്യാസം നേടാനായതും ഈ യുള്ളവന്റെ ഭാഗ്യം. അങ്ങെഴുതിവെച്ച അക്ഷരലക്ഷങ്ങളുടെ കൂട്ടായ്മയ്ക്ക് മുന്നിൽ മലയാളി ഒന്ന് നമസ്ക്കരിച്ചോട്ടെ. ഉച്ചത്തിലുള്ള ഉച്ചാരണത്തിൽ അക്ഷരശുദ്ധിയ്ക്ക് നിർബന്ധം പിടിച്ച കവി പടിയിറങ്ങിയിട്ട് വർഷങ്ങളായി. അങ്ങ് മരിയ്ക്കുന്നില്ല, ജീവിച്ചിരിക്കുന്നു അതിയാരത്ത് വീട്ടിൽ ഗന്ധമായി, ശബ്ദമായി, മോളേ എന്ന വിളിയുമായി. ഒരു വ്യാഴവട്ടക്കാലത്തിലേറെയായി പതിവ് തെറ്റിക്കാതെ പൂക്കുന്ന ഈ വനമുല്ല അങ്ങെന്ന മനുഷ്യനെ തിരയുകയാണ്. കാവ്യാക്ഷരം പകർന്ന് കൈകൊണ്ട് ഈ വേരിനിത്തിരി ജലം തരില്ലേ എന്ന് ചോദിച്ച് കരയുകയാണ്. മാർച്ച് 26ന്റെ പ്രഭാതങ്ങളിൽ പൂത്തുവിടർന്നീ വനമുല്ല പൊട്ടിക്കരയാറുണ്ട്. കവിതയിൽ വിത കണ്ടെത്തിയ മഹാനെയോർത്ത്.

*ഭാഷയെന്റെ വേഷം*
*ശേഷക്രിയയ്ക്കതുമതി-*
*യെന്നെഴുതാൻ*
*കഴിയാത്ത ദുഃഖം*



*എൻ ഗുരുനാഥനെ*
*കരയിച്ചിരിയ്ക്കും*

1927 മെയ് 10നാണ് കുഞ്ഞുണ്ണി മാസ്റ്റർ ജനിച്ചത്. അതുകൊണ്ടുതന്നെ ജീവിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന് 92 വയസ്സ് കഴിഞ്ഞിട്ടുണ്ടാവാം. എങ്കിലും ഈ മാതൃദിനത്തിൽ അദ്ദേഹം കുറിച്ചുവെച്ച വരികൾ മലയാളി തെല്ലഭിമാനത്തോടെ വീണ്ടും വീണ്ടും വായിച്ചുകൊണ്ടേയിരിക്കും. അമ്മിയെന്നാൽ അര കല്ലെന്നും, അമ്മയെന്നാൽ അമ്മിഞ്ഞക്കല്ലെന്നും ഉരുവിട്ടുകൊണ്ടേയിരിക്കും. അറിവിന്റെ നൊമ്പരം ആദ്യം തന്ന ഗുരുനാഥാ... അങ്ങ് ഉറങ്ങുക ശാന്തമായി അതിയാരത്തെ വീട്ടിൽ. അങ്ങകലെയിരുന്ന് ഞങ്ങളെ അനുഗ്രഹിച്ചാലും. ആദ്യാക്ഷരത്തിന്റെ കരുത്ത് പകരാനായി എല്ലാ വിദ്യാരംഭ ദിനത്തിലും അങ്ങ് വരിക. 'അ, ആ' എന്നും 'ഇ, ഈ' എന്നും ഞങ്ങളുടെ മക്കളുടെ കാതുകളിൽ വാക്കുകൾ ചൊല്ലിക്കൊടുത്തെഴുതിയ്ക്കുക. ഒരദൃശ്യ ശക്തിയായി ഞങ്ങൾക്കൊപ്പമുണ്ടെന്ന വിശ്വാസത്തിന്റെ ബലത്തിലാണ് ഇവിടെയുള്ളവരേറെയും. തൃശ്ശൂർ എലൈറ്റ് ഹോസ്പിറ്റലിൽ ഞാനങ്ങയെ കാണാൻ വന്നപ്പോൾ ഞാൻ പഠിപ്പിച്ചിട്ടുണ്ടല്ലേ എന്ന് തേങ്ങലോടെ ആ ചുണ്ട് വിതുമ്പി ചോദിച്ചപ്പോൾ കൂടെയുള്ളവരുടെ മിഴിയും അറിയാതെ നനഞ്ഞത് ഇപ്പഴുമോർക്കുന്നു. സ്മരിച്ചും നമിച്ചും നാടിന്റെ നാനാതുറകളിൽ വാക്കിന്റൂക്കനായി അങ്ങെന്ന ഗുരുനാഥൻ ജീവിയ്ക്കുക തന്നെ ചെയ്യും. ജന്മജന്മാന്തര പുണ്യം പോലെ അങ്ങ് നേടിത്തന്ന അറിവ് അക്ഷരലോകം വാഴ്ത്തിക്കൊണ്ടേയിരിക്കും. ഒന്നായാൽ നന്നായി എന്ന തത്ത്വശാസ്ത്രം മാനവരാശിയ്ക്ക് നേരേ ഉയർത്തിപ്പിടിച്ച കാവ്യശ്രേഷ്ഠാ... കവിതയിൽ വിത കണ്ടെത്തിയ കർമ്മഗുരുവേ... അങ്ങ് പറഞ്ഞതെത്ര ശരി.

*എനിക്കുണ്ടൊരു ലോകം*
*നിനക്കുണ്ടൊരു ലോകം*
*നമുക്കില്ലൊരു ലോകം.*

●



# ആപ്പ്

**ജനാർദ്ദനൻ പി. വണ്ടാഴി**
**8089060168, 9539206386**

**ഇ**പ്പോൾ എല്ലാറ്റിനും ആപ്പ് വേണം. കുഞ്ഞഹമ്മദിന് പോത്തിറച്ചീം നെയ്ച്ചോറും തിന്ന് മടുത്തപ്പോഴാണ് ഒരു ആപ്പ് ശ്രദ്ധയിൽ പെട്ടത്. ഇഡ്ലി ആപ്പ്...! ഹായ്... കാലം ഉഷാറായി വരുന്നു. ഇതാ ഒരു ഉഗ്രൂഗ്രൻ ആപ്പ് അവതരിച്ചിറങ്ങി വന്നിരിക്കുന്നു.

ഇഡ്ലിയുടെ പ്രൊഡക്ഷൻ പ്രോസസ്സിനെ പറ്റി കുഞ്ഞഹമ്മദിന് സ്വയം അറിവുള്ളതാണ്. അരി- ഉഴുന്ന് വെള്ളത്തിൽ കുതിർത്തരച്ച്, പാകത്തിന് ഉപ്പിട്ട് ഇളക്കി വച്ച്, ഇഡ്ലിത്തട്ടിൽ ഒഴിച്ച് ആവിയിൽ വേവിച്ചെടുക്കുന്ന വിഭവമാണല്ലോ വിഭവം. ചെറിയ ഉള്ളി, വറ്റൽ മുളക് എന്നിവ വെളിച്ചെണ്ണയിൽ വഴറ്റിയെടുത്ത്, അല്പം ഉപ്പുകൂട്ടി അരച്ചെടുത്താൽ, ഇഡ്ലിക്ക് അസ്സൽ ടച്ചിങ്ങ്സാകും.

പ്രയത്നം ഒഴിവാക്കാം, കൂടെ ഒരു രാത്രിയുടെ നീളമുള്ള കാത്തിരിപ്പും. ആപ്പ് അവതരിച്ചിരിക്കുന്നു. അയാൾ ഒട്ടും സമയം പാഴാക്കാതെ ഗൂഗിൾ പ്ലേസ്റ്റോറിലേക്ക് കടന്നുകയറി തപ്പോടുതപ്പൽ. ഇഡ്ലി ആപ്പ് ഇതാ ഇറങ്ങിവന്നുകൊണ്ടിരിക്കുന്നു.

ആപ്പ് ഓപ്പനാകുന്നതോടെ അയാൾ ആശാങ്കാകുലനാകുന്നു. പ്ലേ... എന്ന സൈനിൽ വിരലമർത്തി കാത്തിരുന്നു. ഇതാ ആപ്പിന്റെ ചുരുളുകളഴിയുന്നു. ഡിസ്പ്ലേയിൽ ഒരു മിക്സി പ്രത്യക്ഷപ്പെടുന്നു. അരി അരയ്ക്കുന്നു, ഉഴുന്നരയ്ക്കുന്നു, മിക്സാക്കുന്നു, ഉപ്പിട്ടിളക്കുന്നു. പിന്നെ പന്ത്രണ്ടുമണിക്കൂർ അവധി. മാവ് പുളിക്കൽ എന്ന പ്രക്രിയ. ഇഡ്ഡലിത്തട്ടിലേക്കൊഴിക്കുന്നു, ആവിവെയ്ക്കുന്നു. അല്പനിമിഷങ്ങൾക്കകം ഇഡ്ഡലി പ്ലേറ്റിലേക്ക് നിരക്കുന്നു.

ഉടനെ കുഞ്ഞഹമ്മദിന് കാര്യങ്ങൾ വ്യക്തമാകുന്നു. ഗൂഗിൾ ഒരാപ്പുവെച്ചതാണ്. ഇഡ്ഡലി ചുട്ടുകളി, ഒരു വെറും കളിയാകുന്നു. ●

# ലീലാതിലകം



**എം. ഡി. വിശ്വംഭരൻ**
**9446142131**

**ബി**സിനസ്സ് കോൺഫ്രൻസിന്റെ ബഹളവും മുഷിപ്പും തീർക്കാൻ വേണ്ടിയാണ് വീട്ടിലേക്കുള്ള യാത്ര നാളത്തേക്ക് മാറ്റിയത്. ഒന്ന് വിശ്രമിക്കണം. ഫ്രഷായിട്ട് ഒന്ന് ഉറങ്ങണം. ആ ഉദ്ദേശത്തോടുകൂടിയാണ് ഹോട്ടലിൽ മുറിയെടുത്തത്. ആദ്യം ഒന്ന് കുളിച്ചു. പിന്നെ ഒരു കോഫിക്ക് ഇന്റർകോമിൽ ആവശ്യപ്പെട്ട ശേഷം ഫയലുകൾ ഓടിച്ചുനോക്കി. ഡോർ മുട്ടിത്തുറന്നുകൊണ്ട് റൂം ബോയി കോഫിയുമായെത്തി. അതുവാങ്ങി കുടിച്ച് അല്പസമയത്തിനുശേഷം മുറി പൂട്ടി പുറത്തിറങ്ങി. ഇത്തിരി നേരത്തെ നഗരക്കാഴ്ച്ചക്ക് വേണ്ടി. എട്ടു മണിക്കുശേഷമാണ് തിരിച്ചെത്തിയത്. വന്നപാടെ ലോണിൽ ചെന്നിരുന്നു. അങ്ങിങ്ങായി നിരത്തിയിരിക്കുന്ന ടേബിളുകളിൽ കസ്റ്റമേഴ്സ് നിരന്നിരിക്കുന്നു. കാര്യമായ വിശപ്പില്ലായിരുന്നു. ചെറിയൊരു വെജിറ്റേറിയൻ ശാപ്പാട് അകത്താക്കി കൂടെ ഒരു മഷ്റൂം സൂപ്പും. അതിനുശ്ശേഷം മുറിയിലേക്ക് നടക്കുമ്പോൾ റൂം ബോയി പിന്നാലെ കൂടി.

"സർ, എന്തെങ്കിലും ആവശ്യമുണ്ടോ ?" അയാൾ സംശയിച്ചുകൊണ്ട് അടുത്തുനിന്നു.

"ഇല്ല, ആവശ്യമുണ്ടെങ്കിൽ പറയാം ഇപ്പോൾ ഒന്നും വേണ്ട."

അയാൾ മടിച്ചു മടിച്ചു പിൻമാറി. റൂമിലെത്തി കുറച്ചുകഴിഞ്ഞപ്പോഴാണ് തനിക്കൊന്നും ചെയ്യാനില്ല എന്ന കാര്യം ഓർമ്മ വന്നത്. വല്ലാത്ത ബോറടി. ഉറങ്ങാൻ കിടന്നാൽ ഉടനെ ഉറങ്ങുമെന്ന് തോന്നുന്നില്ല. റൂം സർവ്വീസിലേക്ക് മെസ്സേജ് കൊടുത്തു. ഉടൻ തന്നെ ആദ്യം കണ്ട ആൾ മുറിയിലെത്തി.

"സർ, എന്തുവേണം ?'

"എടോ വല്ലാത്ത ബോറടി, രണ്ട് പെഗ്ഗ് വിസ്ക്കിയും ഒരു പാക്കറ്റ് സിഗരറ്റും എത്തിക്കൂ."

"ശരി സർ, സോഡ, സ്നാക്സ്."

അയാൾ തന്റെ നേരെ നോക്കി. സോഡയും നട്ട്സും ആവട്ടെ. അയാൾ തലകുലുക്കിക്കൊണ്ട് പുറത്തേക്കുപോയി. നിമിഷങ്ങൾക്കകം ട്രേയിൽ സാധനങ്ങളുമായെത്തി. കുപ്പിയെടുത്ത് ഗ്ലാസ്സിലേക്ക് പകർന്ന് സോഡയും ചേർത്ത് തനിക്കുനേരേ നീട്ടിക്കൊണ്ട് ചോദിച്ചു, "സർ, വേറെ എന്തെങ്കിലും ?"

അയാൾ അർദ്ധോക്തിയിൽ നോക്കിനിന്നു. ഉള്ളിൽ അല്പം ചിരി ഊറിയെങ്കിലും മനസ്സിലാകാത്തതുപോലെ അയാളുടെ നേരെ ചോദ്യരൂപേണ നോക്കി. അപ്പോഴയാൾ ഇത്തിരി പരുങ്ങിക്കൊണ്ടറിയിച്ചു, "അല്ല സാർ, എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ, അതെന്തായാലും ശരിയാക്കാം."

"ഓ, ഒരു രാക്കൂട്ടാണോ താൻ ഉദ്ദേശിച്ചത് ?"

"അതും വേണമെങ്കിൽ ശരിയാക്കാം സാർ. തികച്ചും സുരക്ഷിതം, ഭദ്രം, ഒരു കുഴപ്പവുമില്ല."

അയാളുടെ സ്വരത്തിൽ പ്രതീക്ഷയും ഉത്സാഹവുമുണ്ടായിരുന്നു. ശരി എന്നാൽ അങ്ങനെയാവട്ടെ അരമണിക്കൂർ കഴിഞ്ഞുമതി. അയാൾ പോയി കൃത്യം അരമണിക്കൂർ കഴിഞ്ഞപ്പോൾ ചാരിയ കതകുതുറന്ന് ഒരുവൾ അകത്തേക്ക് വന്നു. ആളെ കണ്ടപ്പോൾ ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു. തന്നെ കണ്ടപ്പോൾ അവളും ശരിക്കും വിളറി.

ലീല, തട്ടാൻ കുഞ്ഞുരാമന്റെ ഭാര്യ. മദ്ധ്യവയസ്ക. എങ്കിലും കണ്ടാൽ തോന്നുകയില്ല. ഉടയാത്ത ശരീരപ്പൊലിമ. ആദ്യത്തെ ഞെട്ടലിനു ശേഷം വളരെ പാടുപെട്ട് പറഞ്ഞൊപ്പിച്ചു. "ഒരിക്കലും ഞാനിത് പ്രതീക്ഷിച്ചില്ല അത് നീയായിരിക്കുമെന്ന്." തന്റേതുപോലെ അവളും ആദ്യത്തെ വിരളലിനുശേഷം അതിൽ നിന്നും മുക്തയായിരുന്നു. അവൾ പറഞ്ഞു, "ഞാനും പ്രതീക്ഷിച്ചില്ല കാത്തിരിക്കുന്നത് താങ്കളായിരിക്കുമെന്ന്. താല്പര്യമുണ്ടായിരുന്നെങ്കിൽ ഈ ഹോട്ടൽ മുറിയുടെ ആവശ്യമുണ്ടായിരുന്നില്ല എപ്പോഴെങ്കിലും ഒന്നു സൂചിപ്പിച്ചാൽ മതിയായിരുന്നു."

"അതിന് എനിക്ക് നിന്നിൽ അങ്ങനെയൊരു താല്പര്യം തോന്നിയിട്ടില്ല. ഇങ്ങനെയൊരു പതിവും എനിക്കില്ല. ഈയിടെ ബിസിനസ്സ് മീറ്റിനും വന്നതായിരുന്നു. അതിന്റെ വിരസത ഒഴിവാക്കാനും വിശ്രമിക്കാനും വേണ്ടി മാത്രമാണ് മുറിയെടുത്തത്. ബോയിയുടെ നിർബന്ധം കൂടിയപ്പോൾ ഒന്നു മൂളി അത്രതന്നെ. ഏതായാലും ലീല ഇരിക്കൂ."

"അല്ല, താല്പര്യമില്ലെങ്കിൽ ഞാൻ പോയേക്കാം. നിങ്ങൾ വിഷമിക്കേണ്ട, ഇതാരും അറിയാനും പോകുന്നില്ല."

"അതൊന്നും കുഴപ്പമില്ല, നീ ഇരിക്കൂ."

ലീല അടുത്തുകണ്ട സെറ്റിയിലിരുന്നുകൊണ്ട് തന്റെ കൈയിലിരിക്കുന്ന ഗ്ലാസ്സിലേക്കും കുപ്പിയിലേക്കും മാറിമാറി നോക്കുന്നുണ്ടായിരുന്നു. അവളോടു ചോദിച്ചു, "എന്താ ഒരെണ്ണം വേണോ ?"

ചെറുചിരിയോടെ അവൾ പറഞ്ഞു, "ജീവിതത്തിൽ ആഗ്രഹിക്കാത്ത വഴികളിലൂടെയാണ് നടന്നുകൊണ്ടിരിക്കുന്നത് എല്ലാം ശീലമായിപ്പോയി."

കയ്യിലിരുന്ന ഗ്ലാസ്സ് കാലിയാക്കിയശേഷം അതിലേക്ക് തന്നെ പകർന്നുകൊടുത്തത് അവൾ വാങ്ങി ഒറ്റവലിക്ക് അകത്താക്കി. ഗ്ലാസ്സ് ട്രേയിലേക്ക് വച്ചു. വീണ്ടും അത് നിറച്ചുകൊടുത്തപ്പോൾ ഇത്തവണ കുറച്ച് പതുക്കെയാണ് അകത്താക്കിയത്

എന്നിട്ട് നട്ട്സ് എടുത്തുകൊറിച്ചു, തുടർന്ന് സംസാരത്തിലേക്ക് കടക്കുകയായിരുന്നു, പലതും പറഞ്ഞു. അപ്പോൾ ചോദിച്ചു "നിനക്ക് ഇങ്ങനെ ഒരു ജീവിതം തെരഞ്ഞെടുക്കേണ്ട ആവശ്യം ഉണ്ടായിരുന്നോ? കുറച്ചു മാന്യമായി ജീവിച്ചു കൂടായിരുന്നോ?"

അവൾ തന്റെ നേരേ പുച്ഛത്തിൽ ഒരു നോട്ടമയച്ചു. എന്നിട്ട് പറഞ്ഞു, "എന്നെപ്പോലുള്ളവർ ഇതിന് ഇറങ്ങിയില്ലെങ്കിൽ നിങ്ങളെപ്പോലുള്ളവർ ഹോട്ടലിൽ വന്നിരുന്ന് ആവശ്യപ്പെട്ടാൽ ആര് വരും. നിങ്ങൾക്ക് പരസ്ത്രീകളെ പ്രാപിക്കയും വേണം ലോകത്തുള്ള സ്ത്രീകളെല്ലാം പരിശുദ്ധകളായിരിക്കുകയും വേണം അല്ലേ ? വിചിത്രമാണ് മാഷേ നിങ്ങളെപ്പോലുള്ളവരുടെ ചിന്ത. കഷ്ടം. ഓരോരുത്തരുടെ ഹിപ്പോക്രസി."

ചാട്ടവാറടിയേറ്റതുപോലെ ആയിരുന്നു അവളുടെ പ്രതികരണം. ഒരുനിമിഷം ചമ്മലോടെ ഇരുന്നു. അപ്പോൾ അവൾ ഇരുന്നിടത്തുനിന്നും എഴുന്നേറ്റിട്ട് പറഞ്ഞു, "അതൊക്കെ പോകട്ടെ, എന്നെ വരുത്തിയത് എന്തിനാണ് അതുനടക്കട്ടെ. ഞാൻ കുളിക്കണോ ? വൈകുന്നേരം കുളിച്ചതാണ്. ഇന്ന് മറ്റാരേയും സന്ദർശിച്ചിട്ടില്ല. ഇനിയും കുളിക്കണമെങ്കിൽ അതാകാം." അവൾ കൈയിലെ ബാഗ് തുറന്ന് തോർത്ത് കൈയിലെടുത്തു.

"വേണ്ട, നീയിരിക്ക് നമുക്ക് കുറച്ച് വർത്തമാനം പറഞ്ഞിരിക്കാം."

"ഇത് വിചിത്രമായിരിക്കുന്നല്ലോ. പ്രതീക്ഷിക്കാത്ത ആളെ കണ്ടതുകൊണ്ടാണോ ഈ നിർവ്വികാരത? നിങ്ങൾ ഒരു പെണ്ണിനെയല്ലേ ആവശ്യപ്പെട്ടത് അത് ലീലയോ രാധയോ ആരായാലെന്താ ? പെങ്ങളോ മകളോ അല്ലാത്ത ആരായാലും പോരേ. അവിടെ ഞാനായാലെന്താ കുഴപ്പം. പിന്നെ, ഞാനാണെങ്കിൽ ഇങ്ങനെയൊരു ജീവിതം തീരെ ആഗ്രഹിച്ചിരുന്നതല്ല. കുഞ്ഞുരാമൻ എന്നെ കെട്ടിക്കൊണ്ടുവന്നിട്ട് എനിക്ക് കാര്യമായ ഒരു ഗുണവും ഉണ്ടായിട്ടില്ല. അയാൾക്ക് ശരിക്ക് പറഞ്ഞാൽ ഒരു ഭാര്യയുടെ – പെണ്ണിന്റെ ആവശ്യം ഉണ്ടായിരുന്നില്ല എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. എങ്ങനെയോ രണ്ടുകുട്ടികൾ ഉണ്ടായി അത്രതന്നെ. ദിവസവും കള്ള് കുടിക്കണം അയാൾക്ക്. തട്ടാൻ ആണെന്ന് പറഞ്ഞിട്ട് കാര്യമില്ല. പണിയൊന്നുമില്ല, അഥവാ അയാൾക്ക് പണി അറിയില്ല. വീട്ടിൽ പലപ്പോഴും പട്ടിണി ആയിരുന്നു. ആദ്യമായി എന്റെ കിടക്ക പങ്കിടാൻ കൂട്ടുകാരനെ അയച്ചത് അയാളായിരുന്നു. എനിക്കാണെങ്കിൽ മഴ കാത്ത വേഴാമ്പലിന്റെ അനുഭവമായിരുന്നു അത്. ആശിച്ചത് കിട്ടിയതിന്റെ അനുഭൂതി, സന്തോഷം. അതങ്ങനെ തുടർന്നു. പിന്നെ ആളെണ്ണം കൂടി. വരുമാനം കൂടിയപ്പോൾ എല്ലാം അറിഞ്ഞിട്ടും അറിയാത്ത ഭാവം നടിച്ച കെട്ടിയവൻ. ഒന്നുമുങ്ങിയാൽ പിന്നെ കുളിരില്ലല്ലോ. അങ്ങനെ തുടർന്നും മുങ്ങിക്കൊണ്ടിരുന്നു."

അവളുടെ കഥ കേട്ടപ്പോൾ എന്ത് വികാരമാണ് തന്നിൽ ഉണ്ടായതെന്ന് പറയാൻ കഴിയാത്ത അവസ്ഥ. നന്നായി ഉറക്കം വരുന്നുണ്ടായിരുന്നു. പകലത്തെ ക്ഷീണവും അകത്താക്കിയ വിസ്കിയുടെ പ്രവർത്തനവും, ബാത്തുറൂമിൽ പോയി വന്നശേഷം ബെഡ്ഡിലേക്ക് ചായുമ്പോൾ പറഞ്ഞു, 'നീ ആ സെറ്റിയിലെങ്ങാനും കിടന്നു ഉറങ്ങിക്കോ രാവിലെ പോകാം."

അവളുടെ ഭാവത്തിലും നോട്ടത്തിലും അത്ഭുതമൊന്നും കാണാനില്ലായിരുന്നു. സുഖമായി ഉറങ്ങി. നേരം നന്നേ പുലർന്നാണ് ഉണർന്നത്. ഉണരുമ്പോൾ തന്റെ തല ലീലയുടെ മടിയിലാണ് ഇരിക്കുന്നതറിഞ്ഞ് അത്ഭുതപ്പെട്ടു. അവളോടു ചോദിച്ചു "നീ ഉറങ്ങിയില്ലേ ?"

'ഓ, എനിക്ക് ഉറക്കമിളക്കൽ അത്ര പുതിയ കാര്യമൊന്നുമല്ല. നിങ്ങൾക്ക് എന്നെക്കൊണ്ട് ഒരു പ്രയോജനവും ഉണ്ടായില്ല, നിങ്ങൾ ഉണ്ടാക്കിയില്ല ! അപ്പോൾ സുഖമായി ഉറങ്ങട്ടെയെന്നു കരുതി. അത് പറയുമ്പോൾ ഒരു മാതൃവാത്സല്യം ആ മുഖത്ത് കാണാമായിരുന്നു. പോകാനൊരുങ്ങുമ്പോൾ പേഴ്സ് തുറന്ന് കുറേ നോട്ടുകൾ അവളുടെ നേരേ നീട്ടി. അത് വാങ്ങിനോക്കാതെ അവൾ പറഞ്ഞു, "ലീല വേശ്യയാണ്. എന്നാൽ ചെയ്യാത്ത ജോലിക്ക് പ്രതിഫലം വാങ്ങുകയില്ല. ഇനിയും എന്റെ മടിയിൽ തലവെച്ച് ഉറങ്ങാൻ തോന്നിയാൽ അറിയിച്ചാൽ മതി. എവിടെ ആയാലും ഞാൻ വരാം." അത്രയും പറഞ്ഞ് അവൾ വേഗം ഇറങ്ങി നടന്നു.

●

■ കവിത

# മുൾക്കിരീടം

**ശ്രീലേഖ**

കല്ലുമാലയണിഞ്ഞ്
നിറജല കുംഭങ്ങളുമായ്
കുണുങ്ങിച്ചിരിച്ചുലഞ്ഞവൾ.
സ്വപ്നങ്ങളായ
സ്വപ്നങ്ങളെല്ലാം
നുണക്കുഴിയിലൊളിപ്പിച്ചവൾ.
ജീവനാഥനാമർക്കനെ
ദിവ്യരാഗത്താൽ
പ്രണയിച്ചവൾ.
കാലാനുഗതമായ് വരും
ഋതുക്കളാം സോദരർക്കായ്
നോമ്പുനോറ്റുറക്കം
വെടിഞ്ഞവൾ.

കാലംതെറ്റിയ
ചൂടേറ്റതിന്നാഘാതത്തിൽ
തലയിട്ടുരുട്ടിയും
തിമിർത്താടിയ പ്രളയാഗ്നി
ദുരന്തത്തിൽ
വിങ്ങി വിതുമ്പിയും
മനം പൊട്ടിക്കരയുന്നവൾ.
മക്കൾക്കായ്;
തെറ്റുകളേറ്റുവാങ്ങിപ്പിടഞ്ഞവൾ;
പെറാത്തവൾ.

കന്യയാം
അവളുമൊരമ്മ.
പെറ്റമ്മയേക്കാൾ
നോവറിഞ്ഞവൾ പോറ്റമ്മ;
സർവ്വംസഹയെന്ന
കിരീടമേറ്റിയവൾ
ഭൂമീദേവി.

# ദാനം



പരുത്തിപ്പുള്ളി രാധാകൃഷ്ണൻ
9446387866

**വാ**സുവും കേശുവും മദ്ധ്യവയസ്സ് പിന്നിട്ടവരാണ്. ഒരുദിവസം അവർ ദൈവത്തെ അന്വേഷിച്ച് പുറപ്പെട്ടു. ഈശ്വരനെ ദർശിച്ച് മോക്ഷം നേടുകയായിരുന്നു ലക്ഷ്യം. കാൽനടയായിട്ടായിരുന്നു യാത്ര. ഒരുപാട് ദൂരം സഞ്ചരിച്ച് ഒടുവിൽ ഒരു മലയുടെ അരികിൽ അവർ എത്തിച്ചേർന്നു. ആ മലയിൽ രണ്ട് തുരങ്കങ്ങൾ ഉണ്ട്. അടുത്തടുത്ത്, സമാന്തരമായിട്ടാണവ. തുരങ്കമുഖങ്ങൾക്ക് സമീപം ഒരു പാറക്കല്ലുണ്ട്. ആ കല്ലിന്മേൽ ഒരു സന്യാസി ഇരിക്കുന്നത് അവർ കണ്ടു.

വാസുവും കേശുവും സന്യാസിയെ സമീപിച്ചു. അടച്ചിരുന്ന കൺപോളകൾ സന്യാസി മെല്ലെ തുറന്നു. പുഞ്ചിരിയോടെ അദ്ദേഹം മൊഴിഞ്ഞു: ''രണ്ടുപേരും മോക്ഷം കിട്ടാൻ പുറപ്പെട്ടതാണല്ലോ. ഈ കാണുന്ന തുരങ്കങ്ങൾ വഴി നിങ്ങൾ മുന്നോട്ടുപോവുക.''

സന്യാസി കണ്ണുകൾ പൂട്ടി. ഇടത് തുരങ്കത്തിലൂടെ വാസു മുന്നോട്ടുനടന്നു. വലത് തുരങ്കത്തിലൂടെ കേശുവും. കുറേ കഴിഞ്ഞപ്പോൾ അവർ രണ്ടുപേരും തുരങ്കങ്ങളുടെ അങ്ങേപ്പുറത്തെത്തി. അവിടെ, ഒരു പാറക്കല്ലിന്മേൽ, നേരത്തെ കണ്ടിരുന്ന ആ സന്യാസി ഇരിക്കുന്നു ! അത്ഭുതം തന്നെ !

വാസുവും കേശുവും സന്യാസിയുടെ അടുത്തേക്ക് ചെന്നു. സന്യാസി വാസുവിനോട് ചോദിച്ചു : ''തുരങ്കയാത്രയിൽ നിനക്ക് എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടായോ ?''

വാസു പറഞ്ഞു: ''പാതി ദൂരം ചെന്നപ്പോൾ വഴിയരികിൽ ഒരു പടുവൃദ്ധ കിടക്കുന്നത് ഞാൻ കണ്ടു. എനിക്ക് വല്ലാതെ വിശക്കുന്നു. കഴിക്കാനുള്ള എന്തെങ്കിലും തരണേ, ഇല്ലെങ്കിൽ ഞാൻ ചത്തുപോകും എന്ന് ആ വൃദ്ധ എന്നോട് യാചിച്ചു. എനിക്ക് സഹതാപം തോന്നി. എന്റെ സഞ്ചിയിൽ പഴങ്ങളുണ്ടായിരുന്നു. നല്ല പഴങ്ങൾ നോക്കിയെടുത്ത് ഞാൻ വൃദ്ധയ്ക്ക് ദാനം നൽകി. വിശപ്പു മാറിയപ്പോൾ വൃദ്ധ എന്നോട് നന്ദി പറഞ്ഞു.

ഇത്രയും കേട്ടപ്പോൾ സന്യാസി പുഞ്ചിരിയോടെ എഴുന്നേറ്റു. വാസുവിന്റെ ശിരസ്സിൽ കൈവെച്ച് ഇങ്ങനെ അനുഗ്രഹിച്ചു. ''ദാനം ചെയ്തതിനാൽ നിനക്ക് സ്വർഗ്ഗത്തിൽ ഇടം കിട്ടും.''

അത്ഭുതമെന്നു പറയട്ടെ, രണ്ട് സ്വർഗ്ഗദൂതന്മാർ അപ്പോഴേക്കും അവിടെ പ്രത്യക്ഷപ്പെട്ടു ! അവർ വാസുവിനെ സ്വീകരിച്ചുകൊണ്ട് പോയി ! അതിനുശേഷം സന്യാസി കേശുവിനോട് ചോദിച്ചു : ''തുരങ്കയാത്രയിൽ നിനക്ക് എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടായോ ?''

കേശു പറഞ്ഞു: ''ഞാൻ സഞ്ചരിച്ച വഴിയുടെ ഓരത്തും ഒരു പടുവൃദ്ധ കിടപ്പുണ്ടായിരുന്നു. എനിക്ക് വല്ലാതെ വിശക്കുന്നു, കഴിക്കാനുള്ള എന്തെങ്കിലും തരണേ ഇല്ലെങ്കിൽ ഞാൻ ചത്തുപോകും എന്ന് ആ വൃദ്ധ എന്നോട് യാചിച്ചു. എന്റെ സഞ്ചിയിൽ ഉണ്ടായിരുന്ന പഴങ്ങളിൽ കുറച്ചെണ്ണം ഞാൻ വൃദ്ധയ്ക്ക് ദാനം ചെയ്തു. ദാനം ചെയ്തതുകൊണ്ട് എനിക്കും വേണം സ്വർഗ്ഗലോകം.''

ഇത് കേൾക്കേണ്ട താമസം, സന്യാസി ഗൗരവത്തിൽ ചോദിച്ചു : ''നല്ല പഴങ്ങൾ ഉണ്ടായിരുന്നിട്ടും തിന്നാൻ പറ്റാത്ത കേടായ പഴങ്ങളല്ലേ നീ ദാനം നൽകിയത് ? ആ പഴങ്ങൾ കഴിച്ചപ്പോൾ വൃദ്ധ ഛർദ്ദിച്ചില്ലേ, അപ്പാടെ ? അവർ എന്തെല്ലാമോ മന്ത്രിച്ചപ്പോൾ അതിന് ചെവി കൊടുക്കാതെ നീ മുന്നോട്ടുപോയില്ലേ ?''


ശരിയാണെന്ന് കേശു തല കുലുക്കി. അല്പം ആലോചിച്ച് സന്യാസി ഇപ്രകാരം പറഞ്ഞു : ''ഉപയോഗിക്കാൻ കൊള്ളാത്തതും കിട്ടുന്നവർക്ക് ഉപകാരമില്ലാത്തതും ദാനം ചെയ്തുകൂടാ. അത് പാപമാണ്. അതിനാൽ നരകലോകമാണ് നിനക്കർഹതപ്പെട്ടത്.''

പെട്ടെന്ന് കുറ്റബോധത്താൽ കേശുവിന്റെ കണ്ണുകൾ നിറഞ്ഞു. അയാൾ വിനയപൂർവ്വം ബോധിപ്പിച്ചു : ''തെറ്റ് ചെയ്തുപോയതിൽ ഞാൻ അത്യധികം ദുഃഖിക്കുന്നു. ഇന്നുതൊട്ട്, നരകത്തിലാണെങ്കിലും, ഞാൻ ദാനം ചെയ്യും. കണ്ടറിഞ്ഞ്, ഉദാരമായി ദാനം ചെയ്യും. നല്ലത് മാത്രമേ ദാനം ചെയ്യൂ.''

ഇതുകേട്ട് സന്യാസി വളരെ സന്തുഷ്ടനായി. ''നീ നല്ലവനായി. നിനക്ക് പാപമോക്ഷം തരുന്നു. ഇനി സ്വർഗ്ഗത്തിൽ ഇടം കിട്ടും.'' അദ്ദേഹം ആശീർവദിച്ചു. രണ്ടുസ്വർഗ്ഗദൂതന്മാർ അപ്പോഴേയ്ക്കും അവിടെ പ്രത്യക്ഷപ്പെട്ടു. അവർ കേശുവിനെ സ്വീകരിച്ചുകൊണ്ടുപോയി. ●

## ചെറുകവിതകൾ

പ്രമോദ് പുനലൂർ
9746363220




**1. മനോഹരം**
സഫലമാകാത്ത
ഓരോ പ്രണയവും

**2. നിസ്സാരൻ**
പഴയ കാമുകിയെ
വീണ്ടും കാണുമ്പോൾ

**3. ഭാര്യ**
പഠിച്ചാലും തീരാത്ത
പാഠപുസ്തകം

**4. വിവാഹം**
പ്രണയ സ്വപ്നങ്ങളുടെ
ശവപ്പറമ്പ്

# നീ ചെയ്യേണ്ടത്



ടി. കെ. ഉണ്ണികൃഷ്ണൻ
0491–2578098, 9447972209

ഇങ്ങിനെ ഒരനുഭവം ആർക്കും ഉണ്ടായിക്കാണില്ല. ആലോചിക്കുമ്പോൾ വെറുപ്പും ദേഷ്യവും കൂടിക്കൂടി വരികയാണ്. രണ്ട് തവണ സോപ്പ് തേച്ചുകുളിച്ചു. പിന്നെയും ദേഹം വൃത്തിയായോ എന്നൊരു സംശയം. സുന്ദരനായ അയാൾ നല്ല പാന്റും ഷർട്ടുമിട്ട് പൗഡറും പൂശി സുഗന്ധം പരത്തുന്ന സ്പ്രേയുമടിച്ച് ഹോട്ടലിൽ നിന്ന് ഇറങ്ങുമ്പോൾ ഇടയ്ക്കിടെ ടവ്വലെടുത്ത് മുഖം തുടച്ചുകൊണ്ടേയിരുന്നു. എത്ര തുടച്ചാലും ഒരു സംശയം. അതിന് കാരണമുണ്ട്. ഈ നഗരത്തിലേക്ക് സ്ഥലം മാറ്റമായി സ്റ്റേഷനിൽ വന്നിറങ്ങിയത് ഇന്നു രാവിലെയായിരുന്നു. അവിടെ വച്ചാണ് അത് സംഭവിച്ചത്. മുടി ജഢ പിടിച്ച കണ്ണുകളിൽ പീള നിറഞ്ഞ വായയിൽ നിന്ന് നുര ഒഴുകുന്ന കീറിനാറിയ ഗൗൺ ധരിച്ച ഒരു ഭ്രാന്തി ഓടിവന്ന് അയാളെ കെട്ടിപ്പിടിച്ച് തുരുതുരാ ഉമ്മവച്ചത്. അപ്രതീക്ഷിതമായ സംഭവത്തിൽ നിന്ന് അയാളുണരാൻ മിനിട്ടുകൾ എടുത്തു. പിന്നെ അയാൾ അവരെ അകറ്റാൻ ശ്രമിച്ചു. മോനേ നീ വന്നല്ലോ. എത്ര കാലമായി ഞാൻ കാത്തിരിക്കുന്നു. എന്നും ഞാൻ നിന്നെ തിരയും എന്നുപറഞ്ഞ് അവർ അയാളെ മുറുകെ പിടിച്ചപ്പോൾ അയാളുടെ ദേഷ്യം അതിര് കടന്നിരുന്നു. സർവ്വ ശക്തിയും ഉപയോഗിച്ച് അയാൾ അവരെ തള്ളി. ആ തള്ളലിൽ അവർ പ്ലാറ്റ്ഫോമിൽ നെറ്റി നിലത്തടിച്ച് വീണു. നെറ്റിയിൽ നിന്നും രക്തം ഒഴുകി. അതൊന്നും ശ്രദ്ധിക്കാതെ അയാൾ പുറത്തേക്ക് പോകാൻ തിരക്കിലേക്കൊഴുകി.

പുതിയ ഓഫീസിൽ ജോയിൻ ചെയ്ത് പ്രവൃത്തിയിൽ മുഴുകുമ്പോഴും അയാളുടെ മനസ്സിൽ സ്റ്റേഷനിലെ സംഭവം വന്നുകൊണ്ടേയിരുന്നു. മനസ്സിൽ എന്തോ ഒരു വല്ലായ്മ. അവർക്ക് കൂടുതൽ പരിക്ക് പറ്റിക്കാണുമോ ? ആരെങ്കിലും അവരെ ആശുപത്രിയിൽ കൊണ്ടുപോയിക്കാണുമോ ? അത്ര ക്രൂരമായി അവരോട് പെരുമാറേണ്ടായിരുന്നു. അവർ ഉമ്മവച്ച മുഖം ഒന്നുകൂടി തുടച്ച് അയാൾ ജോലിയിലേക്ക് ശ്രദ്ധ കൊടുത്തു.

വൈകുന്നേരം ഓഫീസിൽ നിന്നുമടങ്ങി ഹോട്ടലിൽ എത്തി ചായ കുടിക്കുമ്പോൾ ഒരു തോന്നൽ. സ്റ്റേഷൻ അടുത്താണ് ഒന്നുപോയി നോക്കിയാലോ ? സ്റ്റേഷനിലേക്ക് നടന്നു. പ്ലാറ്റ്ഫോം ടിക്കറ്റ് എടുത്ത് അകത്തുകടന്നു. എല്ലാ പ്ലാറ്റ്ഫോമിലും അയാൾ അവരെ തിരഞ്ഞു. എവിടെയും കാണാതെ നിൽക്കുമ്പോഴാണ് ഒരു കൂലി ബെഞ്ചിൽ ഇരിക്കുന്നത് കണ്ടത്. അയാളിൽ നിന്നും വല്ലതും അറിയുമോ എന്നു നോക്കാൻ അയാൾ അവിടേയ്ക്ക് നീങ്ങി. അയാൾ ബെഞ്ചിൽ ഇരുന്നു. തുടക്കമിടാൻ അയാൾ ചോദിച്ചു: "ഇപ്പോൾ ട്രെയിനൊന്നുമില്ലേ ?" ഇല്ല എന്ന് മറുപടി കിട്ടിയപ്പോൾ അയാൾ തുടർന്നു: "ഇവിടെ ഒരു ഭ്രാന്തി നടക്കുന്നുണ്ടായിരുന്നല്ലോ കാണാനില്ല."

"ആര് ചീരുവോ എന്താ പറയേണ്ടത് സാറെ മനുഷ്യർ തനി ക്രൂരർ തന്നെ. ഇന്ന് രാവിലെ ഒരാൾ അവരെ ഉന്തി വീഴ്ത്തിയത്രേ. നെറ്റിയിലും കാൽമുട്ടിനും പരിക്കുണ്ട്. ടീ സ്റ്റാളിലെ പയ്യൻ മരുന്നുവെച്ച് കെട്ടിക്കൊടുത്തു. വയ്യാഞ്ഞിട്ടാകാം ആ കോണിയുടെ മൂലയിൽ കിടപ്പുണ്ട്. മനസ്സിലെ വേദന ഒന്നുകൂടി കൂടി. അത് ഒതുക്കി അയാൾ ചോദിച്ചു: "അവർ ഈ സ്റ്റേഷനിൽ തന്നെയാണോ ജീവിക്കുന്നത്?"

"അതേ സാറെ പത്ത് പതിനഞ്ച് കൊല്ലമായി ഞാൻ കാണുന്നു. അവർ ഇവിടെത്തന്നെ താവളമാക്കിയിട്ട്. എന്തുചെയ്താലും പോകില്ല. പക്ഷെ ഉപദ്രവമൊന്നുമല്ല. ചിലപ്പോൾ കുട്ടികളെ കാണുമ്പോൾ എന്റെ കുട്ടി എന്നുപറഞ്ഞ് പിറകെ ഓടും. ചിലരെ എന്റെ മോനേ എന്നുപറഞ്ഞ് കൊഞ്ചിക്കുന്നതും കാണാം."

അതുകേട്ട് അയാൾ ചോദിച്ചു: "എന്താ അങ്ങിനെ ?"


"അതിനൊരു കാരണമുണ്ട് സാറെ. മനുഷ്യൻ മൃഗത്തിനെക്കാളും മോശമല്ലേ. ഏതോ ഒരു ചെകുത്താൻ ഈ ഭ്രാന്തിയെ ഗർഭിണിയാക്കി കടന്നുകളഞ്ഞു. പ്രസവവും സ്റ്റേഷനിൽ തന്നെ. കുട്ടി മരിച്ചിരുന്നു. അതിനുശേഷമാണ് ചിലരെ കണ്ടാൽ അവർക്ക് ഒരു വിഭ്രാന്തി" എന്നുപറഞ്ഞ് അയാൾ എഴുന്നേറ്റു. ഏതോ ട്രെയിൻ വരുന്നുണ്ടായിരുന്നു.

ഞാനും എഴുന്നേറ്റു. ടീ സ്റ്റാളിൽ പോയി കുറച്ചു ബിസ്ക്കറ്റും കേയ്ക്കും ബണ്ണുമെല്ലാം മേടിച്ചു. അയാൾ പറഞ്ഞ കോവണിയുടെ അവിടേയ്ക്ക് നടന്നു. കോവണിയുടെ ഒരു മൂലയിൽ അവർ കിടന്നുറങ്ങുന്നുണ്ടായിരുന്നു. അവരെ ഉണർത്താതെ അവരുടെ അടുത്ത് വാങ്ങിയ സാധനങ്ങൾ വച്ച് ഞാൻ മടങ്ങി.

ഊണുകഴിഞ്ഞ് മുറിയിലെത്തി ആദ്യം അമ്മയെ വിളിച്ചു. ഇവിടെവന്ന് വിവരങ്ങൾ നിരത്തുമ്പോൾ ഭ്രാന്തിയുടെ കാര്യവും അറിയിച്ചു. മനസ്സിൽ വിഷമമുണ്ടെന്നും പറഞ്ഞു. അതിന്ന് അമ്മയുടെ മറുപടി. പറ്റിയത് പറ്റി ഇനിയെങ്കിലും പറ്റാതെ ശ്രമിക്കൂ. നല്ല വിദ്യാഭ്യാസമുള്ളവരും ഇങ്ങനെയുള്ളവരെ ചികിത്സിപ്പിക്കാതെ, സ്നേഹത്തോടെ പെരുമാറാതെ തെരുവിലേക്ക് തള്ളുന്നതാണ് അധികവും കാണുന്നത്. തെരുവിലും ആൾക്കാർ അവരെ ഉപദ്രവിക്കുന്നു. നീ ചെയ്യേണ്ടത് അങ്ങിനെയുള്ളവരെ കാണുമ്പോൾ ഉപദ്രവിക്കാതിരിക്കുക, സ്നേഹത്തോടെ പെരുമാറുക. സ്റ്റേഷനിൽ കണ്ട അവരെ ഇടയ്ക്കെല്ലാം ചെന്നുകണ്ട് കഴിയുന്ന സഹായം ചെയ്യൂ. ക്ഷേത്രദർശനത്തിലും എത്രയോ ഉപരിയാണ് ഇത് എന്ന് മനസ്സിലാക്കുക."

ഉറങ്ങാൻ കിടക്കുമ്പോൾ അമ്മയുടെ വാക്കുകൾ അയാളുടെ മനസ്സിൽ തറച്ചുനിന്നു.

# വീണ്ടും വിനീതമായ ഒരഭ്യർത്ഥന



**എം. എം. മേനോൻ**
**0491 6451469, 0491 2572939**

*സ്ത്രീനാമ പരിണാമം - ഒരു ചിന്തനം പേജ് 8, ഏക തത്ത്വ പുസ്തകം 9, ലക്കം 5, ഏപ്രിൽ 2019.*

ലേഖനം വായിച്ച ഉടനെയുണ്ടായ സംശയമാണ്. ഹൃദയസ്പർശി ഏർവാഡി ദർഗ്ഗാഹിനെക്കുറിച്ചുള്ള 'ലേഖഥ', ജ്ഞാനവർദ്ധകമായ ലേഖനം 'മുരിങ്ങ മാഹാത്മ്യം' എന്നീ അതിപ്രേരകമായ ഉത്തമലേഖനങ്ങൾ രചിച്ച തൂലികയിൽ നിന്നുത്ഭവിച്ച പ്രസ്താവനകളാണോ ചാരിത്ര്യം പുരുഷന്മാർക്കും ആവശ്യമില്ലേ, മാഷേ ?' എന്നും സ്ത്രീകൾക്ക് അവർക്കിഷ്ടമുള്ള പേർ തിരഞ്ഞെടുക്കാനും നില നിർത്താനുമുള്ള സ്വാതന്ത്ര്യം വകവെച്ചുകൊടുക്കാനും സമൂഹം തയ്യാറാവണം' എന്നുള്ളതും ? ഇന്ത്യയിൽ ഇന്ന് കോളിളക്കം സൃഷ്ടിച്ചതും, പാശ്ചാത്യ 'വികസിത' ദേശങ്ങളിൽ നിന്നു ഇറക്കുമതി ചെയ്തതുമായ ആധുനിക 'മീ-ടു'വിനേയും ഇവിടെ ചേർക്കാം ! അനുചിത പെരുമാറ്റം ആരുടേതായാലും അസംശയം ഘൃണായോഗ്യം തന്നെയല്ലേ ? കാര്യസാധ്യത്തിന് എന്തും ചെയ്യാൻ ഒരുങ്ങിയ സ്ത്രീ-പുരുഷന്മാർ, പിന്നീട് കുറ്റാരോപണം, വിലാപം, ഒച്ചപ്പാട് എന്നിവ ചെയ്യുന്നതിനാൽ തെളിയിക്കുന്നത് സത്യം, ധർമ്മം മുതലായ മൗലിക മാനവ മൂല്യങ്ങളെ തീരെ വെടിഞ്ഞിരിക്കുകയാണ് നാം എന്നല്ലെ ? (പാലം കടക്കുന്നത് വരെ 'നാരായണ', പാലം കടന്നാൽ 'കൂരായണ' എന്ന നില വിവേക ജീവിയായ മനുഷ്യന് ശോഭ തരുമോ ?)

പെരുകിവരുന്ന ആർത്തിയും സ്വാർത്ഥപരതയും കാരണം എത്ര ഭയങ്കര പ്രശ്നങ്ങളെയാണ് മനുഷ്യൻ തനിക്കായിത്തന്നെ സൃഷ്ടിക്കുന്നത് ? എണ്ണത്തിലും വണ്ണത്തിലും അധികരിച്ചുവരുന്ന ഗുരുതര കഷ്ടങ്ങളുള്ള ഇന്ന്, അതിഗൗരവം നിറഞ്ഞതും ഉടൻ പരിഹരിക്കേണ്ടതുമായ ബുദ്ധിമുട്ടുകളെക്കുറിച്ച് പൂർണ്ണശ്രദ്ധയോടെ, ആത്മാർത്ഥതയോടെ ചർച്ച ചെയ്യാൻ ശ്രമിക്കാതെ, പ്രാധാന്യമറ്റ തുച്ഛ വിഷയങ്ങളെപ്പറ്റി ഇത്തരം ചിന്തനം, അറിവും കഴിവുമുള്ള മധ്യവർഗ്ഗ ചിന്തകർക്ക് ഉചിതമാണോ? കത്തിയെരിയുന്ന ROME നഗരത്തിന്റെ രക്ഷയ്ക്കുപകരം, തന്റെ വയലിനിലൂടെ വിലാപരസത്തെ കാച്ചിക്കുറുക്കി Perfect ആക്കാൻ ശ്രമിച്ചുവെന്ന്, രാജാവ് Neroവിനെക്കുറിച്ചുള്ള 'അപവാദം', ആവർത്തിക്കാൻ ഇടവരുത്താമോ ?

സുരേഷ് (ആധുനിക കുഞ്ചൻ നമ്പ്യാർ !) തെക്കീട്ടിലിന്റെ കഥകൾ കേവലം മനോരഞ്ജനത്തിനായി ഒന്ന് കണ്ണോടിച്ച് തള്ളിവിടാതെ, പല വിഷയങ്ങളിലും പലവിധത്തിലും തുടർന്ന് എഴുതിവരുന്ന അദ്ധ്യാപകൻ/പണ്ഡിതൻ സൈനുദീൻ മുണ്ടക്കയത്തിന്റെ അർത്ഥഗർഭമായ കൃതികളേയും കുറിച്ച് ചിന്തിച്ച്, പരിഹാരം തേടാൻ ശ്രമിക്കേണ്ടത് നമ്മളേവരുടേയും ഒഴിച്ചുകൂടാത്ത ചുമതലയല്ലേ ? (മലയാളം സ്കൂളിലും കോളേജിലും പഠിക്കാത്ത എനിക്ക് ഈ രചനകളുടെ ഉചിത/ആത്മാർത്ഥ വിലയിരുത്തൽ അസാധ്യമാണ്. സ്വർണ്ണത്തിന്റെ മാറ്റ്, ആഭരണങ്ങളുടെ ഗുണമേന്മ എന്നിവയെക്കുറിച്ചുള്ള വിമർശനത്തിനുള്ള യോഗ്യത/അർഹത തട്ടാനല്ലേ ഉള്ളത് ?) മുമ്പൊരിക്കൽ അഭിപ്രായങ്ങളും പ്രതികരണങ്ങളും എന്ന വിഭാഗത്തിൽ ഒരു ലേഖകൻ വ്യംഗ്യരൂപത്തിൽ കൊടുത്ത ചോദ്യമായിരുന്നു 'ഏക തത്ത്വ'യിലെ കൃതികളിലൂടെ ഭൂലോകത്തെ പരിഷ്ക്കരിക്കാൻ ശ്രമിക്കുകയാണോ ?' (എന്നോ മറ്റോ !) തീർച്ചയായും അല്ല. ഭൂലോകത്തെ തന്നിഷ്ടപ്രകാരം അലകും പിടിയുമായി മാറ്റിയെടുക്കാം എന്നുള്ളത് ഈ ആണവയുഗത്തിന്റെ മാനസിക ഭ്രമമാണ്. എന്നാൽ സ്വന്തം ശാശ്വത സുഖസമാധാനത്തിനായി മൗലികമായ മാനവ മൂല്യങ്ങളുടെ ആധാരത്തിൽ തന്നെത്താൻ പുനർഘടിപ്പിക്കാൻ നമുക്ക് കഴിയും. (ഗാന്ധിജിയുടെ സാരഗർഭമായ വാഗ്ദാനം - എന്റെ വാക്കുകളിൽ!) അശ്രാന്തപരിശ്രമം നമ്മളേവരുടേയും ഒഴിച്ചുകൂടാത്ത ധർമ്മമാണ്...

***ഒരു ചെറുവ്യതിചലനം (നാമ പരിണാമത്തിൽ നിന്ന്!)***

കുറച്ചുവർഷങ്ങൾക്ക് മുമ്പ് വളരെയധികം പ്രചാരമുള്ള അമേരിക്കൻ 'ടൈം മാഗസി'ന്റെ കവറിൽ കൊടുത്ത ചിത്രമായിരുന്നു, പലവിധത്തിലും വ്രണപ്പെട്ട് ബാന്റേജ്/ പ്ലാസ്റ്റർ എന്നിവയാൽ കെട്ടിപ്പൊതിഞ്ഞ് ദയനീയ നിലയിൽ ഐ.സി.യുവിൽ ചേർക്കപ്പെട്ട ഭൂമിയുടേത് ! ഒരു പ്രശസ്ത ബഹുരാഷ്ട്രാ കമ്പനിയുടെ പ്രയോഗശാലയിലെ ഒരു വിപത്തുകാരണം എത്രയോ ടൺ മാരകമായ രാസായനിക വിഷാംശം Rhine നദിയിൽ കലർന്നു. നൂറിൽ പരം കിലോമീറ്റർ ദൂരം വരെയുള്ള ജലജീവികളും മൃഗങ്ങളും കീടാണുക്കളും നശിച്ചു. വിഷബാധയാൽ തടയോര നഗരങ്ങളിലെ കുടിവെള്ളം ഉപയോഗിക്കാൻ പറ്റാതായി. ചുറ്റുപാടും 'ഹാഹാ'കാരത്തിനുപുറമേ ദോഷാരോപണം ഉണ്ടായി. ഇതുപോലെ യുണ്ടായ ചില വിപത്തുക്കളുടെ വിവരണവും ഒച്ചപ്പാടും ബഹളവും എല്ലാവരേയും അസ്വസ്ഥരാക്കി. പലതര വിപത്തുക്കളിൽ നിന്ന് 'കഷ്ടിച്ച്' പിഴച്ച നമ്മുടെ ഭൂമിയെക്കുറിച്ചുള്ള അന്യ വാസ്തവ അപകട സംഭവങ്ങളുടെ വർണ്ണനയും എല്ലാം, കുറച്ചുനാളുകളിൽ തന്നെ മറന്ന്, സ്ഥിതി

'തലൈവ' എത്തും എന്ന് ഭവിഷ്യവാണിയുമുണ്ടായിരുന്നു ! (പണ്ടത്തെ കണ്ടപ്പൻ കണ്ടപ്പൻ തന്നെ !) വാസ്തവം അതി ചിന്താജനകമാണെന്നും പൂർണ്ണവിനാശത്തിൽ നിന്ന് രക്ഷക്കായി ഉടൻ ഗാഢമായി ചിന്തിച്ചുശ്രമിക്കേണ്ടത് നമ്മളേവരുടേയും ഒഴിച്ചുകൂടാത്ത കടമയാണെന്നും വരും തലമുറയുടെ വിധ്വംസകരല്ലാത്ത രക്ഷകർത്താക്കളാണെന്ന് കൂടെക്കൂടെ ഓർമ്മപ്പെടുത്തി, പ്രചോദനം നൽകുന്നതിന് പകരം, തുച്ഛം/വർജ്ജ്യമായ വിഷയങ്ങളിലോട്ട് ശ്രദ്ധയെ വ്യതിചലിക്കാതിരിക്കാൻ ഉള്ള ചുമതല നമ്മുടെ മാന്യത ലഭിച്ച ചിന്തകരുടേയും ബുദ്ധിജീവികളുടേതും അല്ലെ ? 'വേണ്ടത് ചുമതലാബോധമോ, അവകാശവാദമോ ?' ഏക തത്ത്വ പുസ്തകം 3 ലക്കം 5 ഏപ്രിൽ 2013, പ്രകാശിതമായത് വായിച്ച്, ചിന്തിച്ച്, പ്രവർത്തിക്കേണ്ടത് നമ്മുടെ ധർമ്മമാണ്.

'കുടം തുറന്നുവിട്ട ഭൂതം' പേജ് 10, പുസ്തകം 9 ലക്കം 5ൽ കൊടുത്ത ലേഖനം ആധുനിക വിസ്മയജനക, പക്ഷെ വളരെ ഉപയോഗമുള്ളതുമായ കണ്ടുപിടിത്തമായ പ്ലാസ്റ്റിക്കിനെപ്പറ്റിയാണ്. ഇതിനാലുണ്ടാവുന്ന മലിനീകരണവും അന്യ വിപത്തുക്കളും ഏക തത്ത്വ പുസ്തകം 4 ലക്കം 3 മുതൽ 9 വരെ (മാർച്ച് 2014 മുതൽ ആഗസ്റ്റ് 2014 വരെ) നാല് ലേഖനങ്ങൾ പ്രദൂഷണം/മലിനീകരണം എന്ന തലക്കെട്ടിൽ പ്രകാശിതമായിരുന്നു. പെട്രോളിയം പദാർത്ഥങ്ങളിലെ അനുസന്ധാനം/വികാസം (Research and Development). 'കുടം തുറന്നുവിട്ട ഭൂതത്തെ'പ്പോലെ വളരെയധികം ദോഷം ചെയ്യുന്നു എന്നതിന് സംശയമില്ല. ബ്രിട്ടീഷുകാരുടെ അധിനിവേശത്താൽ ഇന്ത്യ പലവിധത്തിലും ദുരിതമനുഭവിച്ചു. എന്നാൽ അതിലും എത്രയോ ഹാനികരമായി വരുന്നതാണ് നമ്മുടെ 'മസ്തിഷ്ക അധിനിവേശനം'. ഇന്നത്തെ 'പരക്കം പാച്ചിൽ' വിട്ട്, ശാന്തമായി നിസ്സംഗതയോടെ, ചിന്തിച്ച് ഗുണകര തീർപ്പിലെത്താനുള്ള ഇച്ഛയും കഴിവും തന്നെ നമുക്ക് നഷ്ടമായിരിക്കുന്നു, എന്ന് അത്യന്തം ഗൗരവസ്ഥിതിയെക്കുറിച്ച് ജനങ്ങളെ ഉണർത്താനായി ഏക തത്ത്വ പുസ്തകം 5/6 മെയ് 2015 മുതൽ സെപ്തംബർ 2015 വരെ അഞ്ചു ലേഖനങ്ങൾ ഈ വിഷയത്തിൽ ഉണ്ടായിരുന്നു. വായിക്കാനും, മനസ്സിലാക്കാനും, ചർച്ച ചെയ്യാനും, ചിന്തിക്കാനും ആർക്കും മനസ്സുണ്ടായിരുന്നില്ല!

മസ്തിഷ്ക അധിനിവേശത്തിന്റെ ആധുനിക പ്രഭാവങ്ങളാണ് പാശ്ചാത്യ ദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത 'മീ-ടൂ' ഉം, 'ലിവിങ്ങ് ഇൻ' ബന്ധവും. ചില വർഷങ്ങൾക്ക് മുമ്പ് ഏക തത്ത്വയിൽ 'അദ്ധ്യാപകൻ' അലക്സ് ജോസഫിന്റെ ലിവിങ്ങ് ഇൻ ബന്ധത്തെക്കുറിച്ച് അനുകൂലമായ ലേഖനം ഉണ്ടായിരുന്നു !! ഭാരതം പുരാതനകാലം തൊട്ടേ വിവാഹത്തിനെ ഒരു പവിത്രബന്ധമായി കരുതിയിരുന്നു. ഈ ബന്ധത്തെക്കുറിച്ച് രണ്ടുവരികൾ നാമപരിണാമം എന്ന വിഷയത്തിൽ തുടർന്ന് ചെയ്യുന്ന ചർച്ചയുടെ ഒടുവിൽ ചേർക്കുന്നു.

***നാമപരിണാമത്തെ പറ്റി ചർച്ച തുടരുന്നു...***

ഇന്ത്യക്കാർക്ക് പൊതുവെയുള്ള നാമകരണ മുറയുണ്ടോ എന്നത് സംശയമാണ്. എന്നാൽ ബുദ്ധിയും സംഘടിത സമുദായ വ്യവസ്ഥയും ഉള്ള മനുഷ്യവർഗ്ഗത്തിന് നാമം (പേർ) എന്നത് ആവശ്യമാണ്. അതുപോലെത്തന്നെ വിവാഹം, സംഘടിത കുടുംബം എന്നതും മനുഷ്യജാതിയുടെ പ്രത്യേകതയാണ്. നാമ മാറ്റങ്ങളും സാധാരണമാണ്. സ്കൂളിൽ ചേരുമ്പോൾ എന്റെ ഉള്ള പേരായിരുന്നു മോഹൻദാസ് എം. (വിളിക്കുന്ന പേർ ആദ്യം, പിന്നെ തറവാട്ടുപേർ 'മനവഴി' എന്നത് ചുരുക്കി 'എം'.) കോളേജിൽ ചേർന്നപ്പോൾ എം. മോഹൻദാസ് ആയി. കൂടെ പഠിച്ച ബ്രാഹ്മണക്കുട്ടികൾക്ക് ഗ്രാമപ്പേർ, അച്ഛന്റെ പേർ പിന്നെ സ്വന്തം പേർ. ഉദാഹരണമായി താരേക്കാട് ശിവരാമ സുബ്രഹ്മണ്യൻ (T. S. Subrahmanyan) കോളേജ് വിദ്യാഭ്യാസത്തിനുശേഷം ഡൽഹിയിൽ അസൂയ, അസഹിഷ്ണുത, പരിഹാസം എന്നിവ നിറഞ്ഞ വാതാവരണത്തിൽ, ഭരണകർത്താകേന്ദ്രമായ സെൻട്രൽ സെക്രട്ടറിയറ്റിനു (Central Secretariat) 'മേനോൻജൈറ്റിസ്' എന്ന മഹാരോഗം ബാധിച്ചിരിക്കുന്നു എന്ന പരാതിയുണ്ടായിരുന്നു ! (സെക്രട്ടേറിയറ്റിൽ ധാരാളം മലയാളികൾ - മേനോന്മാർ- ഉണ്ടായിരുന്നു. 'മെനിൻജൈറ്റിസ്' എന്നത് ബുദ്ധിപരമായ ഒരു മാരകരോഗവും !) ഇത്തരം അർത്ഥമറ്റ അപവാദത്തിന് ഉത്തരമായി എന്റെ പേരിനോട് മേനോൻ ചേർത്തു. നാമം 'മനവഴി മോഹൻദാസ് മേനോൻ' ആക്കി മാറ്റി ! ഈ നീണ്ട പേർ ഒപ്പിടാൻ അസൗകര്യമായതിനാൽ നാമം എം. എം. മേനോൻ ആക്കി ചുരുക്കി ! പിന്നീട് പാൻ കാർഡ്, ആധാർ എന്നിവയ്ക്ക് മുഴുപേർ നിർബന്ധമായി... നാമ പരിണാമത്തിന്റെ വേറൊരു ഉദാഹരണം ചേർക്കുന്നു. നളിനി എന്ന മേനോൻ ഉപജാതിക്കാരിക്ക് സ്കൂളിൽ പേരായിരുന്നു, നളിനി സുകുമാരൻ നായരുമായി വിവാഹശേഷം. മകൾ ശോഭ ജനിച്ചപ്പോൾ അവർ മൂന്നുപേരും Mr., Mrs. and Miss Nair ആയി. ശോഭയുടെ അശോക് കുറുപ്പുമായി വിവാഹശേഷം ദമ്പതികൾ Mr. and Mrs. കുറുപ്പ് ആയി. എന്നാൽ ഇവരുടെ കുട്ടികളുടെ പേരുകളോട് ചേർത്തിയ ഉപജാതിപ്പേർ മേനോൻ മടങ്ങിവന്നു !

മേൽ കൊടുത്ത രണ്ടും പ്രാധാന്യമറ്റ കാര്യങ്ങളാണ്. എന്നാൽ വടക്കെ ഇന്ത്യയിലെ പഞ്ചാബി സമുദായത്തിൽ - പ്രത്യേകിച്ച് സിന്ധികളിൽ ഉള്ള ശീലമായിരുന്നു, വിവാഹശേഷം പെൺകുട്ടിയുടെ നാമം നിർബന്ധമായി തീരെ മാറ്റുന്നത് ! Tina Munim (ടീനാ മുനീം) എന്ന പ്രശസ്ത അഭിനേത്രി അനിൽ അംബാനിയുമായി കല്യാണത്തോടെ ടീനാ അംബാനി ആയി. മാറ്റപ്പെട്ടത് പൊതുവെ അറിയാമല്ലോ. ഇത്തരം നാമപരിണാമത്തിന്റെ യഥാർത്ഥ ഉദ്ദേശം മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. കൂട്ടുകുടുംബത്തിൽ സ്നേഹത്തോടെ, അടുപ്പത്തോടെ വളർന്ന പെൺകുട്ടി, വിവാഹശേഷം തിക

ച്ചും അപരിചിത കുടുംബമായി ലയിച്ചുചേർന്ന് സുഖമായ ഭാവി സൃഷ്ടിക്കാനാണ് ആവശ്യം/ഉദ്ദേശം എങ്കിൽ, ചില ത്യാഗങ്ങൾ അനിവാര്യമാണ്. വിവാഹശേഷം പെൺകുട്ടിയുടെ അച്ഛനമ്മമാർ ഭർത്താവിന്റെ വീട്ടിൽ ഭക്ഷണം കഴിക്കുകയില്ലെന്ന് മാത്രമല്ല ഒരു ഗ്ലാസ് വെള്ളം കുടിച്ചാൽ കൂടി (കാണാതെ!) 'ഉറുപ്പിക നോട്ട്' വെച്ച് മടങ്ങുന്ന സമ്പ്രദായം ഉണ്ടായിരുന്നു ! ഇത്തരം പെരുമാറ്റം കുറച്ച് 'കടുപ്പം' എന്നുതോന്നിയാലും, ദമ്പതികൾ ഒറ്റ ജീവനായി കഴിയുവാൻ സഹായിക്കുന്ന ഏതു ചടങ്ങും, ഒരുപക്ഷെ ക്ഷമായോഗ്യമാണ്!

വിവാഹം എന്നത് മനുഷ്യരാശിക്ക് വളരെ ഉപയുക്തമായ പവിത്ര ബന്ധമാണ്. എന്നാൽ ഇന്ന് പാശ്ചാത്യ 'വികസിത' ദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത, തീരെ അനുചിത/അനാവശ്യ, 'വ്യക്തി സ്വാതന്ത്ര്യം, സ്ത്രീശക്തി, പുരുഷമേധാവിത്വം' തുടങ്ങിയ മുദ്രാവാക്യങ്ങൾ, സഹകരണം, സ്നേഹം, ത്യാഗം മുതലായ മൗലിക മാനവമൂല്യങ്ങളെ ബാധിച്ചില്ലാതാക്കി വരുന്നത് നിന്ദനായോഗ്യം അല്ലെ ? വക്രീകൃത വ്യക്തിസ്വാതന്ത്ര്യത്താൽ ബാധിക്കപ്പെട്ട് വ്യതിചലിക്കപ്പെടുന്നത് കുട്ടികൾ/യുവാക്കൾ/വരും തലമുറ അല്ലെ ?

നമ്മുടെ ലോകത്തിന്റെ ഇന്നത്തെ സ്ഥിതി അത്യന്തം ഭയാനകമാണ് എന്ന് ഒരു സംശയവുമില്ല. ഇതിനെക്കുറിച്ച് ഗാഢമായി ആലോചിച്ച് അന്യോന്യം ചർച്ച ചെയ്ത് രക്ഷാമാർഗ്ഗം കണ്ടുപിടിക്കാതെ മനുഷ്യരാശിക്ക് 'വിവേക ജീവി' എന്ന സ്വയം വരിച്ച പട്ടം ത്യജിക്കേണ്ടിവരും ! അതിനാൽ അറിവും കഴിവും ഉള്ള ചിന്തകർ ഉടനെത്തന്നെ ചിന്താശക്തിയെ, തുച്ഛവിഷയങ്ങളിലേക്ക് ചിന്നിച്ചിതറി പോകാൻ അനുവദിക്കാതെ, ഏകാഗ്രതയോടെ പരിഹാരമാർഗ്ഗം കണ്ടുപിടിക്കാൻ ഉപയോഗിച്ചേ പറ്റൂ.

ഈ ലേഖനം ആരേയും താഴ്ത്തിക്കാട്ടാനോ ദോഷാരോപണമായോ അല്ല. സ്വന്തം മനസ്സിലെ വ്യഥയും, എന്നാൽ മാന്യത ലഭിച്ച ചിന്തകരുടെ/ബുദ്ധിജീവികളുടെ പ്രചോദനവും മാർഗ്ഗദർശനവും ഉണ്ടെങ്കിൽ പോംവഴി തീർച്ചയായും കണ്ടുപിടിക്കാം എന്ന വിശ്വാസവും കാരണം, നമ്മെ നിരുത്സാഹപ്പെടുത്തുന്നതും നകാരാത്മകവുമായ ചിന്തനത്തെ എതിർത്തേ തീരൂ എന്ന ദൃഢസങ്കല്പവും ആണ് പ്രചോദനം തന്നിരിക്കുന്നത്. ആരും തന്നെ തെറ്റിദ്ധരിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.

*ഉത്തിഷ്ഠത ! ജാഗ്രത !!*
*പ്രാപ്യവരാന്നിബോധത !!!*
*(കഠോപനിഷത്ത്)*

അഭിപ്രായങ്ങളും പ്രതികരണങ്ങളും

ഏക തത്ത്വ പുസ്തകം 9, ലക്കം 5 പേജ് 11ലെ വിഷക്കണി എന്ന കവിതയുടെ ആവശ്യം, ഉദ്ദേശം മനസ്സിലാവുന്നില്ല. ആത്മവിശ്വാസത്തെ ബാധിക്കുന്ന കൃതികൾ ഒഴിവാക്കുകയല്ലേ ഭേദം ? പേജ് 12 ലെ പുസ്തക നിരൂപണത്തെക്കുറിച്ച് എന്റെ താഴ്മയോടുള്ള അഭിപ്രായമാണ് ശ്രീഹരികുമാറിന്റെ രചനയും മനസ്സിലാക്കാൻ ഇത്ര കഠിനമാണെങ്കിൽ വായിക്കാൻ ആർക്കെങ്കിലും ഉത്സാഹം കാണുമോ ? (ക്ഷമിക്കണം എന്നെപ്പോലുള്ളവർക്കും വായിച്ച് മനസ്സിലാക്കാൻ എളുപ്പമായാൽ നന്നായിരിക്കും !)

എം. എം. മേനോൻ
0491 2572939

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

*വ്യത്യസ്തം - നന്മ തന്നെ*

പ്രിയ മുരളിസാർ,

ഏക തത്ത്വ മെയ് മാസം കിട്ടി. മുഖച്ചിത്രം ശ്രദ്ധേയം. ആ മുഖച്ചിത്രത്തെക്കുറിച്ച് എനിക്ക് പറയുവാനുള്ളതിൽ പ്രതിപാദിച്ചതും നന്നായി. പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. മാതൃകാപരമായി ജീവിക്കുകയും ഒരു നന്മയെങ്കിലും ചെയ്യുകയുമാണുവേണ്ടത്. ഇതൊക്കെയാര് മനസ്സിലാക്കുന്നു. രാഷ്ട്രീയക്കാർ അവനവന്റേയും കുടുംബത്തിന്റേയും നന്മ മാത്രം കാംക്ഷിക്കുന്നവരാണ്. അണികൾ പരസ്പരം പോരടിച്ചും കൊന്നും കൊലവിളിച്ചും ജീവിതം നശിപ്പിക്കുന്നു. ദൈവത്തിന്റെ പേരിലും തട്ടിപ്പുതന്നെ. ഏത് മതവിഭാഗത്തിൽ പെട്ടാലും ചൂഷണത്തിനതിരില്ല. മനുഷ്യൻ ചിന്തിക്കുന്നവനും ചിരിക്കുവാനും ചിരിപ്പിക്കുവാനും കഴിവുള്ളവനാണ് പക്ഷെ വകതിരിവില്ലാത്തവൻ കൂടിയാണ്. നഗ്നനായ് ജനിച്ച് ആരെങ്കിലും ദാനം ചെയ്യുന്ന വസ്ത്രവും മറ്റു സുഖസൗകര്യങ്ങളും അനുഭവിച്ച് മരണം വരിക്കുമ്പോൾ ഒന്നും കൊണ്ടുപോകാനാവാതെ നിസ്സഹായനായി കടന്നുപോകുന്നു. ജീവിതകാലം മുഴുവൻ സമ്പാദിച്ചുകൂട്ടിയിട്ട് ഒരു ചില്ലി പോലും കൊണ്ടുപോകാനാവാതെ ശരീരം പോലും ഉപേക്ഷിച്ചുകടന്നുപോകുന്നു. ഇതൊക്കെ ആര് മനസ്സിലാക്കാൻ. സാധാരണ മാസികകളിൽ കഥകളും കവിതകളും മറ്റ് സൃഷ്ടികളും നിറച്ച് കച്ചവടതാത്പര്യം മുൻനിർത്തി വിപണിയിലെത്തിക്കുമ്പോൾ ഏക തത്ത്വ വ്യത്യസ്തമാണ്. 'എനിക്ക് പറയുവാനുള്ളത്' സന്മാർഗ്ഗചിന്തകൾ തന്നെ. അതിന് പ്രത്യേക അഭിനന്ദനങ്ങൾ.

ടി. വി. ഹരികുമാർ
9446118387

പ്രിയപ്പെട്ട മുരളി,

ഏപ്രിൽ ലക്കം ഏക തത്ത്വ കിട്ടിയത് വളരെ വൈകിയാണ്. കൃത്യമായി പറഞ്ഞാൽ മെയ് 11ന് എന്റെ പുസ്തകപ്രകാശനത്തിന്. അതുകൊണ്ടുതന്നെ മുഴുവൻ വായിച്ചിട്ടില്ല. ആദ്യമായി, പുസ്തകപ്രകാശനത്തിൽ സംബന്ധിച്ച പാലക്കാട്ടെ എഴുത്തുകാരായ അഭിവന്ദ്യർക്ക് എന്റെ പ്രണാമം.

ഏക തത്ത്വ മറിച്ചുനോക്കിയപ്പോൾ ആദ്യമായി ശ്രദ്ധയിൽ പെട്ടത് ശ്രീ. പ്രമോദ് മഞ്ചേരിയുടെ 'സ്ത്രീനാമ പരിണാമം ഒരു ചിന്തനം' എന്ന ലേഖനമാണ്. അത് വായിച്ചപ്പോൾ ഒരു കുറിപ്പെഴുതണമെന്ന്

തോന്നി. സ്ത്രീ എക്കാലത്തും പുരുഷന്റെ അടിമയായി ജീവിയ്ക്കണമെന്ന് തന്നെയാണ് പുരുഷവർഗ്ഗത്തിന്റെ താത്പര്യം. നമ്മുടെ പുരാണങ്ങൾ പോലും അതല്ലെ ഉദ്ഘോഷിക്കുന്നത്.

നാമൊക്കെ പൂവിട്ടുപൂജിയ്ക്കുന്ന ചില പൂജാവിഗ്രഹങ്ങളുണ്ടല്ലോ പുരാണങ്ങളിൽ. അവരാരും തന്നെ സ്ത്രീയെ സ്ത്രീ പുരുഷ സമത്വപരിധിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. രജസ്വലയായ കൃഷ്ണയെ - ദ്രൗപദിയെ - കൗരവസഭയിൽ വസ്ത്രാക്ഷേപം ചെയ്തപ്പോൾ അതിനെതിരായി ഒരു ചെറുവിരലനക്കാൻ തുനിഞ്ഞില്ല. ധർമ്മശാസ്ത്രവും നീതിശാസ്ത്രവും കലക്കിക്കുടിച്ച പുരുഷ പുംഗവന്മാർ ! ഭീഷ്മദ്രോണാദികൾ മൗനികളായി ഇരുന്നു. രാജനീതിയുടെ പേരും പറഞ്ഞു പൂർണ്ണഗർഭിണിയായ സീതാദേവിയെ കാട്ടിലേയ്ക്ക് തള്ളിയപ്പോൾ ഒരു പുരുഷ കേസരിയിൽ നിന്നും ഒരെതിർ ശബ്ദവും ഉയർന്നില്ല.

മിമിക്രിസ്റ്റായ ദേവേന്ദ്രൻ ഗൗതമ മുനിയുടെ പ്രച്ഛന്നവേഷധാരിയായി അഹല്യയെ പ്രാപിച്ചപ്പോൾ ത്രികാലജ്ഞാനിയായ മുനിയ്ക്ക് അഹല്യയുടെ നിരപരാധിത്വം തിരിച്ചറിയാനായില്ല !! ഫലമോ മഴയും വെയിലുമേറ്റ് ഒരു യുഗം കഴിയേണ്ടിവന്നു അഹല്യയ്ക്ക് കൊടും കാട്ടിൽ. സ്ത്രീയുടെ മാത്രം കുറ്റം കാണുന്ന പുരുഷവർഗ്ഗം. പ്രമോദിന്റെ മാർച്ച് ലക്കം ഏക തത്ത്വയിലെ 'ചാരിത്ര്യം വിശ്വാമിത്രനുമില്ലെ മാഷെ' എന്ന ലേഖനം കൂടി കൂട്ടിവായിക്കുക.

ഗാന്ധാര രാജാവിന്റെ മകളെ അന്ധനായ ധൃതരാഷ്ട്രർക്ക് നൽകണമെന്ന് അജയ്യനായ ഭീഷ്മർ ആവശ്യപ്പെട്ടപ്പോൾ സുന്ദരിയായ ഗാന്ധാരിയെ കൊടുക്കാതിരിയ്ക്കാൻ ആ പിതാവിന് കഴിഞ്ഞില്ല, കൊടുത്തു. അവിടെയെത്തിയപ്പോഴല്ലെ, പാവം കന്യകയായ ഗാന്ധാരി കാര്യമറിഞ്ഞുള്ളു, ഭർത്താവ് അന്ധനാണെന്ന്. പ്രതികരണശേഷിയുള്ള ഗാന്ധാരി പ്രതിഷേധിച്ച് തന്റെ കണ്ണും മൂടിക്കെട്ടി. നീതിശാസ്ത്രങ്ങൾ പാതിവ്രത്യത്തിന്റെ സ്തുതി ഗീതം പാടി ഈ നടപടിയെ ശ്ലാഘിച്ചു. അതല്ലെ വസ്തുത ! ഇങ്ങനെ എത്രയെത്ര പൂജിത കഥകൾ (?) പുരാണത്തിൽ നിന്ന് എടുത്തെഴുതാനുണ്ട് ?

പ്രമോദിനെ പോലുള്ള എഴുത്തുകാർ അവ ചികഞ്ഞെടുക്കട്ടെ! എക്കാലത്തും സ്ത്രീയെ അടിമയാക്കിവെക്കാനാണ് പുരുഷവർഗ്ഗത്തിന്റെ താത്പര്യം. ഞാനടക്കമുള്ള പുരുഷവർഗ്ഗത്തിന് ! ചില നക്കാപിച്ച സൗകര്യങ്ങളും സ്വാതന്ത്ര്യവും ഇല്ലെന്നല്ല. അതൊക്കെ പുരുഷ വർഗ്ഗത്തിന്റെ - ഭരണവർഗ്ഗത്തിന്റെ (കു)തന്ത്രമാണ്. മക്കൾക്ക് ഒരു വാൽ നിർബന്ധമാണെങ്കിൽ അമ്മയുടെ പേർ ചേർത്ത് വിളിയ്ക്കൂ. ലക്ഷ്മിശാന്ത, രമണി കല്യാണി... ഇങ്ങനെ. കാരണം അമ്മയാണ് ശാശ്വതസത്യം, അച്ഛൻ പോലുമല്ല !

സസ്നേഹം,

മുക്കം ഭാസി

9846138693

പ്രിയ വായനക്കാർക്ക്,

'വിജ്ഞാനച്ചെപ്പ്' എന്ന തുടർപംക്തി ഏവർക്കും ഇഷ്ടപ്പെട്ടുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. മിലിറ്ററി സർവ്വീസിനെപ്പറ്റിയും പോലീസ് സർവ്വീസിലേയും ഉള്ളുകള്ളികൾ വളരെ ചുരുക്കത്തിൽ മാത്രമാണ് പ്രതിപാദിപ്പിക്കാൻ ശ്രമിച്ചത്. ദീർഘകാലത്തെ ഗവേഷണ നിരീക്ഷണത്തിലൂടെ ലഭിച്ച അറിവുകൾ ഒരുപക്ഷെ പ്രസ്തുത സർവ്വീസുകളിൽ ജോലിയിൽ ഇരിക്കുന്നവർക്കുപോലും അറിഞ്ഞുകൂടാ എന്നത് ഒരു യാഥാർത്ഥ്യം ആണ്. സിവിൽ ജീവിതവും പോലീസ്/മിലിറ്ററി ഉദ്യോഗസ്ഥരുടെ ജീവിതക്രമവും ഒരിക്കലും താരതമ്യം ചെയ്യാൻ പറ്റുകയില്ല. ഒരു സിവിൽ സർക്കാർ ജീവനക്കാരനും അവരുടെ ഉയർന്ന ഉദ്യോഗസ്ഥനും ഒരുപക്ഷെ കളിതമാശകൾ പറയുകയും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും, ആവശ്യമെങ്കിൽ സ്ഥാനമാനങ്ങൾ നോക്കാതെ മറ്റുള്ളവരുടെ ഭവന സന്ദർശനം നടത്തുകയും ഒക്കെ ചെയ്യാറുണ്ട്. പക്ഷെ മിലിറ്ററിയിലോ പോലീസിലോ ഇതൊന്നും പാടുള്ളതല്ല. ഒരു ഡി.വൈ.എസ്.പി. ഒരിക്കലും എസ്.ഐ.യോട് തമാശ പറയാറില്ല. ഒരുമിച്ചിരുന്ന് കുടുംബകാര്യങ്ങൾ സംസാരിക്കാറില്ല. സേനയുടെ കെട്ടുറപ്പിന് അത് ആവശ്യമാണ്. അതിനേക്കാൾ വളരെ അകലത്തിലാണ് സൈനികരുടെ ഇടയിൽ അതിനേക്കാൾ വളരെ അകലത്തിലാണ് സൈനികരുടെ ഇടയിൽ പ്രത്യേകിച്ച് കരസേനയിലെ 16 റാങ്കുകൾ തമ്മിൽ. സാധാരണ പട്ടാളക്കാർ (ORS - Other Ranks) ഒരു JCOയെ കാണുന്നത് കരസേനയിൽ ഭയത്തോടുകൂടിയാണ്. അപ്പോൾ ആഫീസർമാരെ കാണുമ്പോൾ എങ്ങനെയാണ് എന്ന് ആലോചിക്കാം. ശ്രീ. പ്രമോദ് മഞ്ചേരി നാവിക സേനയിലെ ചേരി തിരിവിനെപ്പറ്റി പ്രതിപാദിച്ച് കാണുന്നു. ഞാൻ മനസ്സിലാക്കിയതനുസരിച്ച് കരസേനയിലെ വേർകൃത്യത്തോളം വരില്ല നാവിക സേനയിലേയും വ്യോമസേനയിലേയും കാര്യങ്ങൾ. താരതമ്യേന കൂടുതൽ വിദ്യാഭ്യാസം ഉള്ളവർ ആയതിനാലാവാം അല്പസ്വല്പം മാന്യമായിട്ടാണ് മേലുദ്യോഗസ്ഥർ വ്യോമസേനയിലും നാവിക സേനയിലേയും കീഴുദ്യോഗസ്ഥരോട് പെരുമാറുന്നത്. അക്ഷരാഭ്യാസം ഇല്ലാത്തവരും കരസേനയിൽ ഈയടുത്ത കാലം വരെ ജോലി ചെയ്തിരുന്നു എന്നുകൂടി ഇതിന്റെകൂടെ ചേർത്ത് വായിക്കണം എന്നുവെച്ച് നാവിക-വ്യോമ സേനാംഗങ്ങൾക്കിടയിൽ വലിപ്പച്ചെറുപ്പം ഇല്ല എന്ന് ഞാൻ പറഞ്ഞിട്ടില്ല. സേനാംഗങ്ങൾക്കിടയിൽ അത് സ്വാഭാവികം മാത്രം. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വാഗതം ചെയ്യുന്നു.

സസ്നേഹം

ഡോ. ഒ. സി. പ്രമോദ്

9446071421

പ്രിയപ്പെട്ട മുരളീധരൻ

ഏക തത്ത്വ മുടങ്ങാതെ കിട്ടാറുണ്ട്. താങ്കളുടെ എഡിറ്റോറിയൽ കാര്യപ്രസ്തം. പൊതുവേ സാധാരണ മാസികയിൽ നിന്ന് വ്യത്യസ്തം - അതാണ് വേണ്ടത്. പണ്ടേ താങ്കളേ

## ■ കത്തുകൾ

ക്കുറിച്ച് ഇത് ഞാൻ മനസ്സിലാക്കിയിരുന്നു. ഇപ്പോൾ ഏക തത്ത്വയിലൂടെ അനുഭവിച്ചറിയുന്നു.

ഈശ്വർകുമാറിന്റെ യാത്രാവിവരണം അവസാനിച്ചു. അത് ഒരു വേർപിരിയൽ വേദനയോടെ എന്ന് മനസ്സിന് (വായനക്കാരുടെ) തോന്നിച്ചു. അതാണ് ഒരു എഴുത്തുകാരന്റെ വിജയം. ഈശ്വർകുമാർ എഴുത്തിന്റെ കാര്യത്തിലും വിജയിച്ചിരിക്കുന്നു. ആദ്യ ഭാഗങ്ങളിൽ ഉണ്ടായിരുന്ന മുഷിവ് അവസാനലക്കങ്ങളിൽ ഉണ്ടായില്ല. ഇനിയും എഴുതട്ടെ.

സ്നേഹപൂർവ്വം
ജയൻ പുതുമന
ഉദയനാപുരം, വൈക്കം.

## ■ കഥ

# ഒരു അച്ഛന്റെ അബദ്ധം


**അർച്ചന മേനോൻ സച്ചിൻ**
**8137084528**


മരണകിടക്കയിൽ അയാൾ കിടക്കുമ്പോൾ ആലോചിച്ചത് ഒറ്റക്കായി പോയതിന്റെ കാരണമായിരുന്നു. ഓർമകളുടെ തിരശ്ശീലയിൽ താൻ വെറുപ്പിച്ചവരുടെ കൂട്ടത്തിൽ ആദ്യം വന്നത് തന്റെ മകളുടെ മുഖം ആയിരുന്നു. അബദ്ധത്തിൽ ജനിപ്പിച്ചത് എന്ന് ഇടയ്ക്ക് താൻ അവളോട് പറയുമ്പോൾ ആ മുഖം താണ് പോവുന്നത് അയാളുടെ മനസ്സിലേക്ക് കണ്ണാടിയിൽ എന്നപോലെ തെളിഞ്ഞു. സഹിക്കാവുന്നതിലും അപ്പുറം ആയപ്പോൾ അവള്, താൻ അബദ്ധം എന്ന് വിളിച്ച തന്റെ രക്തത്തിൽ പിറന്നവൾ, തന്റെ മകൾ തന്നെ വിട്ടു പോയി ഒന്നും പറയാതെ; തന്നെ ഒന്നുകൂടി നോക്കിയിട്ട്... ഓർമ്മയിൽ നിന്നും ആ ദിവസം, ആ ശപിച്ച നിമിഷം പോയതേയില്ല.

എണീററ് നിൽക്കാൻ ആവതില്ലാതെ വന്ന സമയവും അവളെ ഉണ്ടായിരുന്നുള്ളൂ കൂട്ടിന്; ഭാര്യയേയും, ബന്ധുക്കളേയും അയൽക്കാരേയും, എല്ലാവരെയും താൻ വെറുപ്പിച്ചപ്പോഴും തന്റെ മകൾ മാത്രമെ തനിക്ക് വേണ്ടിയും, തനിക്ക് കൂട്ടായും നിന്നുള്ളു എന്ന് അയാൾ ഓർമ്മിച്ചെടുത്തു. എന്നിട്ടും ഏതോ ജൻമത്തിലെ പക തീർക്കുന്ന പോലെ തന്നെയായിരുന്നു അവളോട് തന്റെ പെരുമാറ്റം. സ്വത്തും മുതലും ഒന്നുമായിരുന്നില്ല തന്റെ മകൾക്ക് ആവശ്യം, സ്നേഹമെന്ന മൂന്നക്ഷരത്തിന്റെ മൂല്യം മാത്രമെ അവൾ ആഗ്രഹിച്ചുള്ളൂ, അച്ഛന്റെയും അമ്മയുടെയും ചുണ്ടിലെ ഒരു വാത്സല്യ പുഞ്ചിരി മതിയായിരുന്നു അവളുടെ മുഖവും മനസ്സും നിറയാൻ. പക്ഷേ തന്റെ ദുർവാശി, ദുരഭിമാനം അതെല്ലാം ആയിരുന്നു തന്റെ മകളുടെ സന്തോഷത്തെക്കാൾ തനിക്ക് വലുത്. അന്ന് താൻ ആലോചിച്ചില്ല അതെല്ലാം പിന്നീട് തന്റെ ശിരസ്സിൽ ഏകാന്തതയുടെ നരകയാതന അനുഭവിയ്ക്കാനുള്ള പടുവിത്തുകളായി മാറുമെന്ന്...

ആ ശപിക്കപ്പെട്ട ദിവസം വീണ്ടും ഓർമ്മയിൽ തെളിഞ്ഞു, അന്ന് തന്റെ വായിൽ നിന്നും തന്റെ മകളെ കുറിച്ച് പറഞ്ഞുപോയത്, ഒരിക്കലും ഒരു അച്ഛനും ഒരു കാലത്തും പറയാൻ പാടില്ലാത്തത് ആയിരുന്നുവല്ലോ? അവൾ ഒരു ദുർവൃത്തയാണെന്ന് അവളുടെ മുന്നിൽ വെച്ച് അവളുടെ ഭർത്താവിനോട് താൻ പറഞ്ഞപ്പോൾ അവളുടെ ചുണ്ടുകൾ ഒരു ഭാഗത്തേയ്ക്ക് കോടി ഒരു പുഞ്ചിരിയാണ് തനിക്ക് തന്നത്. അന്നാണ് അവളെ താൻ അവസാനമായി കണ്ടത്, 'പും' എന്ന നരകത്തിൽ നിന്നും പിതാവിനെ രക്ഷിക്കുന്നവനാണ് പുത്രൻ, പുത്രി ഉണ്ടായാലോ? അറിയില്ല, പക്ഷേ ഇപ്പോൾ തൊണ്ട വരളുന്നു, ഒരിറ്റ് ദാഹജലം തന്ന് തൊണ്ട നനച്ച് തരാൻ ആരുമില്ല, താൻ വിതച്ചത് തന്നെ താൻ കൊയ്യുന്നു, കണ്ണീർ ചാലുകളായി ഒഴുകി എങ്കിലും തുടയ്ക്കുവാൻ അയാളുടെ കൈകൾ അനങ്ങിയില്ല.

●

## ■ കവിത

# വജ്രം


**ജലജാപ്രസാദ്**
**9074676288**




സ്ഫടികത്തേയും
പൊടിയാതെ
പൊട്ടാതെ
മുറിക്കാൻ കഴിവുണ്ടതിന്.

നന്നായി തിളങ്ങണമെങ്കിൽ
കൃത്യമായ കോണുകളും
വശങ്ങളും
സ്നേഹം ചേർത്ത്
നിർമ്മിച്ചെടുക്കണം.

നിലത്തു വീണുടയാതെ
കൊണ്ടുനടക്കണം
ആരും മോഷ്ടിക്കാനും ഇടവരരുത്.

ഉച്ചിയിൽ കുറുകിയ വെയിലായി
വീഴാതെ
ചരിഞ്ഞു വീഴുന്ന
പ്രകാശമായിരിക്കണം അതിൻമേൽ
നിങ്ങളുടെ നോട്ടങ്ങൾ.

ഇരുട്ടുമുറിയിൽ
വെളിച്ചം കാട്ടാതെ വെച്ച്
തിളക്കം കളയരുത്

ഏതുതരം
ദാരിദ്ര്യത്തിലും
വിലപേശി വിൽക്കരുത്
അമൂല്യമാണത്.

നിങ്ങളുടെ
ചിന്താമാലയിലെ
പതക്കമായി
ഹൃദയത്തോടു
തൊട്ടുകിടക്കട്ടെ അത്.

ഏഴുവർണ്ണങ്ങൾ വിരിയിക്കുന്ന
ആ 'വജ്ര'ത്തെ
'കരി' എന്നുമാത്രം
വിളിക്കരുത്!

ഒരു പെണ്ണിനെ സംബന്ധിച്ച്
അത്
സഹിക്കാവുന്നതിലും
അപ്പുറമാണ്.!

# കുറുപ്പിന്റെ മരണം

**രാജേഷ് ജി. കരിങ്കപ്പാറ**
**9747919037**

"ഉച്ചവെയില് കൊള്ളരുതെന്ന് എത്ര പറഞ്ഞാലും കേൾക്കില്ല. ഉണ്ണിയേട്ടാ, ഉണ്ണിയേട്ടാ ഇത് കേട്ടോ, മോൾക്ക് ചെവി വേദനിക്കുന്നൂന്ന്.'' ദേവിക കലിതുള്ളി മുന്നിൽ വന്നു.

"കുട്ടികള് കളിച്ച് വളരണം, വെയില് കൊള്ളണം, മഴ നനയണം എന്നൊക്കെ പറഞ്ഞ് പുറത്തേക്ക് വി ട്ടതല്ലെ അനുഭവിച്ചോ.''

ദിവ്യ മോള് ചെവി വേദനിച്ചിട്ട് കരയാൻ തുടങ്ങി.

"മെഡിക്കൽ ഷോപ്പ് അടയ്ക്കുന്നതിന് മുമ്പ് പോയാൽ തുള്ളിമരുന്ന് വാങ്ങാം, അല്ലെങ്കിൽ രാത്രി മുഴുവൻ ഉറക്കമൊഴിക്കേണ്ടിവരൂട്ടോ ഉണ്ണിയേട്ടാ.''

ശരിയാണ് നേരം ഇരുട്ടിത്തുടങ്ങി. വേഗം ഷർട്ടിട്ട് പുറത്തേക്കിറങ്ങി. വേലുക്കുറുപ്പിന്റെ വീടിന് മുന്നിലെത്തിയപ്പോൾ ആരോ കരയുന്ന ശബ്ദം കേട്ടു. രണ്ട് സ്ത്രീകൾ കണ്ണ് കലങ്ങി വിഷാദ ഭാവത്തോടെ കുറുപ്പിന്റെ വീട്ടിൽ നിന്നിറങ്ങി വന്നു.

"നല്ല മനുഷ്യനായിരുന്നു. അതാ ദൈവം വേഗം വിളിച്ചത്, കഷ്ടായിപ്പോയി.'' ഒരുത്തി സങ്കടത്തോടെ പറഞ്ഞു.

വേലുക്കുറുപ്പ് കിടപ്പിലാണെന്ന് കേട്ടിരുന്നു. മരിച്ചിട്ടുണ്ടാകും. പോയി നോക്കണോ ? വേണ്ട, മെഡിക്കൽ ഷോപ്പിന്ന് മരുന്ന് വാങ്ങി വരുമ്പോൾ കയറാം. കുറുപ്പിന്റെ അസുഖമെന്താണെന്ന് പോലും ഇതുവരെ തിരക്കിയിട്ടില്ല. മാസത്തിലൊരിക്കൽ രണ്ട് ദിവസത്തെ ലീവിന് തമിഴ്നാട്ടിന്ന് വീട്ടിലെത്തുമ്പോഴേക്കും ഇരുട്ടും. ഉള്ള സമയം മക്കളോടൊത്ത് കൂടും. അതിനിടയിൽ വേറൊന്നിനും സമയം കിട്ടില്ല.

പലചരക്ക് കടയിൽ ശങ്കരനും ഗോപാലേട്ടനും ഇരിക്കുന്നത് കണ്ടു. ആരും അറിഞ്ഞിട്ടില്ലെന്ന് തോന്നുന്നു.

"അറിഞ്ഞില്ലെ നമ്മുടെ വേലുക്കുറുപ്പ് മരിച്ചു...''

"അയ്യോ, കഷ്ടായല്ലോ.''

കടയിലുള്ളവരൊക്കെ പുറത്തേക്കിറങ്ങി. മരണവാർത്ത പലരോടും പറഞ്ഞ് ദുഃഖം പങ്കിട്ടു. വാർത്ത കാട്ടുതീ പോലെ പടർന്നു. രാഷ്ട്രീയ പ്രവർത്തകനും, പഴയ സ്വാതന്ത്ര്യസമരസേനാനിയുമായ അദ്ദേഹത്തിന് ആദരാഞ്ജലികളർപ്പിക്കാനായി പലരും റീത്തുമായി കുറുപ്പിന്റെ വീട്ടിലേക്ക് യാത്ര തിരിച്ചു.

ചെവി വേദനയ്ക്കുള്ള മരുന്നും വാങ്ങി വീട്ടിലേക്ക് നടക്കുന്ന വഴി വേലുക്കുറുപ്പിന്റെ വീടിന് മുന്നിലും, മുറ്റത്തുമായി മരണവാർത്തയറിഞ്ഞെത്തിയ ധാരാളമാളുകൾ കൂടിനിൽക്കുന്നത് കണ്ടു. മരണാനന്തര ചടങ്ങുകൾക്കുള്ള ഒരുക്കത്തിലാവും. അവരുടെ അടുത്തെത്തിയപ്പോഴാണ് ശ്രദ്ധിച്ചത്. എല്ലാവരുടേയും നോട്ടം തന്റെ നേർക്കാണ്. കൂട്ടത്തിൽ നിന്ന് വേലുക്കുറുപ്പിന്റെ മകൻ അപ്പുണ്ണി മുന്നിലേക്ക് വന്നു.

"എന്ത് തോന്ന്യാസാടോ താൻ പറഞ്ഞുനടക്കുന്നത്. എന്റെ അച്ഛൻ മരിച്ചെന്ന് തന്നോടാരാ പറഞ്ഞത് ?''

അപ്പുണ്ണി ഷർട്ടിന്റെ കോളറിൽ പിടിച്ച് വലിച്ചിട്ടു. ആകെ പതറിപ്പോയി. എന്താണ് സംഭവിക്കുന്നതെന്നറിയാതെ അന്ധാളിച്ചുനിന്നു. ആളുകൾ ചുറ്റും കൂടി.

"ഇവനെയൊക്കെ തല്ലിക്കൊല്ലുകാ വേണ്ടത്.'' അപ്പുണ്ണി തല്ലാൻ കൈയോങ്ങി. പിറകിൽ നിന്ന് ആരോ പിടിച്ചുമാറ്റിയതുകൊണ്ട് അടി കൊള്ളാതെ രക്ഷപ്പെട്ടു. ഗോപാലേട്ടനും ശങ്കരനും കൈപിടിച്ച് വലിച്ച് പുറത്തേക്ക് കൂട്ടിക്കൊണ്ട് പോയി. എന്താണ് സംഭവിച്ചതെന്ന് പറയാൻ പറഞ്ഞു. ഉണ്ടായ സംഭവങ്ങൾ പറഞ്ഞപ്പോൾ അവർ രണ്ടുപേരും ചിരിച്ചു.

പിന്നീടാണ് കാര്യങ്ങൾ വ്യക്തമായത്. വൈകുന്നേരത്തെ ടി. വി. സീരിയൽ കാണാൻ സ്ഥിരമായി കുറുപ്പിന്റെ വീട്ടിലേക്ക് വരാറുള്ള കോളനിയിലെ പെണ്ണുങ്ങളാണ് കണ്ണുതുടച്ച് പുറത്തേക്ക് പോയത്. ടി. വി. യിൽ നിന്നുള്ള കരച്ചിലാണ് താൻ കേട്ട് തെറ്റിദ്ധരിച്ചത്.

കണ്ണുനീർ സീരിയൽ വരുത്തിവെച്ച അബദ്ധം ദേവികയോടും കുട്ടികളോടും പറഞ്ഞപ്പോൾ ചിരിയടക്കാനവർ പാടുപെട്ടു.

■ കഥ

## അഞ്ച് ഒറ്റവരിക്കഥകൾ



രാജു പാമ്പാടി
9446318743

1. ഇരുപത്തഞ്ചാമത്തെ പ്രണയവും പരാജയപ്പെട്ടപ്പോൾ, രജതജൂബിലി ആഘോഷത്തിന് അവൾ എല്ലാ പൂർവ്വകാമുകന്മാരേയും ക്ഷണിച്ചു.

2. ആകാശനക്ഷത്രങ്ങളുടെ ശോഭ കണ്ട് മുൾവേലിയിൽ തലപൊക്കി നിന്ന കാക്കപ്പൂവിന് അസൂയ തോന്നി.

3. മുഖ്യമന്ത്രിയുടെ മകനും പ്രതിപക്ഷനേതാവിന്റെ മകളും തമ്മിലുള്ള വിവാഹം പക്ഷ-പ്രതിപക്ഷ ബഹുമാനങ്ങളോടെ സമംഗളം നടന്നു.

4. ഊൺമേശപ്പുറത്തിരുന്ന വിശിഷ്ടവിഭവങ്ങളെ മറി കടന്ന് ഓടിയ പൂച്ച, അടുക്കളയിലിരുന്ന ഉണക്കമീൻ പാത്രത്തിലേയ്ക്ക് തലയിട്ടു.

5. എല്ലാ പത്രങ്ങളും വായിച്ചുകഴിഞ്ഞപ്പോൾ, ആട് പട്ടിയാണെന്നും പട്ടി ആടാണെന്നും തോന്നി.

■അനുഭവം

# നേരിൽ

രത്നകുമാരി എൻ
7510457345, 9656335282

**പ**ന്ത്രണ്ട് വർഷം മുമ്പാണ്. ബെല്ലാരിയിലെ ഹഗരി ബൊമ്മനഹള്ളി; അവിടെ ആനന്ദദേവനഹള്ളി എന്ന സ്ഥലത്ത് മെറ്റൽ പതിച്ച റോഡരികിൽ ഒരു കുഞ്ഞുവീട്. ആ വീട്ടിലാണ് ഞങ്ങൾ താമസിച്ചിരുന്നത്. റോഡിന്റെ മറുവശം മല്ലികപൂന്തോട്ടവും, ചോള കൃഷിയും, കനകാമ്പരവും, ജമന്തിപ്പൂവും ഒക്കെയായി ഒറ്റയടിപ്പാടമാണ്. അവിടെ R.N.S. ഷെട്ടിയുടെ കമ്പനിയിൽ എന്റെ ഭർത്താവിന് വർക്കുള്ളതുകൊണ്ടാണ് ഞങ്ങൾ അവിടെ താമസിച്ചത്. R.N.S. ഷെട്ടിയെന്നാൽ കർണ്ണാടകയിലെ മുരുഡേശ്വരത്തിലെ ഗീതോപദേശം അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്നാണ്.

വീട്ടിനകത്ത് തൊട്ടിലിൽ കിടന്നുറങ്ങുകയാണ് കിച്ചു എന്ന എന്റെ മകൻ ക്രിജൽ. പനിയായതുകൊണ്ട് ഹോസ്പിറ്റലിൽ പോയി വന്നിട്ട് മരുന്നും കഴിച്ചിട്ട് ക്ഷീണിച്ചുറങ്ങുകയാണ്. രാത്രിയൊന്നും ഉറങ്ങിയിരുന്നുമില്ല. അവനെണീക്കുമ്പോഴേക്കും വീട്ടിലെ പണിയെല്ലാം ചെയ്തുതീർക്കട്ടെ എന്ന് കരുതി തുണി കഴുകുകയായിരുന്നു ഞാൻ. ഏട്ടൻ ഫോണിലൂടെ സംസാരിച്ചിരിക്കുന്നുണ്ടായിരുന്നു. ഡ്രസ് അലക്കുന്ന എന്നോട് തൊട്ടടുത്ത വീട്ടിലെ ഗംഗമ്മ ചോദിച്ചു: ''ഏയ് രത്നവ്വാ ബസവനിഗേ ഹേഗയിതേ ? ഡോക്ടർ ഏനന്ത്രൂ?'' (ബസവ എന്നുദ്ദേശിച്ചത് കിച്ചൂനെ തന്നെയാണ്. അതിൽ ഒരു കഥയും ഉണ്ട്.) ഞാൻ പറഞ്ഞു: ''പറവാകില്ലരീ... ഗംഗാമ്മാരേ... ക്ലൈമറ്റ് ബദിലായ്ത്തല്വാ. ആകാകീ ജ്വരബന്ധതഷ്ഠേയ ഈഗ മല്കിതാനേ... (ഗംഗമ്മ ചോദിച്ചത് രത്നക്കുട്ടീ കിച്ചൂന് എങ്ങനെയുണ്ട്. ഡോക്ടർ എന്തുപറഞ്ഞു എന്നും ഞാൻ പറഞ്ഞത് ഇപ്പോ കുഴപ്പമില്ല ഗംഗമ്മ, ക്ലൈമറ്റ് ചെയ്ഞ്ചിനാൽ പനി വന്നതാണ്. അവൻ ഉറങ്ങുകയാണിപ്പോ എന്നുമാണ്)

അങ്ങനെ പറഞ്ഞിരിക്കെ ഏട്ടൻ പെട്ടെന്ന് ''ടീ... പെണ്ണേ... ഉള്ളീക്കോടിക്കോ... കൊടുങ്കാറ്റ് വരുന്നു...' എന്ന് പറഞ്ഞു. ഞാൻ പെട്ടെന്ന് മനസ്സിലാക്കിയില്ല. തിരിഞ്ഞ് പാടത്തേക്ക് നോക്കുമ്പോൾ ചുവന്ന കടലല പോലെ മണ്ണ്കാറ്റ് വീശി വരുന്നത് കാണാൻ കഴിഞ്ഞു.

ഞാനും ഏട്ടനും കൂടെ ''കവിതക്കാ... മീനമ്മാ... ഗംഗമ്മാവരേ... ഉളഗെ ഓഗ്രീ ഗാളീ ബന്ദയ്ത്തൂ. ഓഗ്രീ'' എന്ന് വിളിച്ചു കൂകിയിട്ട് അകത്തേക്ക് ഓടിക്കയറി. അകത്ത് കിടന്നുറങ്ങുന്ന മകന്റെ തൊട്ടിലിനരികിൽ ഇരുന്ന് ഞാൻ കരച്ചിലായി. എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ ഞങ്ങടെ നാട്ടിൽവെച്ച് സംഭവിച്ചാമതി ഗുരുവായൂരപ്പാ, മഹാദേവാ എന്ന് പറഞ്ഞ് കരഞ്ഞുപോയി.

ഒരു ഇരുപത് മിനുട്ടോളം അലയടിച്ച മണ്ണുകാറ്റ് ജനങ്ങൾക്ക് ഒരാപത്തും വരുത്താതെ തമർന്നു. അടുത്ത് കെട്ടിയിട്ട കാളയുടേയും പശുക്കളുടേയും കൈകാലുകൾ മുറിഞ്ഞതും തൊഴുത്തുകളും വീടുകളുടെ കുറച്ചുഭാഗങ്ങൾ കേടുപാടു സംഭവിച്ചതും, കൂടാതെ R.N.S. കമ്പനിയിലെ ക്വാട്ടേഴ്സിന്റെ ഷീറ്റുകൾ പറന്നകന്ന് ദൂരെ പോയതും, അങ്ങനെ ചെറിയ ചെറിയ നഷ്ടങ്ങൾ ഒഴിച്ചാൽ വേറെ ആപത്തൊന്നും സംഭവിച്ചില്ല.

വീടിനകം മൊത്തം മണ്ണും പൊടിയുമായതുകൊണ്ട് വേഗം ഒരു വിധത്തിൽ ഞങ്ങളുടെ വീടൊക്കെ വൃത്തിയാക്കിയിട്ട് ഞാൻ തൊട്ടടുത്ത് ശാസ്താം കോട്ടയിൽ നിന്നും വന്ന് താമസിക്കുന്ന രമയുടെ വീട്ടിലേക്ക് ഓടി. അവളുടെ ഹസ്ബന്റിനന്ന് ജനറൽ ഷിഫ്റ്റായിരുന്നു. അവൾ വീട്ടിൽ എന്ത് ചെയ്തൂന്ന് അറിയാനുള്ള ആവലാതിയോടെയാണ് ഞാൻ പോയത്. അവടെ ചെല്ലുമ്പോൾ രമയുടെ ഹൗസ് ഓണറും ചുറ്റുമുള്ള കുട്ടികളുമൊക്കെ കൂടെ നിക്കണുണ്ടായിരുന്നു. ആകെ പേടിച്ചുപോയ ഞങ്ങൾ അന്യോന്യം സമാധാനിപ്പിച്ചിട്ട് പിരിഞ്ഞു. ഇതാണ് ഞങ്ങൾ നേരിൽ കണ്ട പ്രകൃതി ദുരന്തം. ●

■കഥ

# കൊഴിഞ്ഞ ഇതളുകൾ

പ്രേം മധുസൂദനൻ
9846822255


**സി**മന്റു കൊണ്ടു കെട്ടിയ വരികളിൽ ചെടിച്ചട്ടികൾ നിരത്തിവച്ചിട്ടുണ്ട്. പലതരം റോസകൾ പക്ഷെ ഒന്നിൽ പോലും പൂ വിരിഞ്ഞിട്ടുണ്ടായിരുന്നില്ല. ചില ചെടിയുടെ ചുവട്ടിൽ ഇതൾ കൊഴിഞ്ഞ പൂവുകൾ മണ്ണോടു ചേർന്നുകിടന്നിരുന്നു.

ലക്ഷ്മി ചുറ്റിനും കണ്ണോടിച്ചു. തെക്കുവശത്തെ ചെന്തെങ്ങിനടുത്തുള്ള പിച്ചിച്ചെടിയുടെ വള്ളികളിലേക്കു കണ്ണ് നീണ്ടുചെന്നു. ഒരു പക്ഷെ ഇന്നലെ രാത്രിയിലെ കാറ്റുകൊണ്ടാവാം, പിച്ചിച്ചെടിയിൽ വെള്ള മുത്തുകൾപോലെ പതുങ്ങിക്കിടക്കുന്ന ഒറ്റ പിച്ചിപ്പൂവുപോലുമില്ല.

കാൽമുട്ടിനു വല്ലാതെ വേദനയുണ്ട്. എങ്കിലും പതിയെ മതിൽക്കെട്ടിനരികിലെ കിളിഞ്ഞിലിൽ ചുറ്റിപ്പടർന്ന മുല്ലച്ചുവട്ടിലേയ്ക്കു നടന്നു. മുല്ലച്ചെടിയിൽ പച്ചമൊട്ടുകൾ വിടരാതെ നിൽക്കുന്നു. അവിടെയുമില്ല ഒരു പൂവു പോലും.

വാതിൽക്കലെ തുളസിത്തറയിൽ നിന്ന് തുളസിയിലകളുള്ള ഇളംതണ്ടുകൾ നുള്ളിയെടുത്തു ലക്ഷ്മി. വെള്ളനൂലെവിടെയാണ് വച്ചത്...? തയ്യൽ മെഷീനരികിലും അകത്തെ അലമാരയിലും പരതി നടന്നു.. അവസാനം കിട്ടി. ആർക്കും വേണ്ടാതെ മേശയുടെ അടിയിൽ അത് പതുങ്ങിക്കിടന്നിരുന്നു. കുനിഞ്ഞ് അതെടുക്കുവാൻ അവൾ നന്നേ പാടുപെട്ടു. അടുക്കിവച്ച തുളസിയിലകൾ ചേർത്തുകെട്ടി അവൾ പൂവു പോലെയാക്കി. കണ്ണുനിറഞ്ഞ്, അവൾ എന്റെയരികിലേക്കു വന്നു. ഇന്ന് പൂവില്ല കേട്ടോ ഇതേയുള്ളൂ...

മേശപ്പുറത്തെ മാല ചാർത്തിയ എന്റെ ഫോട്ടോയ്ക്കു മുമ്പിൽ സ്നേഹത്തോടെ അവളതു വച്ചു. കണ്ണുനീർ തുടയ്ക്കാനാവാതെ, ഒന്നു തൊടാനോ മിണ്ടാനോ ആവാതെ, ഞാൻ ആ ഫോട്ടോയിലിരുന്ന് അവളെ നോക്കി ചിരിച്ചു. ●



**മാമ്പുള്ളി രാജീവ് ബാലകൃഷ്ണൻ**
**9961070707**

# പകർന്നാട്ടം

അരങ്ങു തകർത്താടിയ
കഥാപാത്രങ്ങളായി, നീ
പല വേഷങ്ങളിട്ടു ...

നായകനും, പ്രതിനായകനുമായി
നീ നിറഞ്ഞാടിയത്
ഞങ്ങളിലെ വേഷങ്ങളായിരുന്നു
ഞങ്ങൾ തന്നെ ആയിരുന്നു ......

അറിഞ്ഞുകൊണ്ടും, തന്നെ മറന്നുകൊണ്ടും
മറക്കാതേയും നീ പകർന്നാടിയ
അനശ്വര ജീവബന്ധുക്കളെത്ര......

നീ,
മൊഴിക്കനം മാറ്റി, കളം മാറി
ഇടം മാറി, കാലം മാറി, വേഷം മാറി,
ഭാഷ മാറി പതറാതെ പകർന്നാടിയത്
ഞങ്ങളുടെ കിനാക്കളെ ....

നീ,
യുഗാന്തരങ്ങളുടെ പാലമായി
പകർന്നും, തന്നെ പകുത്തും
ഉയിരേറ്റിയ ജന്മസുകൃതം
പിന്നിട്ടത് പല ജന്മ വേഷങ്ങൾ: ......

ഞങ്ങൾ,
വേഷം മാറിയിട്ടും, മോക്ഷം കിട്ടാതെ
കാലം മാറിയിട്ടും, മനക്കോലം മാറാതെ
നാലതിരുകൾക്കപ്പുറം പൂക്കാതെ
നാളമായ് ഒരുചെറുതിരി പോലും തെളിക്കാതെ
നാളുകളുടെ നീളം കൂട്ടി, കോലം കെട്ടിയാടുന്നു

നീ ഉയിരിറ്റിയ വാക്ക് ജീവനൗഷധിയായ് ഞങ്ങളെ
പുനർജ്ജനിപ്പിക്കുന്നു

കാണുന്നു ഞങ്ങൾ,
കരുണയുടെ കടാക്ഷത്തിലലിഞ്ഞ്
വിശുദ്ധമാവുന്ന നിൻ സാധകം
ഉൾപ്പിണരായി തീരുന്ന നിൻ കനൽ ചിന്തകൾ
വേഷക്കാരനും, കാഴ്ചകൾക്കുമപ്പുറം
നിൻ ഉൾക്കണ്ണിൻ കാഴ്ചകൾ

നീ കർണ്ണഭാരം നല്കി സ്വതന്ത്രനായി
സമയ സ്ഥല രാശികളൊക്കെ ഭേദിച്ച്
കാലമറുത്ത് അതിരില്ലാതാക്കി
ഏകത്വമാർന്ന പ്രപഞ്ച മനസ്സായി
നീയില്ലാതായി.....

നിലാവിൻ നെയ്ത്തിരി വെട്ടത്തിൽ
പകർന്ന്, പടർന്ന് ഹൃദ്യം തുടരുക വിഭോ
അണി മുറിയാതെ അലയലയായി
ഞങ്ങളിൽ പടരും നിൻ പകർന്നാട്ടം.

***സമർപ്പണം : ഉയിർതപിച്ചുറവയായി തീരുന്ന കലാകാരന്മാർക്ക് .....***

■ കഥ

# തഥാസ്തു...



**അജയ് ബാലചന്ദ്രൻ**
**9895659050**

ഞാൻ: ഈശ്വരാ, ആകെ പ്രശ്നങ്ങളാണല്ലോ ഒരു പോംവഴിയും കാണുന്നില്ല, ജീവിതം ദുസ്സഹം.
ഈശ്വരൻ: ആണോ, എങ്കിൽ അങ്ങിനെ തന്നെ.
ഞാൻ: ഈശ്വരാ, ജീവിതം കുറേശ്ശെ മെച്ചപ്പെടുന്നുണ്ടോ എന്നൊരു സംശയം. ഇനിയുള്ള ജീവിതവും ഇതുപോലെത്തന്നെ തട്ടിയും മുട്ടിയും അങ്ങ് പോയാമതിയായിരുന്നു.
ഈശ്വരൻ: ആണോ, എങ്കിൽ അങ്ങിനെ തന്നെ.
ഞാൻ: ഈശ്വരാ, എന്താ ഇത്? എന്ത് ചോദിച്ചാലും ഒരേ മറുപടി?
ഈശ്വരൻ: ആണോ, എങ്കിൽ അങ്ങിനെ തന്നെ.
ഞാൻ: ഈശ്വരാ, ആരു പറഞ്ഞു നിങ്ങൾ കാരുണ്യവാനാണെന്ന്? നിങ്ങൾക്കറിയാമോ മാനവർ മാനവികത വെടിഞ്ഞു പരസ്പരം പൊരുതുന്നത് നിങ്ങളുടെ പേരിലാണ്.
ഈശ്വരൻ: ആണോ, എങ്കിൽ അങ്ങിനെ തന്നെ.
ഞാൻ: ഈശ്വരാ, നീ അജ്ഞനാണോ?
ഈശ്വരൻ: ആണോ, എങ്കിൽ അങ്ങിനെ തന്നെ.
ഞാൻ: ഈശ്വരാ, അല്ല അവിടുന്ന് സർവ്വജ്ഞനാണ്. പരമപവിത്രമായ അവിടുത്തെ ഊർജ്ജം ഞങ്ങളിലൂടെ പ്രവഹിച്ചു ഞങ്ങളെ കർമ്മം ചെയ്യുവാൻ പ്രാപ്തരാക്കുന്നു.
ഈശ്വരൻ: ആണോ, എങ്കിൽ അങ്ങിനെ തന്നെ.
ഞാൻ: ഈശ്വരാ, അവിടുത്തെ കൃപയാൽ ഏവർക്കും ആയുരാരോഗ്യസൗഖ്യം.
ഈശ്വരൻ: ആണോ, എങ്കിൽ അങ്ങിനെ തന്നെ.
ഞാൻ: ആത്മഗതം: ഇപ്പൊ ടെക്നിക്ക് പിടികിട്ടി!
ഈശ്വരൻ: അതെ, അങ്ങിനെ തന്നെ.

■ കഥ

# അമ്മ




ടി. വി. ഹരികുമാർ
9446118387


"നീ എത്തില്ലേ വിശ്വാ..."

"വരാമമ്മേ."

അമ്മയുടെ വിളിപ്പുറത്ത് ഞങ്ങൾ നാലുപേരും തറവാട്ടിലൊത്തുകൂടും. അച്ഛന്റെ മരണശേഷം അമ്മ ദുഃഖിതയായിരുന്നു. മുപ്പതു വർഷം അദ്ധ്യാപക ദമ്പതികളായി ജീവിച്ചു. ജീവിതത്തിൽ മുഖം കറുത്തൊന്നും പരസ്പരം ഞങ്ങൾ പറഞ്ഞിട്ടില്ല എന്ന് അമ്മ മരുമക്കളെ ഓർമ്മിപ്പിച്ചു. തറവാട്ടിൽ ഏത് പാതിരാത്രി കയറിവന്നാലും ഒരുപിടി ചോറ് എല്ലാവർക്കും അമ്മ കരുതി. സെറ്റു സാരി മാത്രമാണ് അമ്മ ജീവിതത്തിൽ ഉടുത്തിട്ടുള്ളത്. കാണാനുള്ള ഐശ്വര്യം കൊണ്ടുകൂടിയാവാം സരസ്വതി ടീച്ചർ താമരപ്പൂവിൽ ഇരിക്കുന്നില്ലെന്നേയുള്ളു, എല്ലാം കൊണ്ടും സരസ്വതി തന്നെയെന്ന് സഹ അദ്ധ്യാപകർ പറഞ്ഞത്. സർക്കാർ ഭക്ഷണം ഏർപ്പെടുത്തുന്നതിനുമുന്നേ തന്നെ വിശക്കുന്ന കുട്ടികൾക്ക് അന്നമൂട്ടിയതിനാലാം ചില കുട്ടികൾ ഉന്നത പദവിയിൽ വിരാജിക്കുമ്പോഴും സരസ്വതിയമ്മ ടീച്ചറെ കാണുമ്പോൾ ഉടൻ ഭവ്യതയോടെ അടുത്തെത്തി കുശലം പറയുന്നത്. സ്വത്ത് വീതംവെയ്പ്പ് അച്ഛന്റെ മരണത്തിനുമുന്നേ തന്നെ നടത്തിയിരുന്നു. ഇളയ അനുജന് ഒരല്പം കുറവുവന്നു എന്ന് തോന്നിയതിനാലാവാം നീ കുടുംബത്ത് നിൽക്ക്, നിന്റെ ചെലവും കുട്ടികളുടെ പഠിത്തവും ഞാൻ നോക്കിക്കൊള്ളാമെന്ന് അമ്മ പറഞ്ഞത്. ചേച്ചിയുടെ ഭർത്താവുമായി വഴക്കുകൂടി തല്ലിന്റെ വക്കത്തെത്തിയപ്പോൾ നടുക്ക് അമ്മ കയറി. എന്നെ തല്ലിക്കൊന്നുകൊള്ളു. അതുകഴിഞ്ഞ് മതി ബാക്കിയെന്നുപറഞ്ഞ് അമ്മ ഇടപെട്ടു. ജോലിയും പദവിയും ഒക്കെയുണ്ടെങ്കിലും തറവാട്ടിലെത്തി ഒരുപിടി ചോറുണ്ണണം എന്ന നിബന്ധന അമ്മ വച്ചപ്പോൾ എല്ലാവരും അനുസരിച്ചു. നാലുമണിക്കേ ഉണർന്ന് അടുക്കളയിൽ കയറി. കറിക്കരിഞ്ഞ്, കഞ്ഞി തിളപ്പിച്ച് എഴുപത്തിയാറാം വയസ്സിലും അമ്മ അത്ഭുതപ്പെടുത്തി. ചെറിയൊരു പനിയായിരുന്നു. അതിപ്പോ, ഇനി ഈ തറവാട്ടിൽ ഒരൊത്തുകൂടൽ എന്നുമുണ്ടാകുമോ ? സംശയമാണ്. വിശ്വാ... പോയി കുളിച്ചുവന്നോളു. കർമ്മിയുടെ വിളിയാണ് ചിന്തയിൽ നിന്നുണർത്തിയത്. കൊള്ളിതോർത്തു വാങ്ങി കുളത്തിൽ മുങ്ങിക്കുളിച്ചുവന്നപ്പോഴും ആരും പരസ്പരം മിണ്ടിയില്ല. കർമ്മിയുടെ മുറവും തീ ചൂട്ടും പിടിച്ച് മുന്നോട്ടുപോകുന്ന യാത്രയ്ക്കൊപ്പം ഒത്തുചേർന്ന് അമ്മയുടെ ശവം ഉയർത്തുമ്പോഴും വിശ്വന് തോന്നി. പുഞ്ചിരിച്ചുകൊണ്ട് സരസ്വതി ടീച്ചർ പറയുന്നു – "വിശ്വാ... വിരൽ ചേർത്തുപിടിച്ചുയർത്തിക്കൊള്ളു. ഒരുമിച്ചുനിൽക്ക്..." അതാണമ്മ ആഗ്രഹിക്കുന്നത്.

●

■ കഥ




ഉല്ലല ബാബു
9645267545, 9349793355


## നാൽക്കവല

**നാ**ൽക്കവലയിൽ ഒരു ആൾക്കൂട്ടം. നോക്കണോ ? അയാൾ സംശയിച്ചുനിന്നു. വേണ്ട വീട്ടിൽ പോകാം – മനസ്സ് മന്ത്രിച്ചു. വല്ല ആക്സിഡന്റും ആയിരിക്കും. എപ്പോഴും ഉള്ളതാണ്. രണ്ടും മൂന്നും ദിവസം കൂടുമ്പോൾ ഏതെങ്കിലും ഒരു ചെറുപ്പക്കാരൻ അവിടെ ഗുരുതി കൊടുക്കും. അങ്ങനെ എന്തോ ആണ്. അയാൾ ഒന്നും ഗൗനിക്കാതെ നടന്നു. അല്ലെങ്കിൽത്തന്നെ ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടുന്നത് എന്തിന് ?

വീട്ടിലെത്തി ഭാര്യ കൊടുത്ത കട്ടൻ ചായ ഊതിക്കുടിക്കുന്നതിനിടയിൽ അയാൾ ചോദിച്ചു – "അവൻ എന്തിയേ ?"

"ഒന്നും പറയേണ്ട. നിങ്ങൾ വരുമ്പോൾ ചായ തരണ്ടേ. ഇവിടെ പാൽ ഒട്ടും ഇല്ല. ഒരു കവർ പാൽ വാങ്ങാൻ വിട്ടതാ. സമയം എത്ര ആയി എന്നറിയാമോ ? അവനെ ഇതുവരെ കണ്ടില്ല."

ഭാര്യ പറഞ്ഞുതീരും മുമ്പേ ചായക്കപ്പ് അവിടെ വച്ചിട്ട് അയാൾ എഴുന്നേറ്റു. അയാൾ നാൽക്കവലയിലേയ്ക്ക് നടന്നു.

## ഇരുട്ട്

തന്നെ ദർശിക്കാൻ വന്ന വിശ്വാസികളും, അവിശ്വാസികളും, കാവൽഭടന്മാരും തമ്മിൽ പൊരിഞ്ഞ തല്ല്, വഴക്ക്. ഇവരിൽ നിന്ന് എങ്ങനെ രക്ഷപെടും ? – ദൈവം ചിന്തിച്ചു. നല്ല ഇരുട്ടിൽ ഓടി ഒളിക്കണം. എവിടെയാണ് പറ്റിയ സ്ഥലം ? ദൈവം ആലോചനയായി. ഒടുവിൽ കണ്ടെത്തി – മനുഷ്യമനസ്സ്. അവിടെ ആണല്ലോ ഏറ്റവും കൂടുതൽ ഇരുട്ട്. അവർ സ്വയം തിരിഞ്ഞുനോക്കാറില്ലല്ലോ !

●

# എങ്കിലും കുഞ്ഞാടേ...


സൈനുദീൻ മുണ്ടക്കയം
9947253006

**ഞാ**യറാഴ്ച കാലത്ത് ആറുമണിക്കുതന്നെ കുർബാന ആരംഭിച്ചു. അതിരാവിലെ വിശ്വാസികളുടെ എണ്ണം കൂടിയിട്ടുണ്ട്. രണ്ടാം കുർബാനയ്ക്കെത്തുന്ന പലരും ഇന്നുനേരത്തേതന്നെയെത്തിയിരിക്കുന്നു. ഭയഭക്തിയോടെ ജനങ്ങൾ പ്രാർത്ഥനാവാക്യങ്ങളുരുവിട്ട് ധ്യാന നിരതരായി കണ്ണുകളടച്ച്, മനസ്സ് ക്രൂശിതനായ കർത്താവായ യേശുവിൽ അർപ്പിച്ച് പ്രാർത്ഥനയിൽ ലയിച്ചിരിക്കുന്നു. ചിലർ, സ്വയം മറന്ന് കണ്ണീരണിഞ്ഞ്, അവരുടെ ദുഃഖങ്ങൾ ദൈവത്തിങ്കൽ സമർപ്പിച്ച് ആശ്വാസത്തിനായി കേഴുന്നു.

പുരോഹിതൻ, തന്റെ മുന്നിൽ നിൽക്കുന്നവരെ വീക്ഷിച്ചു. അദ്ദേഹം അതീവദുഃഖിതനും, അസ്വസ്ഥനുമായിരുന്നു. ഇടയ്ക്കിടെ നാഴികമണിയുടെ സൂചികളിലേക്ക് കണ്ണോടിക്കുകയും വേവലാതിപ്പെടുകയും ചെയ്തു.

സമയം ഏഴുമണി. ഇനിയുള്ള ഓരോ സെക്കന്റുകളും നിർണ്ണായകമാണെന്നോർത്ത് വ്യഥിതനായി. യാന്ത്രികമായി പ്രാർത്ഥനയിൽ പങ്കുചേരുന്നുവെന്നേയുള്ളു. മനസ്സ് സംഘട്ടനാത്മകമായി തുടിക്കുന്നു. എത്രയും പെട്ടെന്ന് ചടങ്ങുകൾ അവസാനിപ്പിച്ച്, തന്റെ മുന്നിൽ നിൽക്കുന്ന കുഞ്ഞാടുകളെ ദേവാലയത്തിനു പുറത്തെത്തിക്കണം... എന്താണൊരു വഴി ?

ഇന്നലെ രാത്രി, നിരാശനും വൈരാഗിയുമായ ചെറുപ്പക്കാരൻ, പള്ളിമേടയിൽ വന്ന് നിർബന്ധപൂർവ്വം കുർബാന കൈക്കൊണ്ടു. അവൻ പറഞ്ഞത് സത്യമെങ്കിൽ അത് സംഭവിക്കും. എല്ലാം തകർന്നു തരിപ്പണമാകും. അനേകരുടെ ജീവൻ നഷ്ടമാകും. ദുരന്തം ഒഴിവാക്കാൻ താൻ നടത്തിയ പരിശ്രമങ്ങൾ എല്ലാം പരാജയപ്പെട്ടു. ഇനിയെല്ലാം കർത്താവിന്റെ തിരുവുള്ളം പോലെ...!



7.30ന് അത് സംഭവിക്കാം. അതിനുമുമ്പ് എന്തെങ്കിലും ചെയ്തേ പറ്റൂ. വരാൻ പോകുന്ന ദുരന്തത്തിന്റെ സൂചന എങ്ങനെ ഈ മനുഷ്യരിലെത്തിക്കും ? പുരോഹിതൻ വിശദമായി ഒരിക്കൽ കൂടി വീക്ഷിച്ചു. ചെറുപ്പക്കാരൻ സൂചിപ്പിച്ച പെൺകിടാവും മാതാപിതാക്കളും എത്തിയിട്ടുണ്ട്. അവനെ കാണാനായില്ല. ആബാലവൃന്ദം ജനങ്ങളാണ് മുന്നിൽ. അവരെ രക്ഷിക്കാൻ മിശിഹാ തമ്പുരാൻ ഒരു വഴി കാട്ടിത്തരണേയെന്ന് ഉള്ളുരുകി പ്രാർത്ഥിച്ചു.

‘കുമ്പസാര രഹസ്യം’ അത് പരിശുദ്ധവും പരിപാവനവുമായ കൂദാശയാണ്. തന്നിലർപ്പിക്കപ്പെട്ട കടമകൾ അവസാന നിമിഷം വരെ കാത്തുസൂക്ഷിക്കാൻ നിർബന്ധിതനും ബാദ്ധ്യതപ്പെട്ടവനുമാണ്. ഒരു കാരണവശാലും ആ രഹസ്യം വെളിപ്പെടുത്താൻ തനിക്കനുവാദമില്ലെന്നോർത്ത് ധർമ്മസങ്കടത്തിലകപ്പെട്ടിരിക്കുന്നു. കടമകൾ നിറവേറ്റപ്പെടുകയും, തന്റെ നിയോഗം വ്യർത്ഥമാകാതിരിക്കപ്പെടുകയും വേണം.

പ്രാർത്ഥനാനിർഭരതയിൽ സർവ്വം മറന്നുനിൽക്കുന്നവരിൽ വരാൻ പോകുന്ന, സംഭവിക്കാൻ പോകുന്ന, മഹാദുരന്തത്തിന്റെ സൂചന എങ്ങനെയെത്തിക്കും. മനസ്സിൽ തീയ്യാളുകയാണ്. കർത്താവേ ! മാപ്പ് എന്ന് മനസ്സിലുറപ്പിച്ച് പുരോഹിതൻ മറ്റൊരു ചിന്തയ്ക്കും ഇടം കൊടുക്കാതെ ഉറഞ്ഞുതുള്ളുവാനും പ്രവചനങ്ങൾ പുറപ്പെടുവിക്കാനും തുടങ്ങിയത് വിശ്വാസികളിൽ അത്ഭുതവും അമ്പരപ്പും ഉളവാക്കി.


“ലോകമേ... ശ്രദ്ധിക്കുക, ശ്രദ്ധിക്കുക. കർത്താവെന്നോടു കല്പിക്കുന്നു. ഒരു മഹാദുരന്തത്തിന്റെ ആഗമനമറിയിക്കുവാൻ. ആദിയിൽ വചനവും പിന്നീട് രൂപവുമുണ്ടായി. ദൈവത്തിനുസ്തോത്രം സ്തോത്രം... പ്രളയജലധിയിൽ രക്ഷകനായി നോഹ വന്നു. പിന്നീട് ലോകരക്ഷകനായി യേശുക്രിസ്തു അവതരിച്ചു... ഇന്നിതാ മറ്റൊരു ദുരന്തം നമ്മെ ഏവരേയും വിഴുങ്ങാൻ വായ് പിളർന്ന് വരുന്നു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ നാമത്തിൽ ആവശ്യപ്പെടുന്നു... രക്ഷപ്പെടുക... രക്ഷപ്പെടുക. എത്രയും പെട്ടെന്ന് ദേവാലയം വിട്ടോടുക... അടുത്ത നിമിഷം നമ്മളിലെത്രപേർ ജീവനോടിരിക്കുമെന്നറിയില്ല. ആകയാൽ ജനമേ ഓടുക, ജീവരക്ഷയ്ക്കായ് പായുക.”

വിശ്വാസികൾ ഇതികർത്തവ്യതാമൂഢരായി തരിച്ചുനിന്നു. പുരോഹിതന്റെ ചെയ്തികൾ അവർക്ക് അവിശ്വസനീയവും അപ്രതീക്ഷിതവുമായിരുന്നല്ലോ. പുരോഹിതന് വെളിപാടുണ്ടായതായി നിശ്ചയിച്ച് പാട്ടും പ്രാർത്ഥനയും ശക്തമാക്കി. പുരോഹിതൻ കൂടുതൽ അസ്വസ്ഥനാകുകയും തന്റെ നിസ്സഹായാവസ്ഥയിൽ നിരാശനാകുകയും ഉറക്കെ കരയുകയും ചെയ്തു. അദ്ദേഹം വിശ്വാസികളെ ആട്ടിയോടിക്കാൻ ശ്രമം തുടങ്ങി. ജനം അദ്ദേഹത്തെ തടയാനും ശാന്തനാക്കാനും ശ്രമിച്ചു പരാജിതരായി.

സമയം ഏഴ് ഇരുപത്. പുരോഹിതൻ കൂടുതൽ അസ്വസ്ഥനും അക്രമാസക്തനുമായി കാണപ്പെട്ടു. അവർ അദ്ദേഹത്തെ ബലമായി പിടിച്ചുകെട്ടി ആശുപത്രിയിലെത്തിച്ചു. അദ്ദേഹം ഭയന്നതൊന്നും പിന്നീട് സംഭവിച്ചില്ല. സംഭവിച്ചത് മറ്റൊന്നാണ്. പുരോഹിതൻ മനോരോഗാശുപത്രിയിലാക്കപ്പെട്ടു. കുമ്പസാര രഹസ്യം വെളിപ്പെടുത്താനാകാതെ... നിസ്സഹായനായി...! അദ്ദേഹം മനസ്സിലോർത്തു ചെറുപ്പക്കാരന്റെ ആഗ്രഹപൂർത്തിക്കു തടയിട്ട തന്നോടവന് പ്രതികാരദാഹമുണ്ടാകാം. ഒരുപക്ഷെ... ഇല്ല... എങ്കിലും... കുഞ്ഞാടേ...! അദ്ദേഹം പ്രാർത്ഥനയിൽ മുഴുകി.

■ ദൈവനാമത്തിൽ

# നാം ഒന്നാണ്



**മുഹമ്മദ് കനി**
8157874953

**എ**ല്ലാ പ്രപഞ്ചഘടകങ്ങൾക്കും കാരണഭൂതനായ ജഗദീശ്വരൻ (അല്ലാഹു) നമ്മോട് പറയുന്നു, 'ഞാൻ ഏകനും, അഖില ചരാചരങ്ങളുടേയും ദൈവവുമാണെന്ന്. ഈ ഭൂമിയിലുള്ള എല്ലാ മനുഷ്യർക്കും എന്റെ സൃഷ്ടികളും എന്നിലേക്ക് മടങ്ങുന്നവരുമാണെന്ന്. എന്നാൽ നാമത് മനസ്സിലാക്കാതെ മതത്തിന്റേയും ജാതിയുടേയും പേരിൽ ഭിന്നിയ്ക്കുന്നു, കലഹിക്കുന്നു, കൊലപാതകങ്ങൾ നടത്തുന്നു. ഈശ്വരന്റെ ഇഷ്ടക്കാരാവാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യർ കുറ്റവാളികളും, ശിക്ഷാർഹരുമായി മാറിക്കൊണ്ടിരിയ്ക്കുകയും ചെയ്യുന്നു. ഓരോ മതവിഭാഗത്തിനും ഓരോ ദൈവങ്ങളുണ്ടെന്ന് കരുതിക്കൊണ്ട് നാം പ്രവർത്തിക്കുന്നു. സത്യം മനസ്സിലാക്കാൻ നാം ശ്രമിയ്ക്കാറില്ല. ലോകത്ത് നടക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും കാരണം ദൈവത്തെ വേണ്ടവിധം മനസ്സിലാക്കാതെയുള്ള പ്രവർത്തനഫലമാണ്. താഴെ കൊടുത്തിരിയ്ക്കുന്ന ദൈവ വചനങ്ങൾ ശ്രദ്ധിക്കുവാൻ താല്പര്യപ്പെടുന്നു.

അവന് തുല്യമായി ലോകത്തിലാരുമില്ല. അവിടുത്തോട് ആജ്ഞാപിയ്ക്കാനാരുമില്ല. അവിടുത്തേയ്ക്ക് ദൃശ്യമായ അടയാളവുമില്ല. സർവ്വത്തിന്റേയും കാരണ കർത്താവായ അവന് കാരണക്കാരനായി ആരുമില്ല. അവിടുത്തേയ്ക്ക് ജനയിതാവോ, അധിപതിയോ ആയി ആരുമില്ല. (ശ്വേതരതരോപനിഷത്ത് 6:5)

ദൈവത്തിന് പ്രതിമയോ, രൂപമോയില്ല. അവൻ അരൂപനും പരിശുദ്ധനുമാണ്. (യജുർ വേദം 32:3, 40:8)

ഇസ്രായലേ കേട്ടാലും, നമ്മുടെ ദൈവമായ കർത്താവത്രെ ഏക കർത്താവ്. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടേയും പൂർണ്ണ ആത്മാവോടും പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കണം. (വിശുദ്ധ ബൈബിൾ ആവർത്തനം 6:4)

മുകളിൽ ആകാശത്തിലോ, താഴെ ഭൂമിയിലോ, ഭൂമിക്കടിയിലോ, ജലത്തിലോ ഉള്ള ഒന്നിന്റേയും പ്രതിമയോ, സ്വരൂപമോ, നീ നിർമ്മിയ്ക്കരുത്. അവയ്ക്ക് മുമ്പിൽ പ്രണമിയ്ക്കുകയോ, ആരാധിയ്ക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഞാൻ നിന്റെ ദൈവമായ കർത്താവ് അസഹിഷ്ണുവായ ദൈവമാണ്. (പുറപ്പാട് 20:45)

'നബിയേ (പ്രവാചകരേ) പറയുക. കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു (പ്രപഞ്ചനാഥൻ) ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ ആർക്കും ജന്മം നല്കിയിട്ടില്ല. (ആരുടേയും സന്തതിയായി ജനിച്ചിട്ടുമില്ല. അവന് തുല്യമായും ആരും ഇല്ലതാനും. (പരിശുദ്ധ ഖുർആൻ അദ്ധ്യായം 112)

'മനുഷ്യരേ ഒരു ഉദാഹരണമിതാ വിവരിയ്ക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചുകേൾക്കുക. തീർച്ചയായും അല്ലാഹുവിനുപുറമെ നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിനായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും ! ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്നും അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിയ്ക്കുന്നവനും, അപേക്ഷിക്കപ്പെടുന്നവനും ദുർബലൻ തന്നെ' (പരിശുദ്ധ ഖുർആൻ ഹജ്ജ് 73)

ഇതിൽ നിന്നും ലോകത്തെ എല്ലാ മനുഷ്യരേയും സൃഷ്ടിച്ചത് ഒരേയൊരു ദൈവമാണെന്നും അതുകൊണ്ടുതന്നെ നാമെല്ലാവരും ഒന്നാണെന്നും, സഹോദരി, സഹോദരന്മാരെപ്പോലെ ജീവിതം നയിച്ച് അവനിലേക്ക് മടങ്ങേണ്ടവരാണെന്നും നമുക്ക് മനസ്സിലാവുന്നു. ഈ 'ഏകതത്ത്വം' നമ്മുടെ ജീവിതത്തിൻ നടപ്പിൽ വരുത്തുവാൻ നാം ദൈവനാമത്തിൽ പ്രാർത്ഥിക്കാം, പരിശ്രമിയ്ക്കാം.

ദൈവത്തിനു സ്തുതി ●

■ കവിത

## മടക്കയാത്ര...



**ജിനു . പി**
9061101483, 8547589735

പിഴുതെറിഞ്ഞരാവും
ഒരു നാൾ
പുനർജ്ജനിക്കുമെങ്കിൽ,
ഒടുവിലായെത്തുന്ന
നിറമുള്ള പുഷ്പത്തിൽ
സുഗന്ധം നുകരുവാൻ
നീയുണ്ടായിരുന്നുവെങ്കിൽ,
ആറടിതാഴ്ച്ചയിൽ
അളവുകോലില്ലാതെ
ആഴത്തിൽ താഴ്ത്തിയ
സ്വപ്നകൂടാരമായ്
തകർന്നടിയുന്ന
അവസാനമാത്രയിൽ,
പുഞ്ചിരികൊണ്ട്
നിറവിളികൂട്ടുവാൻ
ഓടിയെത്തുക നീ...
കാത്തിരിക്കും ഞാൻ
പുഴുവരിച്ചലിയുന്ന
മടക്കയാത്രയുടെ
മങ്ങിയ വെളിച്ചത്തിൽ...



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001


# വാങ്ങുക... വായിക്കുക...

## ഏക തത്ത്വ പ്രസിദ്ധീകരിച്ച
## രണ്ടു പുതിയ പുസ്തകങ്ങൾ

**ഡോ. ആശ ജയകുമാർ കൈലാസിയുടെ**
**കൈലാസ-മാനസരോവർ-നേപ്പാൾ യാത്ര**
**വില 200 രൂപ**

**ശ്രീ. മുക്കം ഭാസിയുടെ**
**എന്റെ അഭിനയ സ്മരണകൾ**
**വില 175 രൂപ**






**പുസ്തകങ്ങൾ ലഭിക്കാനായി താഴെ കാണുന്ന വിലാസത്തിലേയ്ക്ക് മണിയോഡറോ ചെക്കോ ഡിഡിയോ ആയി പണം അയക്കാവുന്നതാണ്.**

**Eka Thathwa**
A-9, New Civil Nagar,
Behind Civil Station,
Palakkad 678001.

**ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ടും പണമടയ്ക്കാവുന്നതാണ്. ഞങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

M/s Eka Thathwa
SBI Current Account Number
**33077202787**
IFS Code: SBIN 0004925,
SBI Civil Station Branch,
Palakkad 678001.

**വി.പി.പി ആയും പുസ്തകം ലഭിക്കും. പണമടച്ചതിനുശേഷം അഡ്രസ്സ് 9446443321 എന്ന നമ്പറിലേയ്ക്ക് എസ്.എം.എസ് ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക.**

**ഏക തത്ത്വ മാസിക വരിക്കാരാവുക യഥാസമയം വരിസംഖ്യ പുതുക്കുവാൻ മറക്കാതിരിക്കുക !**

# കവിയച്ഛൻ

**കൂമ്പാറ ബേബി**
**(മുക്കം ഭാസി മാഷിന് സമർപ്പണം)**

ഒരുഗ്രാമപ്രണയത്തിന്റെ വിഹ്വലതകളെ
ഹൃദയധമനികളോടുചേർത്തുവെച്ച കവിയച്ഛൻ...
മുക്കത്തിന്റെ മണൽത്തരികളെ
ഹൃദയച്ചിമിഴിൽ ചേർത്തുവെച്ച് - ജീവരക്തം കലർത്തി
വൈഡൂര്യമാക്കിയ കവിയച്ഛൻ
'മുക്കം ഭാസി'യെന്ന കളിയച്ഛൻ.
'അരുണൻ കിഴക്കേ മലമുകളിൽ
അഴകിന്റെ പൊന്നിൻ പൊടിവിതറി'യെ-
ന്നെഴുതിത്തുടങ്ങിയ ഗുരുനാഥൻ
അറുപതു മുതൽ തുടങ്ങിയ രചനാസാകൂതം
തുടരുകയാണിന്നീ അഷ്ടമത്തിലും
പ്രിയ ഭാസി മാഷ്...
ആയുരാരോഗ്യസൗഖ്യം നേരുന്നു ഞാൻ
ദീർഘായുഷ്മാൻ ഭവഃ
എനിക്കെന്നുമൊരുസ്വന്തം
ജ്യേഷ്ഠസഹോദരൻ
പിതൃതുല്യൻ - പകരംവെയ്ക്കാനില്ലാത്ത കലാകാരൻ
മുക്കത്തെ പ്രണയിച്ച് - തന്റെ പേരോടുചേർത്തുവെച്ച
അതുലപ്രാഭവൻ
പ്രണമിപ്പൂതവമുമ്പിലീ സൗഹൃദം
അനുഗ്രഹിച്ചാലും ശ്രീ ധന്യാത്മൻ.
പൂക്കൾ പൊഴിക്കുമീ പൊന്നിലഞ്ഞിത്തണൽത്തിട്ടയിൽ
സ്വാഭിനയകാവ്യജീവിതം
ആലേഖിതമാക്കിയ പുസ്തകം ചുരുളഴിയവേ
അമ്പതാണ്ടിന്റെ കലയും കാര്യവും
സ്നേഹവും ത്യാഗവും
ഒന്നുചേർന്നു പുൽകി നിൽക്കുമീ
സായംസന്ധ്യയിൽ
ഇളവേൽക്കുമീ വാക്കുകൾക്കപ്പുറം
ഓതുന്നേൻ ഭാവുകം
ഹേ ! കവിയച്ഛാ...
ഓതുന്നേൻ ഭാവുകം
ഹേ... കവിയച്ഛാ...

**Published on 15/05/2019,RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 9, Issue 7, June 2019, Rs15/-**
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019



**For Typing, Designing, Printing and Publishing Contact**

# ഏകതത്വ

9446443321,9387118131

**Eka Thathwa assure you the quality and honesty in printing and publishing**

